Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം
# VACHAKAM

CHICAGO
Vol.5 / Issue 24/ Pages32
07
ജനുവരി 2026
ബുധനാഴ്ച
1201 ധനു 23

www.vachakam.com
canada@vachakam.com



02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World





Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം
VACHAKAM

CHICAGO
Vol.5 / Issue 24/ Pages 32
07
ജനുവരി 2026
ബുധനാഴ്ച
1201 ധനു 23

www.vachakam.com
canada@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World

## ട്രംപിന്റെ മാസ്റ്റർ പ്ലാൻ: വെനസ്വേലൻ എണ്ണയിലൂടെ
# ആഗോള വിപണിയെ നിയന്ത്രിക്കാൻ യു.എസ്



ലോകത്ത് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ സംഭരണമുള്ള വെനിസ്വേലയിലെ യു.എസ് നടപടി ആഗോള സാമ്പത്തിക ഘടനയെ മാറ്റിമറിക്കാൻ പര്യാപ്തമായ ഒരു രാഷ്ട്രീയ ഇടപെടൽ തന്നെയാണ്. യു.എസ് നടപടിയുടെ യഥാർഥ കാരണം എന്തെന്ന് ഇതിനകം തന്നെ ലോകം ചർച്ച ചെയ്തു കഴിഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ എണ്ണ സമ്പത്തുള്ള രാജ്യമാണ് വെനിസ്വേല. യു.എസ് വെനിസ്വേലയിലെ എണ്ണ സമ്പത്ത് കൈക്കലാക്കിയാൽ, അത് ആഗോള എണ്ണ വ്യാപാരത്തെയും വിലനിർണയത്തെയും രൂപപ്പെടുത്താനുള്ള യു.എസിന്റെ സ്വാധീനത്തെ ശക്തിപ്പെടുത്തുകയും ഊർജ വിപണികളിൽ ഡോളറിന്റെ പങ്ക് വിപുലപ്പെടുത്തുകയും അതുവഴി റഷ്യക്കും ചൈനക്കു മേൽ ആധിപത്യം സ്ഥാപിക്കാനാവുകയും ചെ

ശേഷം പേജ് 8ൽ

# ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളെ ബാധിക്കാവുന്ന റഷ്യ ഉപരോധ ബില്ലിന് ട്രംപിന്റെ അനുമതി



റഷ്യയുമായി വ്യാപാരം നടത്തുന്ന രാജ്യങ്ങളെ ലക്ഷ്യമിട്ട് കൊണ്ടുള്ള ഒരു പ്രധാന ഉപരോധ ബില്ലുമായി കോൺഗ്രസിൽ മുന്നോട്ട് പോകാൻ യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അനുമതി നൽകിയതായി റിപ്പബ്ലിക്കൻ സെനറ്റർ ലിൻഡ്സി ഗ്രഹാം അറിയിച്ചു. ഈ ബിൽ അടുത്ത ആഴ്ച തന്നെ കോൺഗ്രസിൽ വോട്ടിനായി അവതരിപ്പിക്കപ്പെടാൻ സാധ്യതയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ബുധനാഴ്ച ട്രംപുമായി കൂടിക്കാഴ്ച നടത്തിയതിന് ശേഷം പുറത്തിറക്കിയ പ്രസ്താവനയിലാണ് ഗ്രഹാം ഇക്കാര്യം വ്യക്തമാക്കിയത്. അതേസമയം ട്രംപ് ഈ നിയമനിർമാണത്തിന് ഔദ്യോഗികമായി അനുമതി നൽകിയതായും അദ്ദേഹം പറഞ്ഞു. ഈ ബിൽ മാസങ്ങളായി റിപ്പബ്ലിക്കൻ പാർട്ടിയിലെയും ഡെമോക്രാറ്റിക് പാർട്ടിയിലെയും അംഗങ്ങൾ ചേർന്ന് തയ്യാറാക്കി വരുന്നതാണ്. റഷ്യ യുക്രെയിനുമായി സമാധാന കരാർ ചർച്ചകൾക്ക് തയ്യാറാകാത്തതിന്റെ പശ്ചാത്തലത്തിലാണ് ഈ നിയമനിർമാണം കൊണ്ടുവരുന്നത്. 2022-ലാണ് റഷ്യ യുക്രെയിനെ

ശേഷം പേജ് 8ൽ

അധികാരം ജീവപര്യന്തം
(ഡോ. സെബാസ്റ്റ്യൻ പോൾ എഴുതുന്നു)
............................ പേജ് 06

ഇടത് ക്യാമ്പിൽ 'തുടരും' മോഹം; യു.ഡി.എഫിൽ 'സർവ്വംമായ'
............................ പേജ് 14

'സിസ്റ്റം തകരാർ' മുതലെടുക്കാൻ വിദേശ നിക്ഷേപം
............................ പേജ് 15

കടലിലേക്ക് പോകുന്ന നിഴൽ
............................ പേജ് 18

മൂന്നാമൂഴത്തിനുള്ള മുഖസ്തുതി ഉയരുമ്പോൾ ജനാധിപത്യത്തിന്റെ കളങ്കാവലിനൊരുങ്ങി ജനം
............................ പേജ് 24

രാഹുൽ ഗാന്ധിയുടെ തണലിൽനിന്ന് മാറുന്നോ പ്രിയങ്ക ഗാന്ധി..?
............................ പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ഗ്രീൻലാൻഡ് വിഷയത്തിൽ കടുപ്പിച്ചു ട്രംപ്; യൂറോപ്യൻ സഖ്യങ്ങളിൽ ആശങ്ക




യു.എസ്. വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ അടുത്ത ആഴ്ച ഡെൻമാർക്കിലെ നേതാക്കളുമായി കൂടിക്കാഴ്ച നടത്തുമെന്ന് ബുധനാഴ്ച അറിയിച്ചു. എന്നാൽ, ഗ്രീൻലാൻഡിനെ കൈവശപ്പെടുത്തണമെന്ന പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ലക്ഷ്യത്തിൽ നിന്ന് യു.എസ്. പിന്മാറില്ലെന്നും അദ്ദേഹം സൂചന നൽകി. ഈ നീക്കത്തിൽ ആശങ്ക പ്രകടിപ്പിച്ച് ഫ്രാൻസ്, ജർമനി ഉൾപ്പെടെയുള്ള യു.എസ്. സഖ്യരാജ്യങ്ങൾ ഇതിനുള്ള മറുപടി നല്കാൻ തയ്യാറാകുകയാണ് എന്നാണ് ലഭിക്കുന്ന വിവരം.

അതേസമയം വാരാന്ത്യത്തിൽ നടന്ന ഒരു യു.എസ്. സൈനിക ഓപ്പറേഷനിൽ വെനിസ്വേലയിലെ നേതാവിനെ പിടികൂടിയ സംഭവവും, ഗ്രീൻലാൻഡിനോടുള്ള യു.എസ്. ഉദ്ദേശങ്ങളെക്കുറിച്ചുള്ള ആശങ്കകൾ വീണ്ടും ഉയർത്തിയിട്ടുണ്ട്. എന്നാൽ, ഈ ഭയങ്ങൾ ശമിപ്പിക്കാൻ യു.എസ്. അധികൃതർ കാര്യമായ നടപടികൾ ഇതുവരെ എടുത്തിട്ടില്ല.

പ്രസിഡന്റ് ട്രംപിന് തന്റെ ലക്ഷ്യം നേടുന്നതിനായി സൈനിക മാർഗം ഉപയോഗിക്കാനുള്ള അവസരം ഇപ്പോഴും നിലനിൽക്കുന്നതായി റൂബിയോ മാധ്യമപ്രവർത്തകരോട് പറഞ്ഞു. 'ഞാൻ ഇപ്പോൾ ഒരു ഡിപ്ലോമാറ്റാണ്. ഞങ്ങൾ എപ്പോഴും പ്രശ്നങ്ങൾ വ്യത്യസ്ത മാർഗങ്ങളിലൂടെ പരിഹരിക്കാനാണ് ശ്രമിക്കുന്നത്. വെനിസ്വേല വിഷയത്തിലും അങ്ങനെ തന്നെയായിരുന്നു' എന്നാണ് നാറ്റോ സഖ്യത്തെ പോലും അപകടത്തിലാക്കുന്ന തരത്തിൽ ഗ്രീൻലാൻഡ് ബലമായി കൈവശപ്പെടുത്താൻ യു.എസ്. തയ്യാറാണോ എന്ന ചോദ്യത്തിന് മറുപടിയായി റൂബിയോ പറഞ്ഞത്.

ഡെൻമാർക്കിൽ നിന്നുള്ള, ഖനിജ സമ്പത്ത് നിറഞ്ഞ ആർക്ക്ടിക് ദ്വീപായ ഗ്രീൻലാൻഡ് യു.എസ്. സൈന്യം പിടിച്ചെടുക്കുന്നത്, നാറ്റോയിൽ വലിയ ഞെട്ടൽ സൃഷ്ടിക്കുകയും, ട്രംപും യൂറോപ്യൻ നേതാക്കളും തമ്മിലുള്ള ഭിന്നത കൂടുതൽ ആഴപ്പെടുത്തുകയും ചെയ്യും എന്നാണ് വിലയിരുത്തൽ. അതേസമയം ഈ വിഷയത്തിൽ യു.എസ്. കോൺഗ്രസിലും എതിർപ്പുകൾ ഉയർന്നിട്ടുണ്ട്. ഡെമോക്രാറ്റിക്, റിപ്പബ്ലിക്കൻ സെനറ്റർമാർ ചേർന്ന്, ട്രംപിന് ഗ്രീൻലാൻഡ് പിടിച്ചെടുക്കാൻ ശ്രമിക്കുന്ന അധികാരം നിയന്ത്രിക്കുന്നതിനുള്ള നിയമനിർമാണം അവസാനം സെനറ്റിൽ വോട്ടിനായി കൊണ്ടുവരുമെന്ന് അറിയിച്ചു.

യൂറോപ്പിനും വടക്കേ അമേരിക്കയ്ക്കുമിടയിൽ തന്ത്രപ്രധാനമായ സ്ഥാനത്തുള്ള ഗ്രീൻലാൻഡ്, പതിറ്റാണ്ടുകളായി യു.എസ്. ബാലിസ്റ്റിക് മിസൈൽ പ്രതിരോധ സംവിധാനത്തിന്റെ നിർണായക കേന്ദ്രമാണ്. ട്രംപ് ആദ്യമായി ഗ്രീൻലാൻഡ് സ്വന്തമാക്കണമെന്ന ആശയം 2019ൽ, തന്റെ ആദ്യ പ്രസിഡൻഷ്യൽ കാലയളവിലാണ് മുന്നോട്ടുവച്ചത്. ഡെൻമാർക്ക് ഗ്രീൻലാൻഡിനെ മതിയായ രീതിയിൽ സംരക്ഷിക്കുന്നില്ലെന്നാണ് ട്രംപിന്റെ വാദം. എന്നാൽ, 1951ലും 2023ലും ഒപ്പുവെച്ച രണ്ട് കരാറുകൾ വഴി

യു.എസ്. സൈന്യത്തിന് ഇതിനകം തന്നെ ദ്വീപിൽ വലിയ സ്വാതന്ത്ര്യവും പ്രവേശനാവകാശവും ലഭിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

അതേസമയം യൂറോപ്യൻ രാജ്യങ്ങളുടെ എതിർപ്പുകൾ നിലനിൽക്കുന്നതിനിടയിലും, ഗ്രീൻലാൻഡ് സ്വന്തമാക്കുന്നതിനുള്ള മാർഗങ്ങൾ - സൈനിക മാർഗം ഉൾപ്പെടെ - ട്രംപ് പരിഗണിച്ചുവരുന്നതായി വൈറ്റ് ഹൗസ് അറിയിച്ചു.

ഈ ആഴ്ച, യൂറോപ്പിലെ പ്രധാന രാജ്യങ്ങളും കാനഡയും ഗ്രീൻലാൻഡ് അവിടുത്തെ ജനങ്ങളുടെതാണെന്ന് വ്യക്തമാക്കി പിന്തുണ പ്രഖ്യാപിച്ചു. ഫിൻലാൻഡ് പാർലമെന്റിന്റെ വിദേശകാര്യ സമിതി അധ്യക്ഷൻ ജോഹന്നസ് കോസ്കിനൻ ഈ വിഷയം നാറ്റോയിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടു. നാറ്റോയുടെ തീരുമാനം കൈക്കുന്ന നോർത്ത് അറ്റ്ലാന്റിക് കൗൺസിൽ അടുത്ത വ്യാഴാഴ്ച ചേരാനിരിക്കെയാണ് ഈ ആവശ്യം.

ലോകത്തിലെ ഏറ്റവും വലിയ ദ്വീപായ ഗ്രീൻലാൻഡിന് വെറും 57,000 ആളുകളാണ് ജനസംഖ്യ. നാറ്റോയിലെ സ്വതന്ത്ര അംഗമല്ലെങ്കിലും, ഡെൻമാർക്കിന്റെ അംഗത്വത്തിലൂടെയാണ് അത് സംരക്ഷിക്കപ്പെടുന്നത്. അന്താരാഷ്ട്ര നിയമ ലംഘനങ്ങൾ എവിടെ നടന്നാലും ഇ.യു. അംഗീകരിക്കില്ലെന്നും ആവശ്യമെങ്കിൽ ഗ്രീൻലാൻഡിനും ഡെൻമാർക്കിനും പിന്തുണ നൽകുമെന്നും യൂറോപ്യൻ യൂണിയൻ കൗൺസിൽ പ്രസിഡന്റ് ആന്റോണിയോ കോസ്റ്റ പറഞ്ഞു.

## American Diary — 40 Years Ago

### US declares national emergency against Libya, citing threat to national security



On January 7, 1986, in the U.S., President Ronald Reagan issued an Executive Order declaring a national emergency and imposing economic sanctions against Libya due to threats to U.S. national security. While the infamous Space Shuttle Challenger disaster occurred later that month (January 28), January 7, 1986, marked these significant actions against Libya.

January 07, 1986

## എയർലൈൻ കമ്പനികൾക്ക് ആശ്വാസം: ഉപഭോക്തൃ സംരക്ഷണ പിഴ കുറയ്ക്കാൻ യുഎസ് നീക്കം

ഉപഭോക്തൃ സംരക്ഷണ നിയമങ്ങൾ ലംഘിക്കുന്ന എയർലൈൻ കമ്പനികൾക്ക് എതിരെ ചുമത്തുന്ന സിവിൽ പിഴകൾ കുറയ്ക്കാൻ യുഎസ് ഗതാഗത വകുപ്പ് പുതിയ മാർഗനിർദേശങ്ങളുമായി രംഗത്ത്. ഇതോടൊപ്പം, ബൈഡന്റെ ഭരണകാലത്ത് നടപ്പാക്കിയിരുന്ന കർശനമായ നടപടികൾ പിൻവലിക്കാനും വകുപ്പ് ആലോചിക്കുന്നു എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.

യുഎസ് ഗതാഗത വകുപ്പിന്റെ ഓഫീസ് ഓഫ് ഏവിയേഷൻ കൺസ്യൂമർ പ്രൊട്ടക്ഷൻ പുറത്തിറക്കിയ പ്രസ്താവനയിൽ, പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പുറപ്പെടുവിച്ച ഒരു എക്സിക്യൂട്ടീവ് ഓർഡർ ആണ് ഈ പുതിയ സമീപനത്തിന് അടിസ്ഥാനമെന്ന് വ്യക്തമാക്കുന്നു.

പുതിയ നിർദേശപ്രകാരം, നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ചുമത്തുന്നതിന് പകരം, സിവിൽ അവകാശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമങ്ങളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിലായിരിക്കും പ്രധാന ശ്രദ്ധ. ഗതാഗത വകുപ്പ് വ്യക്തമാക്കിയതനുസരിച്ച്, നിയമലംഘനം സംഭവിച്ചാൽ ആദ്യം മുന്നറിയിപ്പ് കത്ത് നൽകാനാണ് ശ്രമിക്കുക. ഈ മുന്നറിയിപ്പിലൂടെ എയർലൈൻ കമ്പനികൾക്ക് നിയമങ്ങൾ പാലിക്കാൻ അവസരം നൽകുക, പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുക എന്നിവയാണ് ലക്ഷ്യം. ഇതിന് ശേഷവും പ്രശ്നങ്ങൾ തുടരുന്നുവെങ്കിൽ മാത്രമേ കർശനമായ നിയമനടപടികളിലേക്ക് പോകുകയുള്ളൂ എന്നാണ് ലഭിക്കുന്ന വിവരം.

അതേസമയം 2023ൽ, അന്നത്തെ പ്രസിഡന്റ് ജോ ബൈഡൻ അധികാരത്തിലിരിക്കെ, ഉപഭോക്തൃ സംരക്ഷണ നിയമങ്ങൾ ലംഘിക്കുന്ന എയർലൈൻസിനെതിരെ കൂടുതൽ കർശന നടപടികളും ഉയർന്ന പിഴകളും ചുമത്തുമെന്ന് ഗതാഗത വകുപ്പ് വ്യക്തമാക്കിയിരുന്നു. എന്നാൽ ട്രംപ് ഭരണകൂടത്തിന്റെ പുതിയ നിർദേശത്തിൽ, പിഴകൾ നിയമലംഘനത്തിന്റെ ഗുരുതര അവസ്ഥയ്ക്കും അതിന്റെ ഫലങ്ങൾക്കും അനുപാതമായിരിക്കണം എന്നാണ് പറയുന്നത്. ഈ പുതിയ മാർഗനിർദേശങ്ങൾ 30 ദിവസത്തേക്ക് പൊതുജന അഭിപ്രായത്തിനായി തുറന്നുവെക്കും എന്നാണ് ലഭിക്കുന്ന വിവരം.

'ബൈഡന്റെ ഭരണകാലത്ത് ഗതാഗത വകുപ്പ് പ്രധാനമായും സർക്കാർ ഖജനാവ് സമ്പന്നമാക്കുന്ന പിഴകളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്, യാത്രക്കാരുടെ സംരക്ഷണത്തിൽ അല്ല' എന്നാണ് യുഎസ് ട്രാൻസ്പോർട്ടേഷൻ സെക്രട്ടറി ഷോൺ ഡഫിയുടെ വക്താവ് പ്രസ്താവനയിൽ വ്യക്തമാക്കിയത്. അമേരിക്കൻ ജനങ്ങളെ സംരക്ഷിക്കുന്നതാണ് ഞങ്ങളുടെ ഏറ്റവും വലിയ മുൻഗണന എന്നും അദ്ദേഹം കൂട്ടിചേർത്തു.




## 'യുഎസ് വിസ അവകാശമല്ല, ആനുകൂല്യം മാത്രം'; ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മുന്നറിയിപ്പ് നൽകി യുഎസ് എംബസി

ന്യൂഡൽഹി: യുഎസിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മുന്നറിയിപ്പ് നൽകി യുഎസ് എംബസി. യുഎസ് നിയമങ്ങൾ ലംഘിക്കുന്നവരോ ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് അറസ്റ്റ് ചെയ്യപ്പെടുന്നവരോ ആയ വിദ്യാർത്ഥികളുടെ വിസ റദ്ദാക്കുകയും അവരെ നാടുകടത്തുകയും ചെയ്യുമെന്ന് എംബസി അറിയിച്ചു. ബുധനാഴ്ച എക്സ് വഴിയാണ് ഈ മുന്നറിയിപ്പ് നൽകിയത്.

യുഎസ് നിയമങ്ങൾ ലംഘിക്കുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്താൽ നിലവിലുള്ള വിദ്യാർത്ഥി വിസ റദ്ദാക്കപ്പെടും. ഇത് നാടുകടത്തലിനും ഭാവിയിൽ യുഎസ് വിസ നേടുന്നതിന് സ്ഥിരമായ വിലക്കും ഏർപ്പെടുത്താൻ ഇടയാക്കും. യുഎസ് വിസ ഒരു അവകാശമല്ല, മറിച്ച് വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമായ ഒരു ആനുകൂല്യം മാത്രമാണെന്ന് എംബസി ഓർമ്മിപ്പിച്ചു.

കുടിയേറ്റ നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ഡൊണാൾഡ് ട്രംപ് ഭരണകൂടം സ്വീകരിക്കുന്ന കർശന നടപടികളുടെ ഭാഗമാണ് ഈ പുതിയ നിർദ്ദേശം. കഴിഞ്ഞ വർഷം മാത്രം യുഎസിലെ അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ എണ്ണം ഏകദേശം 17 ശതമാനം കുറഞ്ഞതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

എച്ച്-1ബി, എച്ച്-4 വിസ അപേക്ഷകർക്കും കഴിഞ്ഞ ആഴ്ച എംബസി സമാനമായ മുന്നറിയിപ്പ് നൽകിയിരുന്നു. വിസ ചട്ടങ്ങൾ ലംഘിക്കുന്നത് ക്രിമിനൽ കുറ്റമായി കണക്കാക്കുമെന്നും അധികൃതർ വ്യക്തമാക്കി.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

## റീ...പോളിംഗ്




*തിരുവനന്തപുരം കോർപ്പറേഷൻ സ്ഥിരം സമിതി തെരഞ്ഞെടുപ്പിൽ മുൻ ഡിജിപി ശ്രീലേഖയുടെ വോട്ട് അസാധുവായി*

# ഫൊക്കാനയുടെ ചരിത്രം തിരുത്തിയ രജിസ്ട്രേൻ : ഫൊക്കാന അന്തർദേശീയ കൺവെൻഷൻ റൂമുകൾ സോൾഡൗട്ട്!

ന്യൂയോർക്ക്: ഫൊക്കാനാ ഇന്റർനാഷണൽ കൺവെൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ കൺവെൻഷന് വേണ്ടി റിസർവ് ചെയ്തിരുന്ന റൂമുകൾ എല്ലാം തന്നെ സോൾഡ് ഔട്ട് അയി. ഇത് ഫൊക്കാനയുടെ ചരിത്രത്തിൽ സുവർണ്ണ നിമിഷം തന്നെയാണ്. ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കൺവെൻഷന് മാസങ്ങൾക്ക് മുൻപ് തന്നെ റിസർവ് ചെയ്ത റൂമുകൾ എല്ലാം തന്നെ സോൾഡ് ഔട്ട് ആകുന്നത് എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.




42 വർഷത്തെ പ്രവർത്തന പരിചയമുള്ളതും, ലോകത്തിലേക്കും ഏറ്റവും വലുതും പുരാതനവുമായ അമേരിക്കൻ കനേഡിയൻ മലയാളികളുടെ സംഘടനയായ ഫൊക്കാന ജനഹൃദയങ്ങളെ തിരിച്ചറിഞ്ഞ് അവരുടെ താൽപര്യാർത്ഥം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതു കൊണ്ടുതന്നെ സംഘടനയിലെ അംഗത്വം ദിനംപ്രതി വർദ്ധിച്ചു വരുന്നതിൽ വളരെയധികം സന്തോഷിക്കുന്നുണ്ടെന്ന് ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും ട്രഷറർ ജോയി ചാക്കപ്പനും അഭിപ്രായപ്പെട്ടു.

യുവജനോത്സവത്തിന്റെ ഗ്രാൻഡ് ഫിനാലെ, പ്രൗഢഗംഭീരമായ അവാർഡ് നൈറ്റ്, സ്റ്റേജ് ഷോകൾ, വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികൾ അങ്ങനെയങ്ങനെ കൺവെൻഷനെ വർണ്ണാഭമാക്കാൻ ഒട്ടനേകം പരിപാടികളുമായി തയ്യാറെടുക്കുകയാണ് ഫൊക്കാനാ ഭാരവാഹികൾ.

കൽഹാരി റിസോർട്ടിലെ ഏർലി ബേർഡ് രജിസ്ട്രേഷൻ അവസാനിച്ചു. അമിതമായ രജിസ്ട്രേഷൻ പ്രവാഹം കാരണം കൂടുതൽ റൂമുകൾക്ക് വേണ്ടി റിസോർട്ടുമായി നെഗോഷിയേറ്റു ചെയ്യുന്നുണ്ട്. ഇനി മുതൽ രണ്ടുപേർക്ക് 1500 ഡോളറും നാലുപേർ അടങ്ങുന്ന കുടുംബത്തിന് (മാതാപിതാക്കളും രണ്ടു കുട്ടികളും അടങ്ങുന്നത്), 2000 ഡോളറുമാണ്. ഡിസംബർ മാസത്തിൽ തന്നെ റൂമുകൾ സോൾഡ് ഔട്ട് ആവുകയും ഒട്ടേറെ പേർ റൂമുകൾക്ക് വേണ്ടി ഇപ്പോഴും അന്വേഷിച്ചു വരികയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ഇനിയും രജിസ്റ്റർ ചെയ്യാൻ എത്തുന്നവർക്ക് കുറച്ചു കൂടി റൂമുകൾ റിസോർട്ടിൽ ലഭ്യമാക്കുവാനുള്ള ശ്രമം നടത്തുമെന്ന് ഫൊക്കാനാ പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു.

ഫൊക്കാനയുടെ അന്തർദേശീയ കൺവെൻഷൻ ചരിത്രത്തിൽ കാണാത്ത അത്രയും പ്രൗഢഗംഭീരമായിരിക്കുമെന്ന് സംഘടനാ ഭാരവാഹികൾ പറയുന്നു. ഇതിനു വേണ്ടി അഹോരാത്രം പ്രവർത്തിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീഷണൽ ജോയിന്റ് സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ ജോയിന്റ് ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, ട്രസ്റ്റി ബോർഡ് ചെയർ ജോജി തോമസ്, എന്നിവർ അറിയിച്ചു.

*ശ്രീകുമാർ ഉണ്ണിത്താൻ*





# ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷൻ മാർ ജോയ് ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു

ന്യൂയോർക്ക്: കാൽ നൂറ്റാണ്ടുകാലത്തിലധികം അമേരിക്കയിലെ സീറോ മലബാർ വിശ്വാസികൾക്കായി സേവനം ചെയ്ത റവ. ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യമായ ഓർമ്മയും പൈതൃകവും വരുംതലമുറയ്ക്ക് പ്രചോദനമാകും വിധം നിലനിർത്തുന്നതിനുവേണ്ടി ജോസച്ചന്റെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ചേർന്ന് രൂപീകരിച്ച ചാരിറ്റി ഓർഗനൈസേഷനായ ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷന്റെ ഔപചാരികമായ ഉദ്ഘാടനം ഷിക്കാഗോ സീറോ മലബാർ രൂപത ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് നിർവ്വഹിച്ചു.

ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ഒന്നാം ചരമ വാർഷിക ആചരണത്തോടനുബന്ധിച്ചു ഡിസംബർ 27-ാം തിയതി ശനിയാഴ്ച ബ്രോങ്ക്സ് സെയിന്റ് തോമസ് സീറോ മലബാർ ദേവാലയ പാരിഷ് ഹാളിൽ നടന്ന അനുസ്മരണ ചടങ്ങിൽ വെച്ചായിരുന്നു ഉദ്ഘാടനം. ജോസച്ചന്റെ ഒന്നാം ചരമ വാർഷിക ആചരണത്തോടനുബന്ധിച്ചു നടന്ന അനുസ്മരണ ബലിയിൽ ബിഷപ് മാർ ജോയ് ആലപ്പാട്ട് മുഖ്യ കാർമ്മികത്വം വഹിച്ചു. വികാരി റവ. ഫാ. കുര്യാക്കോസ് വടാന, റവ. ഫാ. റോയ്സൺ മേനോലിക്കൽ, റവ. ഫാ. ഫ്രാൻസിസ് നമ്പ്യാമ്പറമ്പിൽ എന്നിവർ സഹ കാർമ്മികരും ആയിരുന്നു.

നാട്ടിലും അമേരിക്കയിലും സീറോ മലബാർ വിശ്വാസ സമൂഹത്തിന്റെ വളർച്ചക്കായി സ്വന്തം ജീവിതം ഉഴിഞ്ഞു വെച്ച ജോസച്ചന്റെ സ്മരണ നിലനിർത്താൻ രൂപീകരിച്ച ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നതായി മാർ ജോയ് ആലപ്പാട്ട് പറഞ്ഞു. നിരവധി വൈദിക വിദ്യാർത്ഥികൾക്ക് ജോസച്ചന്റെ ജീവിതം പ്രചോദനമായിട്ടുണ്ടെന്നും മാർ ജോയ് അനുസ്മരിച്ചു. അതുപോലെ, ഈ ഫൗണ്ടേഷൻ നടത്താൻ പോകുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിലെ പാവങ്ങൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സഹായവും ആശ്വാസവും ആയിത്തീരട്ടെ എന്നും മാർ ജോയ് ആലപ്പാട്ട് ആശംസിച്ചു.

ബ്രോങ്ക്സ് ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന, റവ. ഫാ. റോയ്സൺ മേനോലിക്കൽ, റവ. ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ, ഫൗണ്ടേഷൻ ചെയർമാൻ ഷോളി കുമ്പിളുവേലി, സെക്രട്ടറി ബിജു കാപ്പുകാട്ട്, ട്രഷറർ ജോസഫ് കാഞ്ഞമല സി.പി.എ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ബാബു ജോസഫ് സി. പി.എ, പൈലപ്പൻ കണ്ണൂക്കാടൻ, ജേക്കബ് ചൂരവടി, ഷേർലി അടാട്ട്, ഫാ. ജോസ് കണ്ടത്തിക്കുടിയുടെ സഹോദരി ഫിലോമിന ഐസക് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

നോൺ പ്രോഫിറ്റ് ഓർഗനൈസേഷനായി ഡിപ്പാർട്മെന്റ് ഓഫ് സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷനു, 501 (സി)(3) സ്റ്റാറ്റസും ഉടൻ ലഭിക്കും.

ദൈവ വിളികൾ പ്രോത്സാഹിപ്പിക്കുക, വൈദിക വിദ്യാർത്ഥികളെ സഹായിക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന സഹായം എത്തിക്കുക, അതുപോലെ വൃക്ക രോഗികൾക്ക് ചികിത്സാ സഹായം നൽകുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഫൗണ്ടേഷൻ ലക്ഷ്യമിടുന്നു. കൂടാതെ, വർഷംതോറും ജോസച്ചന്റെ ഓർമ്മയാചരണവും ഈ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടത്തുന്നതായിരിക്കും.

ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷനെപ്പറ്റി കൂടുതൽ അറിയുവാനും, അതുമായി സഹകരിക്കാനും താല്പര്യമുള്ളർ താഴെ പറയുന്നവരെ ബന്ധപ്പെടുക : ഷോളി കുമ്പിളുവേലി 914-330-6340, ബിജു കാപ്പുകാട്ട് 804-550-8494, ജോസഫ് കാഞ്ഞമല 917-596-2119

# ഹൂസ്റ്റൻ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന് യുവ സാരഥികൾ

ഭക്തിയും ദിവ്യകാരുണ്യവും നിറഞ്ഞ അന്തരീക്ഷത്തിൽ, ഹൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡ് ഇന്ന് ഔദ്യോഗികമായി ചുമതലയേറ്റു. പുതിയ ഭരണ സമതി അംഗങ്ങൾ: പ്രസിഡന്റ് ഡോ. രാംദാസ് കണ്ടത്ത്, സെക്രട്ടറി മീര ആനന്ദ്, ട്രഷറർ ദീപ നായർ, വൈസ് പ്രസിഡന്റ് അജിത് നായർ, ജോയിന്റ് സെക്രട്ടറി സുനിത നായർ, ജോയിന്റ് ട്രഷറർ രാജേഷ് മൂത്തേഴത്തു.

എക്സിക്യൂട്ടീവ് ഡയറക്ടേഴ്സ്: വിദ്യ പി. നായർ, രാമചന്ദ്രൻ വടക്കേമഠം, വി.എൻ. രാജൻ, ജയശ്രീ കണ്ണോളിൽ. ഡയറക്ടേഴ്സ്: ശ്രീകാന്ത് ഗോപാലൻ നായർ, രമേശ് അത്തിയോടി, അനിൽ കെ. ഗോപിനാഥൻ, ഡോ. ഉണ്ണികൃഷ്ണ പിള്ള

ക്ഷേത്രത്തിന്റെ ആത്മീയവും അടിസ്ഥാന സൗകര്യപരവുമായ അടിത്തറ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പുതിയ ഡയറക്ടർ ബോർഡിന്റെ പുതുവത്സര ദർശനവും പ്രതിജ്ഞകളും അദ്ദേഹം പങ്കുവെച്ചു. പുരോഹിത മന്ദിരങ്ങളുടെ വികസനം, പവിത്രമായ ചുറ്റുവിളക്കിന്റെ നവീകരണം, സനാതന ധർമ്മത്തിന്റെ സമ്പന്നമായ പൈതൃകവും ആത്മീയ സൗന്ദര്യശാസ്ത്രവും പ്രതിഫലിപ്പിക്കുന്ന ചുറ്റുമതിലിൽ പരമ്പരാഗത ചുവർചിത്രങ്ങൾ നിർമ്മിക്കൽ എന്നിവയാണ് പ്രധാന പ്രമേയങ്ങൾ. കൂടാതെ, ദ്വജപ്രതിഷ്ഠ ആഘോഷിക്കാനുള്ള പദ്ധതികൾ ബോർഡ് പ്രഖ്യാപിച്ചു. ക്ഷേത്രത്തിലെ എല്ലാ ആചാരങ്ങളിലും ആത്മീയ അനുഷ്ഠാനങ്ങളിലും എല്ലാ ഭക്തരും സജീവമായും പൂർണ്ണഹൃദയത്തോടെയും പങ്കെടുക്കണമെന്ന് ഡോ. കണ്ടത്ത് ആത്മാർത്ഥമായി അഭ്യർത്ഥിച്ചു, കൂട്ടായ ഭക്തി ക്ഷേത്രത്തിന്റെ ദിവ്യശക്തി വർദ്ധിപ്പിക്കുമെന്ന് ഊന്നിപ്പറഞ്ഞു. ഐക്യത്തിന്റെ ആത്മാവിനെ പ്രതിധ്വനിപ്പിച്ചുകൊണ്ട്, പുതിയ ഡയറക്ടർ ബോർഡ് സമൂഹത്തോട് മാർഗ്ഗനിർദ്ദേശ തത്വം പറഞ്ഞുയ. പുതിയ ഡയറക്ടർ ബോർഡിന്റെ മാർഗ്ഗനിർദ്ദേശത്തിൽ ഹൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം ഭക്തിയും സേവനവും ആത്മീയ വളർച്ചയും നിറഞ്ഞ ഒരു പുതുവത്സരത്തിനായി കാത്തിരിക്കുന്നു.

*ശങ്കരൻകുട്ടി*





# കെ.സി.എസ് ഷിക്കാഗോ പുതുവത്സരം ഗംഭീരമായ സംഗീത നിശയോടെ ആഘോഷിച്ചു!!

ഷിക്കാഗോ: പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി കെ.സി.എസ് കമ്മ്യൂണിറ്റി സെന്ററിൽ ഒരു മനോഹരമായ സംഗീത നിശ നടത്തി. സന്തോഷവും സംഗീതവും കൂട്ടായ്മയും നിറഞ്ഞ ഒരു സായാഹ്നത്തിനായി അംഗങ്ങളെ ഒരുമിച്ച് കൊണ്ടുവന്നു. പ്രത്യേക സോഷ്യൽ ബോഡി മീറ്റിംഗിന് ശേഷം രാത്രി 8:30 ന് ആരംഭിച്ച പരിപാടി വേദിയെ ഉന്മേഷദായകവും ഉത്സവവുമായ ഒരു ഒത്തുചേരലാക്കി മാറ്റി. ഷിക്കാഗോ കെ.സി.എസ് അംഗങ്ങളുടെ ഒരു വലിയ സംഘം ഒത്തുകൂടി, ഐക്യത്തിന്റെയും ആഘോഷത്തിന്റെയും ആത്മാവിൽ പുതുവത്സരത്തെ വരവേറ്റു. സജി മാലിത്തുരുത്തേലും കെവിൻ വള്ളാട്ടിലും ചേർന്ന് സംഗീത നിശ ആവേശത്തോടെ നയിച്ചു, അവരുടെ നേതൃത്വവും ഊർജ്ജസ്വലതയും പരിപാടിക്ക് വലിയ ആകർഷണീയത നൽകി. ഉത്സവാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി, കെ.സി.എസ് ഷിക്കാഗോ ഭക്ഷണപാനീയങ്ങൾ ക്രമീകരിച്ചു, അംഗങ്ങൾക്ക് ഊഷ്മളമായ കൂട്ടായ്മ ആസ്വദിക്കാനും പുതുവത്സരാഘോഷങ്ങൾ ഒരുമിച്ച് ആസ്വദിക്കാനും അവസരമൊരുക്കി. ഈ അവസരത്തിൽ ഉദാരമായി പങ്കെടുക്കുകയും അവരുടെ കഴിവുകൾ സംഭാവന ചെയ്യുകയും ചെയ്ത എല്ലാ ഗായകർക്കും കെ.സി.എസ് ഷിക്കാഗോ ഹൃദയംഗമമായ നന്ദി അറിയിച്ചു. സംഗീത നിശയ്ക്ക് പിന്തുണ നൽകുന്നതിനായി സ്വമേധയാ സമയവും വൈദഗ്ധ്യവും നൽകിയ സൗണ്ട് എഞ്ചിനീയർ സജി കൊച്ചേരിലിനെയും എക്സിക്യൂട്ടീവ് കമ്മിറ്റി പ്രത്യേക നന്ദി അറിയിച്ചു. പുതുവത്സര സംഗീത ആഘോഷത്തിന്റെ വിജയത്തിൽ അവരുടെ സമർപ്പണം, ഉത്സാഹം, നിസ്വാർത്ഥ സേവനം എന്നിവ നിർണായക പങ്ക് വഹിച്ചതായും സന്നിഹിതരായ എല്ലാവർക്കും മൊത്തത്തിലുള്ള അനുഭവം വളരെയധികം സമ്പന്നമാക്കുകയും ചെയ്തു.

# പിസിനാക് ഷിക്കാഗോ നാൽപതു ദിന ഉപവാസ പ്രാർത്ഥന ആരംഭിക്കുന്നു

ഷിക്കാഗോ: ജൂലൈ ആദ്യവാരം ഷിക്കാഗോയിൽ നടക്കുന്ന 40-ാമത്തെ പിസിനാക്ക് കോൺഫെറൻസിന്റെ അനുഗ്രഹത്തിനു വേണ്ടി 40 ദിവസം നീണ്ടുനിൽക്കുന്ന ഉപവാസ പ്രാർത്ഥനയ്ക്ക് ഈ ശനിയാഴ്ച തുടക്കമാകുമെന്നു നാഷണൽ പ്രയർ കോർഡിനേറ്റർ പാസ്റ്റർ പി.വി. മാമൻ അറിയിച്ചു.

ഗിൽഗാൽ പെന്തക്കോസ്ത് അസംബ്ലിയിൽ ജനുവരി 10 ശനിയാഴ്ച രാവിലെ 10 മണിക്കാരംഭിക്കുന്ന പ്രഥമ സമ്മേളനത്തിൽ പാസ്റ്റർ സേവിയർ ജെയിംസ് മുഖ്യ സന്ദേശം നൽകും. പാസ്റ്റർ സാം തോമസ് അധ്യക്ഷത വഹിക്കും.

ലോക്കൽ പ്രയർ കോർഡിനേറ്റർമാരായ പാസ്റ്റർ ബാബു മാത്യു കുമ്പഴ, പാസ്റ്റർ ആൻഡ്രൂസ് കെ. ജോർജ്, ചാക്കോ തോമസ് എന്നിവർ പ്രാർത്ഥന വിഷയങ്ങൾ അവതരിപ്പിച്ച് വിവിധ പ്രാർത്ഥന സംഘങ്ങൾക്ക് നേതൃത്വം നൽകും. നാഷണൽ ഭാരവാഹികളായ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ് സിപിഎ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും.




ഫെബ്രുവരി 18 ന് അവസാനിക്കുന്ന 40 ദിന ഉപവാസ പ്രാർത്ഥനയിൽ അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി നിരവധി പെന്തക്കോസ്തൽ പേർ ഓൺലൈനിലൂടെയും നേരിട്ടും അണിചേരും. രണ്ടു വർഷത്തിൽ ഒരിക്കൽ നടക്കുന്ന നോർത്ത് അമേരിക്കൻ മലയാളി കോൺഫറൻസിന്റെ ഈ വർഷത്തെ സമ്മേളനത്തിൽ 8000 ത്തോളം വിശ്വാസികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ലോക്കൽ എക്സിക്യൂട്ടീവ് കമ്മറ്റി ഭാരവാഹികളായ ഡോ. ടൈറ്റസ് ഈപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, ഡോ. ബിജു ചെറിയാൻ, ജോൺ മത്തായി,കെ.ഒ ജോസ് സിപിഎ, വർഗീസ് സാമുവൽ എന്നിവർ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് പ്രവർത്തനത്തിനു നേതൃത്വം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് Pcnakchicago.org.

*കുര്യൻ ഫിലിപ്പ്*



# ന്യൂജേഴ്സിയിൽ നിർമ്മിച്ച ഐ.കെ.സി.സി. ഗ്രേറ്റർ ന്യൂയോർക്ക് ക്രിസ്തുമസ് കരോൾ വീഡിയോ വൈറലായി

ന്യൂജേഴ്സി: ഇന്ത്യൻ ക്നാനായ കത്തോലിക്കാ കമ്മ്യൂണിറ്റി (ഐ.കെ.സി.സി) ഗ്രേറ്റർ ന്യൂയോർക്കിന്റെ നേതൃത്വത്തിൽ ന്യൂജേഴ്സിയിൽ നിർമ്മിച്ച ക്രിസ്തുമസ് കരോൾ മത്സര വീഡിയോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വൈറലായി, വ്യാപകമായ പ്രശംസകൾ നേടുന്നു.

ഐ.കെ.സി.സി ട്രഷറർ റെൻജി മണലേൽ, വുമൺസ് ഫോറം പ്രസിഡന്റ് റെഞ്ചു പെരുമ്പിളത്ത് എന്നിവരുടെ നേതൃത്വത്തിലും, ഏരിയ കോ-ഓർഡനേറ്റർമാരായ സിബി മണക്കപ്പറമ്പിൽ, ടിന്റു പട്ടാരുകുഴിയിൽ എന്നിവരുടെ ഏകോപനത്തിലുമാണ് പരിപാടി വിജയകരമായി സംഘടിപ്പിച്ചത്.

ഈ ക്രിസ്തുമസ് കരോൾ വീഡിയോ ജോർജ് കുട്ടി കനാട്ട് സംവിധാനം ചെയ്തു. ടോസിൻ പെരുമ്പിളത്താണ് വീഡയോ ഗ്രാഫിയും എഡിറ്റിംഗും നിർവഹിച്ചത്. നൃത്തസംവിധാനം കുഞ്ഞുമോൾ വടക്കേടം നിർവഹിച്ചു.

ഗാനസംഘത്തെ അജിത് മലയീൽ, ഷാജി വാലോത്ത്, ജോമോൻ കലരിക്കൽ, സുജിത് മലയിൽ, തുഷാര മ്യാൽക്കരപ്പുറം എന്നിവർ നേതൃത്വം നൽകി. പരിപാടിയുടെ അവതരണവും മനോഹരമായ അലങ്കാരങ്ങളും റെഞ്ചു, ടോസിൻ പെരുമ്പിളത്തും നിർവഹിച്ചു.

സന്തോഷ് പുതുപറമ്പിൽ ക്രിസ്തുമസ് പാപ്പാ വേഷം നിർവഹിച്ചു, അതുല്യമായ കഴിവും പ്രകടനപരമായ പ്രഭാവമുള്ള ചലനങ്ങളും അവതരിപ്പിച്ചു ഈ വിജയകരമായ സംരംഭം ഗ്രേറ്റർ ന്യൂയോർക്ക് ഇന്ത്യൻ ക്നാനായ കത്തോലിക്കാ കമ്മ്യൂണിറ്റിയുടെ ഐക്യവും കലാപരമായ കഴിവുകളും സാംസ്കാരിക സമ്പത്തും പ്രതിഫലിപ്പിക്കുന്നതായാണ് വിലയിരുത്തപ്പെടുന്നത്. സംഗീതത്തിലൂടെയും കൂട്ടായ്മയിലൂടെയും ക്രിസ്തുമസിന്റെ യഥാർത്ഥ ആത്മാവ് സമൂഹത്തലേക്ക് പകരുന്നതിൽ ഈ വീഡയോ വലിയ പങ്കുവഹിച്ചു.



പലരും പലതും 13

# അധികാരം ജീവപര്യന്തം


ഡോ. സെബാസ്റ്റ്യൻ പോൾ

2026ൽ രാഷ്ട്രീയകേരളം ഗൗരവത്തോടെ ചർച്ച ചെയ്യുന്ന വാക്കാകും മൂന്നാമൂഴം. തവണ എന്നാണ് ഊഴം എന്ന പദത്തിന്റെ അർത്ഥം. ഭീമന് രണ്ടാമൂഴം എന്നത് എപ്പോഴും നിഷേധിക്കപ്പെട്ട അവസരമായിരുന്നു. നിരന്തരമായ കാത്തിരിപ്പിന്റെ കഥയാണ് ഭീമന്റേത്. അധികാരത്തിലെത്തുന്നവർ പദവികൾ പങ്കുവയ്ക്കുമ്പോഴും ചിലർക്കു ലഭിക്കുന്ന രണ്ടാമൂഴം നിഷ്ഫലമായിത്തീരും. പ്രേമചന്ദ്രനെ എൽ.ഡി.എഫ് രാജ്യസഭയിലേക്കയച്ചത് കാലാവധി പകുതിയാകുമ്പോൾ മറ്റൊരു ഘടകകക്ഷിക്കുവേണ്ടി പദവി ഒഴിയണം എന്ന വ്യവസ്ഥയിലായിരുന്നു. പരിത്യാഗത്തിന്റെ സമയമായപ്പോൾ നിയമസഭയിലെ കക്ഷിനിലയിൽ മാറ്റം വന്നതിനാൽ സീറ്റ് നിലനിർത്തുന്നതിനുവേണ്ടി പ്രേമചന്ദ്രൻ തുടരേണ്ടിവന്നു. രണ്ടാമൂഴക്കാരൻ എന്നും ഊഴത്തിനുവേണ്ടി കാത്തുനിൽക്കേണ്ടിവരും. പലർക്കും അത് കിട്ടാക്കനിയായി മാറുകയും ചെയ്യും.

ഒരിക്കൽക്കൂടി പിണറായി വിജയൻ എന്ന അർത്ഥത്തിലാണ് പിണറായി വിജയന്റെ മൂന്നാമൂഴത്തെക്കുറിച്ച് ചർച്ച നടക്കുന്നത്. രണ്ടാമൂഴം അദ്ദേഹം കാത്തുനിന്ന് സമ്പാദിച്ചതല്ല. അവകാശവാദം ഉന്നയിക്കാൻപോലും പ്രതിപക്ഷത്തിന് അവസരം നൽകാതെ ജനവിധിയുടെ മഹാപ്രളയത്തിൽ അത് സംഭവിക്കുകയായിരുന്നു. മഹാമാരിയും പേമാരിയും ഒന്നിച്ചു വന്നപ്പോഴുണ്ടായ പ്രതിഭാസമായിരുന്നു അത്. പ്രാപഞ്ചിക പ്രതിഭാസങ്ങൾ ആവർത്തിക്കാനുള്ളതല്ല. സുനാമിപോലെ ആവർത്തിക്കപ്പെടുന്ന പ്രതിഭാസങ്ങൾ അപകടത്തിനു കാരണമാകും. അമിതാധികാരത്തിന്റെയും ഏകാധിപത്യപ്രവണതയുടെയും സുനാമിത്തിരകളെ പ്രതിരോധിക്കുന്നതിനുള്ള കണ്ടൽക്കാടുകൾ ജനാധിപത്യം സ്വയം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

അധികാരത്തിന് നിശ്ചയിക്കുന്ന പരിധിയാണ് ജനാധിപത്യത്തിന്റെ പ്രതിരോധസംവിധാനങ്ങളിൽ പ്രധാനപ്പെട്ടത്. കാലപരിധിയുണ്ട്; യോഗപരിധിയുമുണ്ട്. അധികാരത്തിന് പരിധി നിശ്ചയിക്കുന്നത് ജനാധിപത്യത്തിന്റെ സവിശേഷതയാണ്. പരമമായ അധികാരം പരമമായി ദുഷിക്കുമെന്ന് ആക്റ്റൺ പ്രഭു പറഞ്ഞതിൽ വലിയ ജനാധിപത്യപാഠം ഉൾക്കൊള്ളുന്നു. ഫ്രാൻസിൽ ലൂയി പതിന്നാലാമൻ 72 വർഷം ചക്രവർത്തിയായിരുന്നു. വിപ്ളവത്തിന്റെ പൂർത്തീകരണത്തിലാണ് ചക്രവർത്തിമാരുടെ ഭരണം അവസാനിച്ചത്. ബ്രിട്ടനിൽ നമ്മുടെ കാലത്ത് എലിസബത്ത് രാജ്ഞി എഴുപത് വർഷം ബ്രിട്ടന്റെയും ബ്രിട്ടീഷ് കോമൺവെൽത്തിന്റെയും അധിപയായിരുന്നു.

അധികാരിക്ക് അധികാരത്തോട് വിരക്തി ഉണ്ടാകുന്നില്ലെന്നതാണ് ചരിത്രത്തിന്റെ പാഠം. മടുപ്പിക്കാത്ത ലഹരിയും നിരന്തരം ഉണർത്തപ്പെടുന്ന ഉന്മാദവുമാണ് അധികാരം. ഈ പാഠത്തിന്റെ അടിസ്ഥാനത്തിലാണ് ജനാധിപത്യത്തിൽ പദവി വഹിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിരിക്കുന്നത്. യുഎസ് പ്രസിഡന്റിന്റെ കാലാവധി നാലു വർഷമാണ്. വീണ്ടും മത്സരിച്ച് ജയിച്ചാൽ നാല് വർഷം കൂടിയാകാം. 1933ൽ പ്രസിഡന്റായ ഫ്രാങ്ക്ലിൻ ഡി റൂസ്‌വെൽറ്റ് 1945ൽ മരിക്കുന്നതുവരെ പ്രസിഡന്റായിരുന്നു. ആജീവനാന്ത പ്രസിഡന്റ് എന്ന സാധ്യത ഒഴിവാക്കുന്നതിനാണ് 1951ൽ ഹാരി എസ് ട്രൂമാന്റെ ഭരണകാലത്ത് ഭരണഘടന ഭേദഗതി ചെയ്ത് പ്രസിഡന്റിന്റെ ഭരണത്തവണ രണ്ടായി പരിമിതപ്പെടുത്തിയത്. ട്രംപോ ട്രംപിനെപ്പോലൊരാളോ ആജീവനാന്തം പ്രസിഡന്റായിരിക്കുന്ന അവസ്ഥ എത്രയോ ഭയജനകമാണ്.




വത്തിക്കാൻ എന്ന സ്വതന്ത്ര പരമാധികാരരാഷ്ട്രത്തിന്റെ തലവനായ മാർപാപ്പയ്ക്ക് മരണം വരെയാണ് കാലാവധി. സ്വിറ്റ്സർലണ്ടിലെ പരമാധികാര ഭരണസമിതിയായ ഫെഡറൽ കൗൺസിലിന്റെ പ്രസിഡന്റിന്റെ കാലാവധി ഒരു വർഷമാണ്. വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതിന് വ്യവസ്ഥയില്ല. പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നത് പാർലമെന്റാകയാൽ വാർഷിക തിരഞ്ഞെടുപ്പ് അസൗകര്യങ്ങൾക്ക് കാരണമാകുന്നില്ല. പുരാതനഗ്രീസിലെ ജനാധിപത്യത്തിൽ ചീഫ് എക്സിക്യൂട്ടീവിനെ ദിവസവും മാറ്റിക്കൊണ്ടിരുന്നു.

ഏകാധിപത്യത്തിൽ കാലം നിശ്ചലമാകുന്നു. ജീവപര്യന്തമാണ് ഏകാധിപതിയുടെ കോയ്മ. അട്ടിമറി അല്ലെങ്കിൽ മരണം ആണ് ഏകാധിപതിയുടെ കാലത്തിന് അന്ത്യം കുറിക്കുന്നത്. മുപ്പതുകൊല്ലമായിരുന്നു സോവിയറ്റ് യൂണിയനിൽ സ്റ്റാലിന്റെ ഏകാധിപത്യവാഴ്ച. ഹിറ്റ്ലർക്കെതിരെ തോളോടുതോൾ ചേർന്നുനിന്ന് പൊരുതിയ ചർച്ചിലിനും സ്റ്റാലിനും യുദ്ധാനന്തരം വ്യത്യസ്തമായ അനുഭവങ്ങളാണുണ്ടായത്. സ്റ്റാലിന്റെ അധികാരത്തിന് ഇളക്കമുണ്ടായില്ല. വിജിഗീഷുവായ ചർച്ചിലിനെ ബ്രിട്ടീഷുകാർ 1945ലെ തിരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തി. അത് വലിയ നന്ദികേടായി വ്യാഖ്യാനിക്കപ്പെടാറുണ്ട്.

ജനാധിപത്യത്തെ പരിഹസിക്കുന്ന ചർച്ചിലിന്റെ പ്രസിദ്ധമായ പ്രസ്താവനയ്ക്ക് കാരണമായത് ഈ പരാജയമാകാം. യുദ്ധവിജയത്തിന്റെ പാരമ്യത്തിൽ ചർച്ചിലിനു നൽകുന്ന രാഷ്ട്രീയവിജയം അദ്ദേഹത്തെ ഏകാധിപതിയായി മാറ്റുമോ എന്ന ആശങ്ക ബ്രിട്ടീഷ് ജനതയ്ക്ക് ഉണ്ടായിട്ടുണ്ടാകണം. 1951ൽ അവർ അദ്ദേഹത്തെ വീണ്ടും അധികാരത്തിൽ കൊണ്ടുവന്നു. ചർച്ചിലിനു നൽകിയ ഇടവേളയിൽ ലേബർ പാർട്ടിയുടെ ക്ളെമന്റ് ആറ്റ്ലി പ്രധാനമന്ത്രിയായതുകൊണ്ടാണ് ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തി സുഗമമായത്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ലിക്വിഡേറ്ററാകാൻ തയാറല്ലെന്ന നിലപാടായിരുന്നു ചർച്ചിലിന്റേത്.

ഉത്തരവാദിത്വങ്ങൾ ശരിയായി നിറവേറ്റുന്നവർക്ക് ചരിത്രത്തിൽ ഇടമുണ്ടാകും. തിരഞ്ഞെടുപ്പിലെ വിജയം അവർക്കുള്ള പ്രതിഫലമാകരുത്. വീരാരാധന ഏകാധിപതികളുടെ സൃഷ്ടിക്ക് കാരണമാകും. ഗീബൽസും കൂട്ടരും സൃഷ്ടിച്ചെടുത്ത പരിവേഷത്തിലാണ് ഹിറ്റ്ലറുടെ വളർച്ചയും ഉയർച്ചയും ഉണ്ടായത്. ലീഡർ എന്ന് അർത്ഥമുള്ള ഫ്യൂറർ എന്ന പദം അവർ ഹിറ്റ്ലർക്ക് ചാർത്തിക്കൊടുത്തു. റബ്ബി എന്ന് സംബോധന ചെയ്യപ്പെടാൻ അവർ ആഗ്രഹിക്കുന്നുവെന്ന് കപടനാട്യക്കാരായ ഫരിസേയരെക്കുറിച്ച് മത്തായി എഴുതി. ലീഡർ എന്നാണ് കരുണാകരൻ വിളിക്കപ്പെട്ടത്. പാകിസ്ഥാനെ പരാജയപ്പെടുത്തി പൂർവ പാകിസ്ഥാനെ സ്വതന്ത്രരാഷ്ട്രമാക്കിയ ഇന്ദിര ഗാന്ധിയെ എതിരാളികൾപോലും പ്രകീർത്തിച്ചു.

ദുർഗ എന്നാണ് വാജ്‌പേയി അന്ന് മനം തുറന്ന് ഇന്ദിരയെ പ്രകീർത്തിച്ചത്. അതിന്റെ നാലാം വർഷം ഇന്ത്യാചരിത്രത്തിലെ ഏറ്റവും ക്രൂരയായ ഏകാധിപതിയായി അവർ മാറി. വാജ്‌പേയിയെ ദുർഗ തുറുങ്കിലടച്ചു. പ്രധാനമന്ത്രിയെ കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്ന ബ്രിട്ടീഷ് പാഠം നമ്മൾ പഠിക്കാതെ പോയതിന്റെ അപകടമായിുന്നു അത്. വീരാരാധന ജനാധിപത്യത്തിന് ഹാനികരമാണ്. അതാതുകാലത്തെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരമുണ്ടാക്കുമെന്ന് പ്രതീക്ഷയുള്ളവരിലാണ് ജനം വിശ്വാസവും ശരണവും അർപ്പിക്കേണ്ടത്. പരിപക്വമായ ജനാധിപത്യത്തിൽ സമ്മതിദായകർ സന്ദേഹികളാകുന്നില്ല. ട്രംപ് അപവാദമോ അബദ്ധമോ അല്ല. രണ്ടാം വട്ടം ട്രംപിനെ വിജയിപ്പിച്ച അമേരിക്കൻ വോട്ടർമാരുടെ വിവേകത്തെക്കുറിച്ച് നമുക്ക് സംശയമുണ്ടായി. ക്ഷേ അവർ തന്നെയാണ് ബറാക് ഒബാമയെയും സൊഹ്റാൻ മംദാനിയെയും തിരഞ്ഞെടുത്തത്.

തുടർഭരണം ജനാധിപത്യത്തിലെ നന്മയോ മേന്മയോ അല്ല. ഭരണം നിലനിർത്താൻ ഭരിക്കുന്നവരും പിടിക്കാൻ പ്രതിപക്ഷവും ശ്രമിക്കുന്നത് സ്വാഭാവികമാണ്. അതിനുള്ള ശ്രമത്തിൽ ഭരണകക്ഷി ചില പുനഃക്രമീകരണങ്ങൾ നടത്തേണ്ടിവരും. തന്ത്രങ്ങൾ മാത്രമല്ല ക്യാപ്ടനെത്തന്നെ ചിലപ്പോൾ മാറ്റേണ്ടിവരും. ചർച്ചിലിന് ബ്രിട്ടീഷ് ജനത അഞ്ചു വർഷത്തെ വിശ്രമം നൽകിയത് അദ്ദേഹത്തിന്റെ നേട്ടത്തെ വിലകുറച്ചു കണ്ടതുകൊണ്ടല്ല. ചർച്ചിലിനെ അവർ വിലമതിച്ചതുകൊണ്ടാണ് അവർ അഞ്ചാം വർഷം അദ്ദേഹത്തെ തിരിച്ചുകൊണ്ടുവന്നത്. പിണറായി വിജയന്റെ നന്മകളെ വിസ്മരിച്ചുകൊണ്ടല്ല ജനം എതിർവോട്ട് ചെയ്തത്.

അപ്പോഴപ്പോൾ പ്രതികരിക്കുന്നതിനുള്ള വിഷയം സമ്മതിദായകരുടെ മുന്നിലുണ്ടാകും. കഴിഞ്ഞ മാസം അയ്യപ്പന്റെ സ്വർണം ആയിരുന്നു വിഷയമെങ്കിൽ നിയമസഭാതിരഞ്ഞെടുപ്പാകുമ്പോൾ എന്തായിരിക്കും വിഷയം എന്ന് ഇപ്പോൾ പറയാനാവില്ല. തുടർഭരണത്തേക്കാൾ പ്രധാനം സദ്ഭരണമാണ്. ഭരണവും സമരവും ഒന്നിച്ച് എന്ന സിദ്ധാന്തം ഇ.എം.എസ് അവതരിപ്പിച്ചിട്ടുണ്ട്.

ഭരണം തുടർന്നുപോയാൽ സമരം വിസ്മരിക്കപ്പെടും. മുഷ്ടി ചുരുട്ടി മുദ്രാവാക്യം വിളിക്കാതെ വളർന്നുവരുന്ന തലമുറയേക്കാൾ പ്രധാനപ്പെട്ടതല്ല തുടർഭരണം. യുദ്ധാനന്തരം സ്റ്റാലിൻ അധികാരത്തിൽ തുടർന്നു. ചർച്ചിൽ വിശ്രമജീവിതത്തിലേക്കു പോയി. ഭരണത്തിന്റെയും തുടർഭരണത്തിന്റെയും പാഠങ്ങൾ ചരിത്രത്തിൽനിന്ന് പഠിക്കാവുന്നതേയുള്ളൂ.

MEDICARE PLANS
QUESTIONS ANSWERED
• ZERO $ PPO PREMIUM
• WORLD WIDE COVERAGE
• PRESCRIPTION DRUG BENEFIT
• FREE GYM MEMBERSHIP
• DENTAL, VISION & HEARING
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


# ഇന്ത്യാ പ്രസ് ക്ലബ്; രാജു പള്ളത്ത് പ്രസിഡന്റ്, അനിൽ ആറന്മുള സെക്രട്ടറി, ജയൻ ജോസഫ് ട്രഷറർ



ന്യൂജേഴ്സി: ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐ.പി.സി.എൻ.എ) യുടെ 2026-27 വർഷങ്ങളിലേക്കുള്ള പ്രവർത്തക സമിതിയെ തിരഞ്ഞെടുത്തു. രാജു പള്ളത്ത് (ന്യൂജേഴ്സി) ആയിരിക്കും അടുത്ത രണ്ടു വർഷങ്ങളിൽ പ്രസിഡന്റ് സ്ഥാനം അലങ്കരിക്കുക. അനിൽ ആറന്മുള (ഹൂസ്റ്റൺ) ജനറൽ സെക്രട്ടറി, ജയൻ ജോസഫ് (ന്യൂജേഴ്സി) ട്രഷറർ, അനിൽ ജേക്കബ് മറ്റത്തിക്കുന്നേൽ (ഷിക്കാഗോ), വൈസ് പ്രസിഡന്റ്, ഡോ. സിമി ജെസ്റ്റോ (ഷിക്കാഗോ), ജോയിന്റ് സെക്രട്ടറി കവിത മേനോൻ (കാനഡ), ജോയിന്റ് ട്രഷറർ എന്നിവരായിരിക്കും മറ്റു ഭാരവാഹികൾ.

ഡിസംബർ ഇരുപത്തിയാറിനു ചേർന്ന അഡ്വൈസറി ബോർഡാണ് പുതിയ ഭരണ സമിതിക്കു രൂപം നൽകിയത്. മുൻ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ അഡ്വൈസറി ബോർഡ് ചെയർമാൻ മുൻ സെക്രട്ടറി ഷിജോ പൗലോസ് പ്രസിഡന്റ് ഇലെക്ട് എന്നീ പദവികൾ വഹിക്കും.

ഇന്ത്യ പ്രസ് ക്ലബ്ബിന്റെ രൂപീകരണം മുതൽ സജീവ അംഗമായ രാജു പള്ളത്ത് ന്യൂയോർക്ക് ചാപ്റ്ററിന്റെ മുൻ സെക്രട്ടറി, മുൻ ദേശീയ സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പ്രസിഡന്റ് ഇലെക്ട് ആയി പ്രവർത്തിച്ചു വരികയായിരുന്നു. ഇപ്പോൾ ഡിഷ് നെറ്റ്വർക്ക്, സ്ലിങ് ടീവി എന്നിവയുടെ നാഷണൽ റീട്ടെയ്‌ലർ ആണ്. ന്യൂജേഴ്സിയിലെ സാംസ്കാരിക സംഘടനയായ 'കാഞ്ച്' ന്റെ അഡ്വൈസറി ബോർഡ് മെംബറായും പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കരയാണ് സ്വദേശം.

ജനറൽ സെക്രട്ടറി അനിൽ ആറന്മുള 2010 മുതൽ ഇൻഡ്യാ പ്രസ് ക്ലബിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഐ.പി.സി.എൻ.എ വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 39 വർഷമായി ഹൂസ്റ്റനിൽ താമസിക്കുന്ന അനിൽ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൻ മുൻ പ്രസിഡന്റ്, കേരളാ റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. നേർകാഴ്ച ന്യൂസിന്റെ എക്സിക്യൂട്ടീവ് എഡിറ്ററാണ്.

ട്രഷറർ ജയൻ ജോസഫ് കഴിഞ്ഞ 22 വർഷമായി ന്യൂജേഴ്സിയിലെ സാംസ്കാരിക രംഗത്തും അമേരിക്കൻ ഐടി മേഖലയിൽ തന്റെ പ്രാഗൽഭ്യം തളിയിച്ച വ്യക്തിയാണ്.

കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (കാഞ്ച്)യുടെ പ്രസിഡന്റ് ട്രസ്റ്റീ ബോർഡ് ചെയർമാൻ, 24യു എസ് എ ന്യൂസ് ടീമിന്റെ ഭാഗമായി പ്രവർത്തിക്കുകയാണ് ജയൻ ജോസഫ്.

വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അനിൽ മറ്റത്തിക്കുന്നേൽ 2019 മുതൽ ഇന്ത്യ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ഷിക്കാഗോ ചാപ്റ്റർ അംഗമാണ്. 2008 ൽ ക്നാനായ വോയിസ്, കേരളവോയിസ്, 2010 മുതൽ കെവി ടിവി എന്ന ഐപി ടിവി ചാനലിന്റെ തുടക്കത്തിനും സുപ്രധാന പങ്കു വഹിച്ചു. ബ്രോഡ്കാസ്റ്റ് മീഡിയ, ഡിജിറ്റൽ മീഡിയ & പ്രിന്റ് മീഡിയ എന്നിങ്ങിനെ മാധ്യമ പ്രവർത്തനത്തിന്റെ വിവിധ മേഖലകളിലും തന്റെ കഴിവും പ്രഗൽഭ്യവും തെളിയിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയി ഹോസ്പിറ്റലിൽ സൈക്കിയാട്രിക് ഡിപ്പാർട്ട്മെന്റിൽ നേഴ്സ് എഡ്യൂക്കേറ്റർ ആയി ജോലി ചെയ്യുന്നു. ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പി.ആർ.ഓ, ഷിക്കാഗോ കെ.സി.എസ് ബോർഡ് മെമ്പർ, ഷിക്കാഗോ മലയാളീ അസോസിയേഷൻ ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഡോ. സിമി ജെസ്റ്റോ ഏഷ്യാനെറ്റ്, ഫ്ളവേഴ്സ് ചാനലുകളിലെ ഷിക്കാഗോയിൽ നിന്നുള്ള അവതാരകയായി മാധ്യമ രംഗത്ത് ചുവടുറപ്പിച്ചയാളാണ്. ഷിക്കാഗോയിലെ കുക്ക് കൗണ്ടി ഹെൽത്ത് സിസ്റ്റത്തിൽ നേഴ്സിങ് ഇന്നോവേഷൻ ആൻഡ് റിസേർച് സെന്ററിന്റെ സീനിയർ സിസ്റ്റം ഡയറക്ടറായി പ്രവർത്തിക്കുകയാണ് ഡോ. സിമി ജെസ്റ്റോ. ഇപ്പോൾ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയിയുടെ പ്രസിഡന്റായി സേവനം ചെയ്യുന്നു.

കവിത മേനോൻ കനേഡിയൻ നിയമത്തിലും സോഷ്യൽ വർക്കിലും ബിരുദാനന്തര ബിരുദമുള്ള, സാമൂഹിക പ്രവർത്തന മേഖലയിലും രജിസ്റ്റേർഡ് സോഷ്യൽ വർക്കറായും, കപ്പിൾ കൗൺസിലിംഗിൽ വൈദഗ്ദ്ധ്യം നേടിയ സൈക്കോതെറാപ്പിസ്റ്റായും, ലൈസൻസുള്ള സാമ്പത്തിക ഉപദേഷ്ടാവായും സേവനമനുഷ്ഠിക്കുന്ന ഒരു ഡൈനാമിക് പ്രൊഫഷണലാണ് കവിത കെ മേനോൻ.

കനേഡിയൻ ഹിന്ദു ചേംബർ ഓഫ് കൊമേഴ്സിന്റെ ഡയറക്ടർ ബോർഡ് അംഗവും ഡിജിറ്റൽ പ്രസ് ക്ലബ് ഓഫ് ഇന്ത്യയുടെ (ഡിപിസിഐ) വൈസ് പ്രസിഡന്റുമാണ്.




# ആഗോള വിപണിയെ നിയന്ത്രിക്കാൻ യു.എസ്

(ഒന്നാം പേജ് തുടർച്ച)

യ്യും. അതുകൊണ്ടുതന്നെ, ഇത് കേവലമൊരു സൈനിക നടപടി മാത്രമല്ല എന്ന് പറയുന്നത്. ആഗോള സാമ്പത്തികഅധികാര ഘടനയെ മാറ്റിമറിക്കാൻ പര്യാപ്തമായതും ഏറെ മാനങ്ങളുള്ളതുമായ രാഷ്ട്രീയ ഇടപെടൽ തന്നെയാണെന്ന് പറയുന്നത്.

വെനസ്വേല ദശലക്ഷക്കണക്കിന് ബാരൽ എണ്ണ അമേരിക്കയ്ക്ക് നൽകുമെന്നാണ് ട്രംപ് അവകാശപ്പെട്ടിരിക്കുന്നത്. വെനസ്വേലയിലെ ഇടക്കാല അധികാരികൾ 30 മുതൽ 50 ദശലക്ഷം ബാരൽ എണ്ണ അമേരിക്കയ്ക്ക് കൈമാറുമെന്നും അതിൽ താൻ സന്തോഷവാനാണെന്നും ട്രംപ് ട്രൂത്ത് സോഷ്യലിലൂടെ പറഞ്ഞിരുന്നു. മുൻ വെനസ്വേലൻ പ്രസിഡന്റ് നിക്കോളാസ് മഡുറോയെ ബന്ദിയാക്കിയതിന് പിന്നാലെയാണ് ട്രംപിന്റെ അവകാശ വാദങ്ങൾ. എണ്ണ അതിന്റെ വിപണി വിലയ്ക്ക് വിൽക്കുമെന്നും കൂടാതെ ആ പണം അമേരിക്കൻ പ്രസിഡന്റ് എന്ന നിലയിൽ താൻ നിയന്ത്രിക്കുമെന്നുമായിരുന്നു അദ്ദേഹം പറഞ്ഞത്.

കൈമാറുന്ന എണ്ണ സംഭരണ കപ്പലുകളിൽ കൊണ്ടുപോയി യു.എസ് ഡോക്കുകളിൽ ഇറക്കുമെന്നും ഊർജ സെക്രട്ടറി ക്രിസ് റൈറ്റ് പദ്ധതി നടപ്പിലാക്കുമെന്നുമായിരുന്നു ട്രംപിന്റെ വെളിപ്പെടുത്തൽ. എണ്ണ വില്പനയിലൂടെ ലഭിക്കുന്ന വരുമാനം വെനസ്വേലയിലെയും യുഎസിലെയും ജനങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുമെന്നാണ് ട്രംപിന്റെ അവകാശവാദം. ട്രംപ് അവകാശപ്പെട്ടതു പോലെ സംഭവിച്ചാൽ സമീപകാലത്തെ വെനസ്വേലയുടെ എണ്ണ ഉത്പാദനത്തിലെ ഏറ്റവും കൂടിയ അളവായിരിക്കും ഇത്. നിലവിൽ വെനസ്വേല 40–50 ദിവസം കൊണ്ട് ഉത്പാദിപ്പിക്കുന്ന എണ്ണയുടെ അത്രയും വരുമിത്. യുഎസ് ഉപരോധത്തിനുശേഷം വെനസ്വേല എണ്ണ ഉത്പാദിപ്പിക്കുന്നതിന്റെ അളവ് തീരെ കുറഞ്ഞിരുന്നു. ക്യൂബയും ചൈനയും പോലെ അപൂർവം രാജ്യങ്ങൾ മാത്രമാണ് ഇപ്പോൾ ഈ ലാറ്റിനമേരിക്കൻ രാജ്യത്തു നിന്ന് എണ്ണ വാങ്ങുന്നത്.

വെനസ്വേലയുടെ എണ്ണ വില്പനയ്ക്കുള്ള ഉപരോധം നീങ്ങിയാൽ തിരിച്ചടി മറ്റ് ഉത്പാദക രാജ്യങ്ങൾക്കാകും. ഇപ്പോൾ തന്നെ എണ്ണ വില 60 ഡോളറുകളിലാണ്. ഡിമാൻഡ് കുറഞ്ഞിരിക്കുകയും ലഭ്യത കൂടിയിരിക്കുകയും ചെയ്യുന്നതാണ് വില കയറാത്തതിന് കാരണം.മുൻവർഷങ്ങളെഅപേക്ഷിച്ച്എണ്ണ ഉത്പാദനം നടത്തുന്ന രാജ്യങ്ങളുടെ എണ്ണം വലിയതോതിൽ വർധിച്ചിട്ടുണ്ട്. ഇതാണ് ആഗോള വിപണിയിൽ ലഭ്യത വർധിപ്പിച്ചത്. ലോകത്ത് ഏറ്റവും കൂടുതൽ എണ്ണ ശേഖരമുള്ള വെനസ്വേലയിൽ നിന്ന് പൂർണമായ തോതിൽ എണ്ണ വിപണിയിലേക്ക് എത്തിയാൽ സൗദി അറേബ്യ ഉൾപ്പെടുന്ന ഒപെക് രാജ്യങ്ങൾക്കത് താങ്ങാനാവാത്ത തിരിച്ചടിയാകും. ഇപ്പോൾ തന്നെ എണ്ണ വിപണിയുടെ നിയന്ത്രണം ഒപെക് രാജ്യങ്ങൾക്ക് നഷ്ടപ്പെട്ട അവസ്ഥയാണ്. ലിബിയ, ഇറാഖ്, കരീബിയൻ ദ്വീപ് രാഷ്ട്രങ്ങൾ എന്നിവിടങ്ങളിൽനിന്നെല്ലാംവലിയതോതിൽഎണ്ണവിപണിയിലേക്ക്എത്തുന്നുണ്ട്.ചൈനപോലുള്ളവലിയ കസ്റ്റമേഴ്സിന്റെ എണ്ണ ആവശ്യകത കുറഞ്ഞ നിലയിലുമാണ്. ഡിമാൻഡ് കുറഞ്ഞ സ്ഥിതി തുടരുന്നത് എണ്ണ വ്യവസായത്തിന് വലിയ ദോഷമുണ്ടാക്കുമെന്നാണ് വിലയിരുത്തൽ. അതേസമയം എണ്ണവില എത്ര കുറയുന്നുവോ അത്ര നല്ലതാണെന്ന് കരുതുന്ന ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഇപ്പോഴത്തെ സംഭവവികാസങ്ങൾ നേട്ടമാണ്. എണ്ണവില 5558 ഡോളറിലേക്ക് താഴുമെന്നാണ് പൊതുവിലയിരുത്തൽ.

## എണ്ണ ഊറ്റാൻ കപ്പൽ വേട്ട

ഉപരോധം വകവയ്ക്കാതെ നിയമ വിരുദ്ധമായി എണ്ണ കടത്തുന്ന ഷാഡോ ഫ്ളീറ്റിന്റെ ഭാഗമെന്ന് അമേരിക്ക ആരോപിക്കുന്ന കപ്പലിന് സംരക്ഷണം നൽകാൻ റഷ്യ നാവിക സേനയെയും അത്യാധുനിക അന്തർ വാഹിനിയെയും അയച്ചിരിക്കുകയാണ്. ഇതോടെ അറ്റ്ലാന്റിക് സമുദ്രത്തിൽ അമേരിക്കയും റഷ്യയും നേർക്കുനേർ കൊമ്പു കോർക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. ‘ബെല്ല1 എന്ന് മുൻപ് അറിയപ്പെട്ടിരുന്ന ‘മാരിനേര’ എന്ന എണ്ണക്കപ്പലാണ്പ്രശ്നങ്ങളുടെകേന്ദ്രബിന്ദു എന്നാണ് പറയുന്നത്. വെനസ്വേലയിൽ നിന്ന് എണ്ണ കടത്താൻ ശ്രമിച്ച ഈ ടാങ്കറിനെതിരെ അമേരിക്ക ഉപരോധം ഏർപ്പെടുത്തിയിരുന്നു.

വെനസ്വേലൻ തീരം ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്ന കപ്പലിനെ കഴിഞ്ഞ മാസം കരീബിയൻ തീരത്തുവച്ച് അമേരിക്കൻ കോസ്റ്റ് ഗാർഡ് പിടിച്ചെടുക്കാൻ ശ്രമം നടത്തിയിരുന്നു. യു.എസിന്റെ ഉപരോധം മറികടന്ന് ഇറാനിൽ നിന്ന് എണ്ണ കടത്തിയെന്ന് ആരോപിച്ചാണ് ടാങ്കർ പിടിച്ചെടുക്കാനുള്ള വാറന്റുമായി കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥർ എത്തിയത്.എന്നാൽ അമേരിക്കൻ ഉദ്യോഗസ്ഥരെ കപ്പൽ ജീവനക്കാർ തടയുകയും ടാങ്കറിന്റെ ‘ബെല്ല 1’ എന്ന പേരുമാറ്റി ‘മാരിനേര’ എന്നാക്കുകയും ചെയ്തിരുന്നു. മാത്രമല്ല, ഗയാന പതാക മാറ്റി അതിൽ റഷ്യൻ പതാകയും സ്ഥാപിച്ചു. സാധാരണ പരിശോധനകളോ നിയമപ്രകാരമുള്ള നടപടിക്രമങ്ങളോ ഇല്ലാതെ റഷ്യ ഈ കപ്പലിനെ തങ്ങളുടെ രാജ്യത്ത് രജിസ്റ്റർ ചെയ്യാൻ അനുവദിച്ചത് അസാധാരണമായ നടപടിയാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടിയിരുന്നു.

തൊട്ടു പിന്നാലെയാണ് കപ്പലിന് സംരക്ഷണം ഒരുക്കാൻ റഷ്യ നാവിക സേനയെയും മുങ്ങിക്കപ്പലിനെയും അയച്ചത്. തുടർന്ന് തങ്ങളുടെ കപ്പലിനെ നിരീക്ഷിക്കുകയും പിന്തുടരുകയും ചെയ്യുന്നത് അമേരിക്ക അവസാനിപ്പിക്കണമെന്ന് റഷ്യ ആവശ്യപ്പെട്ടു. എന്നാൽ ഉപരോധം ലംഘിക്കുന്ന കപ്പലുകൾക്കെതിരെയുള്ള നടപടി ഇനിയും തുടരുമെന്നാണ് അമേരിക്ക വ്യക്തമാക്കിയിരിക്കുന്നത്. ഇതോടെ അറ്റ്ലാന്റിക് സമുദ്രത്തിൽ ഇരു രാജ്യങ്ങളും നേർക്കുനേർ ഏറ്റുമുട്ടുന്ന സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്.അറ്റ്ലാന്റിക്കിൽ കപ്പൽ പിടിച്ചെടുത്തതിന് പിന്നാലെ കരീബിയൻ കടലിലും കപ്പൽ വേട്ടയുമായി അമേരിക്ക എത്തിയിരുന്നു.

ഉപരോധം ലംഘിച്ച് വെനസ്വേലയിൽനിന്ന് എണ്ണക്കടത്ത് നടത്തുന്നതായി ആരോപിച്ച്റഷ്യൻപതാകയേന്തിയകപ്പൽവടക്കൻ അറ്റ്ലാന്റിക്കിൽ യുഎസ് പിടിച്ചെടുത്തതിനുപിന്നാലെയാണ് കരീബിയൻ കടലിൽ രണ്ടാമതൊരു കപ്പൽകൂടി അമേരിക്ക പിടിച്ചെടുത്തത്.നിയമവിരുദ്ധമായി എണ്ണ കടത്തുന്ന റഷ്യയുടെ ‘ഷാഡോ ഫ്ലീറ്റിന്റെ’ ഭാഗമാണ് ഈ കപ്പലെന്നാണ് യുഎസ് ആരോപിച്ചത്. നിഴൽ കപ്പൽപ്പടയിൽപ്പെട്ട രണ്ട് കപ്പലുകളിൽ അമേരിക്കൻ കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയതായി അമേരിക്കൻ ആഭ്യന്തര സുരക്ഷാ മേധാവി സ്ഥിരീകരിച്ചിട്ടുണ്ട്.

## റഷ്യ, സൗദി ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ എണ്ണ കയറ്റുമതിയെ ബാധിക്കുമോ ?

ലോകത്തിലെ ഏറ്റവും വലിയ എണ്ണ സമ്പത്തുള്ള രാജ്യമാണ് വെനസ്വേല. സൗദി അറേബ്യ പോലും വെനസ്വേലയ്ക്ക് പിന്നിലാണ് എന്നതാണ് യാഥാർത്ഥ്യം. 2023 ലെ കണക്ക് അനുസരിച്ച് 303 ബില്യൺ ബാരൽ എണ്ണഉള്ളവെനസ്വേലഅറിയപ്പെടുന്നഏറ്റവും വലിയ എണ്ണ ശേഖരമുള്ള രാജ്യമാണ്. 267.2 ബില്യൺ ബാരലുമായി സൗദി അറേബ്യ രണ്ടാം സ്ഥാനത്തും 208.6 ബാരലുമായി ഇറാൻ മൂന്നാം സ്ഥാനത്തും 163.6 ബാരലുമായി കാനഡ നാലാം സ്ഥാനത്തുമാണ്. ആഗോള എണ്ണ ശേഖരത്തിന്റെ പകുതിയിലധികവും ഈ നാല് രാജ്യങ്ങളും ചേർന്നാണ്.

യുഎസിന് ഏകദേശം 55 ബാരൽ എണ്ണയാണ് കൈവശമുള്ളത്. ഇത് ആഗോളതലത്തിൽ ഒമ്പതാം സ്ഥാനത്താണ്. അതായത് വെനസ്വേലയുടെ കരുതൽ ശേഖരം യുഎസിന്റെ കരുതൽ ശേഖരത്തേക്കാൾ അഞ്ചിരട്ടി കൂടുതലാണ്. നിലവിലെ സാങ്കേതിക വിദ്യ ഉപയോഗിച്ച് സാമ്പത്തികമായി വീണ്ടെടുക്കാൻകഴിയുന്നഅസംസ്കൃതഎണ്ണയുടെഅളവ്അളക്കുന്നആഗോളതലത്തിൽ തെളിയിക്കപ്പെട്ട എണ്ണ ശേഖരം ഏകദേശം 1.73 ട്രില്യൺ ബാരലാണ്. വെനസ്വേലയുടെ എണ്ണ ശേഖരം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ഒറിനോകോ ബെൽറ്റിലാണ്.

ഒബ്സർവേറ്ററി ഓഫ് ഇക്കണോമിക് കോംപ്ലക്സിറ്റിയുടെ ഡാറ്റ പ്രകാരം 2023 ൽ വെനസ്വേല വെറും 4.05 ബില്യൺ ഡോളർ മൂല്യമുള്ള അസംസ്കൃത എണ്ണ കയറ്റുമതി ചെയ്തു. സൗദി അറേബ്യ (181 ബില്യൺ ഡോളർ), യുഎസ് (125 ബില്യൺ ഡോളർ), റഷ്യ (122 ബില്യൺ ഡോളർ) എന്നിവയുൾപ്പെടെയുള്ള മറ്റ് പ്രധാന കയറ്റുമതിക്കാരേക്കാൾ ഇത് വളരെ കുറവാണ്.അസംസ്കൃത എണ്ണയ്ക്ക് പുറമേ, വെനിസ്വേല ഗ്യാസോലിൻ, ഡീസൽ തുടങ്ങിയ ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങളുടെ ചെറിയ അളവിൽ കയറ്റുമതി ചെയ്യുന്നുണ്ട്.

1960 സെപ്തംബർ 14ന് ഒപെക് രൂപീകരണ സമയത്ത് വെനസ്വേലയും ഭാഗമായിരുന്നു. 1976ൽ പിഡിവിഎസ്എ സൃഷ്ടിക്കപ്പെടുകയും വിദേശ എണ്ണ കമ്പനികൾ ദേശസാൽക്കരിക്കപ്പെടുകയും ചെയ്തതിനുശേഷം, വെനസ്വേല ഒരുകാലത്ത് ഒരു പ്രധാന എണ്ണ കയറ്റുമതിക്കാരനായിരുന്നു. 1990കളുടെ അവസാനത്തിലും 2000കളുടെ തുടക്കത്തിലും, വെനസ്വേല അമേരിക്കയ്ക്ക് പ്രതിദിനം ഏകദേശം 1.5 മുതൽ 2 ദശലക്ഷം ബാരൽ വരെ വിതരണം ചെയ്തു. ഇത് അമേരിക്കയുടെ ഏറ്റവും വലിയ വിദേശ എണ്ണ സ്രോതസ്സുകളിൽ ഒന്നാക്കി മാറ്റി.

## കാനഡയുടെ എണ്ണ കയറ്റുമതി

കാനഡയുടെ എണ്ണ കയറ്റുമതി പ്രധാനമായും അമേരിക്കയെ കന്ദ്രീകരിച്ചാണ് ഉള്ളത്. എന്നാൽ വെനസ്വേല പോലുള്ള രാജ്യങ്ങളിൽ നിന്നുള്ള മത്സരം കാരണം വിപണി വൈവിധ്യവത്കരിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നിട്ടുണ്ട്. ട്രാൻസ് മൗണ്ടൻ പൈപ്പ് ലൈൻ പോലുള്ള പദ്ധതികൾ വേഗത്തിലാക്കാനും ശ്രമങ്ങളുണ്ട്. കാരണം ഏഷ്യൻ വിപണികളിലേക്ക് എണ്ണ എത്തിക്കുന്നത് ആഗോള മത്സരത്തിൽ പിടിച്ചുനിൽക്കാൻ അത്യാവശ്യമാണെന്ന് അധികൃതർ കരുതുന്നു. വെനസ്വേലയുടെ കനത്ത എണ്ണ ഉത്പാദനം കാനഡയുടെ എണ്ണ വ്യാപാരത്തിന് ഭീഷണിയായേക്കാം. ചുരുക്കത്തിൽ, കാനഡ നിലവിൽ അമേരിക്കയെ പ്രധാനമായി ആശ്രയിക്കുന്നുണ്ടെങ്കിലും ആഗോള വിപണിയിലെ മാറ്റങ്ങൾക്ക് അനുസരിച്ച് പുതിയ വിപണികൾ കണ്ടെത്താനും കയറ്റുമതി മാർഗ്ഗങ്ങൾ മെച്ചപ്പെടുത്താനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

## ആഗോള എണ്ണ വ്യാപാരത്തെ എങ്ങനെ ബാധിക്കും ?

വെനസ്വേലയുടെ രാഷ്ട്രീയ അസ്ഥിരതയും സാമ്പത്തിക പ്രതിസന്ധിയും ആഗോള എണ്ണ വിതരണത്തെയും വിലയെയും നേരിട്ട് ബാധിക്കും. കാരണം ലോകത്തിലെ ഏറ്റവും വലിയ എണ്ണ ശേഖരം അവിടെ ആയതുകൊണ്ടു തന്നെയാണത്. അമേരിക്കൻ സമ്മർദ്ദം ഉത്പാദനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ തുറക്കുന്നുണ്ടെങ്കിലും വലിയ നിക്ഷേപവും സമയവും ആവശ്യമാണ്. ഇത് തടസങ്ങൾ സൃഷ്ടിക്കുന്നു. അമേരിക്കൻ കമ്പനികളുടെ പ്രവേശനത്തിലൂടെ വിപണിയിൽ വലിയ സ്വാധീനം ചെലുത്താൻ സാധ്യതയുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ എണ്ണ ശേഖരം കൈവശമുണ്ടായിട്ടും സാമ്പത്തിക പ്രതിസന്ധി കാരണം അത് വേണ്ട വിധം പ്രയോജനപ്പെടുത്താൻ കഴിയാത്ത ‘നിധിയുടെ മുകളിലിരിക്കുന്ന ദരിദ്രൻ’ എന്ന അവസ്ഥയിലാണ് വെനസ്വേല. അവിടുത്തെ രാഷ്ട്രീയ പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന വിതരണ തടസ്സങ്ങൾ ആഗോള തലത്തിൽ എണ്ണവില വർദ്ധിപ്പിക്കാൻ കാരണമാകുന്നുണ്ട്. വെനസ്വേലയിലെ എണ്ണ ഉൽപാദനം കൂട്ടി വിപണിയിൽ സ്വാധീനം ചെലുത്താൻ യു.എസ്. പ്രസിഡന്റ് ട്രംപ് താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

ഉൽപാദനം വർദ്ധിപ്പിക്കാൻ വലിയ നിക്ഷേപം ആവശ്യമാണെന്നിരിക്കെ, അമേരിക്കൻ കമ്പനികളുടെ സഹായത്തോടെ ഇത് സാധ്യമാക്കുന്നത് ആഗോള വിതരണത്തിലും വിലയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരും.

# റഷ്യ ഉപരോധ ബില്ലിന് ട്രംപിന്റെ അനുമതി

(ഒന്നാം പേജ് തുടർച്ച)

ആക്രമിച്ച് യുദ്ധം ആരംഭിച്ചത്. ഈ നിയമം പ്രാബല്യത്തിൽ വന്നാൽ, റഷ്യയുമായി വ്യാപാരം നടത്തുന്ന രാജ്യങ്ങൾ പ്രത്യേകിച്ച് റഷ്യയിൽ നിന്ന് എണ്ണ, ഗ്യാസ് പോലുള്ള ഊർജ്ജ വിഭവങ്ങൾ വാങ്ങുന്ന രാജ്യങ്ങൾ എന്നിവയ്ക്കെതിരെ യു.എസിന് കടുത്ത ഉപരോധങ്ങൾ ഏർപ്പെടുത്താൻ സാധിക്കും.ഈ ബിൽ വഴി റഷ്യയിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് എണ്ണ വാങ്ങി പ്രസിഡന്റ് വ്ളാദിമിർ പുടിന്റെ യുദ്ധം തുടരാൻ സഹായിക്കുന്ന രാജ്യങ്ങളെ ശിക്ഷിക്കാൻ പ്രസിഡന്റ് ട്രംപിന് അധികാരം ലഭിക്കും എന്നാണ് സെനറ്റർ ലിൻഡ്സി ഗ്രഹാം വ്യക്തമാക്കുന്നത്. ചൈന, ഇന്ത്യ, ബ്രസീൽ എന്നീ രാജ്യങ്ങളുടെ പേരുകൾ അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാട്ടി.

ഈ രാജ്യങ്ങൾ റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്ന പ്രധാന രാജ്യങ്ങളായതിനാൽ, ഈ നിയമനിർമാണത്തിന്റെ ഭാഗമായി ഇവ ഉപരോധങ്ങളുടെ ലക്ഷ്യമായി മാറാൻ സാധ്യതയുണ്ടെന്നാണ് സൂചന.ഇതുവരെ ഈ ബിൽ വോട്ടിനായി കൊണ്ടുവരാൻ സെനറ്റും പ്രതിനിധി സഭയും മടിച്ചിരുന്നു. കാരണം, പ്രസിഡന്റ് ട്രംപ് ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് താരിഫ് ഏർപ്പെടുത്തുന്നതിലൂടെയാണ് റഷ്യ വിഷയത്തിൽ സമ്മർദ്ദം ചെലുത്താൻ ആഗ്രഹിച്ചിരുന്നത്. ഇന്ത്യയാണ് ചൈനയ്ക്ക് പിന്നാലെ റഷ്യൻ എണ്ണ വാങ്ങുന്ന ലോകത്തിലെ രണ്ടാമത്തെ വലിയ രാജ്യം.

അതേസമയം കഴിഞ്ഞ നാല് വർഷത്തോളം നീണ്ടുനിൽക്കുന്ന യുക്രെയിൻ യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകൾ നവംബർ മുതൽ വേഗത്തിലായിട്ടുണ്ട്. ചൊവ്വാഴ്ച, യു.എസ്. ഉൾപ്പെടെയുള്ള യുക്രെയിന്റെ സഖ്യരാജ്യങ്ങൾ, റഷ്യ വീണ്ടും ആക്രമിച്ചാൽ യുക്രെയിനെ സംരക്ഷിക്കാൻ സുരക്ഷാ ഉറപ്പുകൾ നൽകുമെന്ന് പ്രഖ്യാപിച്ചു. എന്നാൽ ഈ വിഷയത്തിൽ റഷ്യ ഇതുവരെ യാതൊരു നിലപാടും വ്യക്തമാക്കിയിട്ടില്ല. യു.എസ്. മുന്നോട്ടുവച്ച ഒരു സമാധാന നിർദേശത്തിൽ യുക്രെയിൻ ചില മാറ്റങ്ങൾ ആവശ്യപ്പെട്ടതിന് ശേഷവും റഷ്യ അതിനോട് അനുകൂല പ്രതികരണം നൽകിയിട്ടില്ല.






## SEEKING BRIDEGROOM

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#010726

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#010726

## SEEKING BRIDEGROOM

We are seeking a suitable proposal for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241, India: 91-9946 968570**

#010726

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#010726

## ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–648–3300**

#010726

## ബേബി സിറ്ററെ ആവശ്യമുണ്ട്

**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773–679–5526,**
**ആൽബി 773–396–0535**

#010726

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കു വേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ചാക്കോ തോമസ്**

#010726

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീകദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**വർഗീസ്**

#010726

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

**To Advertise**
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

**For E-Paper reading visit Vachakam.com**


# ഒഹായോ ഗവർണർ തിരഞ്ഞെടുപ്പ്; റണ്ണിംഗ് മേറ്റിനെ വെളിപ്പെടുത്തി വിവേക് രാമസ്വാമി



ന്യൂയോർക്ക്: 2026 ലെ ഒഹായോ ഗവർണർ തിരഞ്ഞെടുപ്പിൽ ഒഹായോ സെനറ്റ് പ്രസിഡന്റ് റോബ് മക്കോളിയെ തന്റെ റണ്ണിംഗ് മേറ്റായി തിരഞ്ഞെടുത്തതായി റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി വിവേക് രാമസ്വാമി.

'റോബ് മക്കോളിയെ എന്റെ റണ്ണിംഗ് മേറ്റ് ആയി പ്രഖ്യാപിക്കുന്നതിൽ ഞാൻ ആവേശഭരിതനാണ്. ഞാൻ ഒരു സംരംഭകനാണ്, ഒരു രാഷ്ട്രീയക്കാരനല്ല, ഞങ്ങളുടെ അഭിലാഷമായ നിയമനിർമ്മാണ അജണ്ട മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുന്ന ഒരു ഭരണ പങ്കാളിയായി ഞാൻ റോബിനെ തിരഞ്ഞെടുത്തു.' രാമസ്വാമി പ്രസ്താവനയിൽ പറഞ്ഞു.

റോബ് ഒരു യാഥാസ്ഥിതിക നേതാവാണ്, അമേരിക്കൻ സ്വപ്നം യാഥാർത്ഥ്യമാക്കുക എന്ന എന്റെ ദർശനത്തിൽ അദ്ദേഹം പ്രതിജ്ഞാബദ്ധനാണെന്നും രാമസ്വാമി കൂട്ടിച്ചേർത്തു. റിപ്പബ്ലിക്കൻ അംഗമായ മക്കോളി നിലവിൽ ഒഹായോ സെനറ്റ് ഡിസ്ട്രിക്റ്റ് 1 നെ പ്രതിനിധീകരിക്കുന്നു, ഇതിൽ സംസ്ഥാനത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗത്തുള്ള 11 കൗണ്ടികൾ ഉൾപ്പെടുന്നു.

2014ൽ ഒഹായോ പ്രതിനിധി സഭയിലേക്ക് ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട മക്കോളി, 2025 ജനുവരിയിൽ ഒഹായോ സെനറ്റിന്റെ പ്രസിഡന്റായി ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടു. നവംബറിലെ തിരഞ്ഞെടുപ്പിന് മുന്നോടിയായി അടുത്ത 10 മാസത്തേക്ക് ഇവർ ഒഹായോയിലുടനീളം സഞ്ചരിക്കുമെന്ന് അടുത്ത വൃത്തങ്ങൾ പറഞ്ഞു.

# ട്രംപ് ഭരണകൂടത്തിന്റെ ഡ്രഗ് റീബേറ്റ് പദ്ധതി തടഞ്ഞു കോടതി

യു.എസ്. ഫെഡറൽ അപ്പീൽസ് കോടതി ബുധനാഴ്ച ട്രംപ് ഭരണകൂടത്തിന്റെ പൈലറ്റ് ഡ്രഗ് റീബേറ്റ് പദ്ധതി തടഞ്ഞതായി റിപ്പോർട്ട്. ഈ പദ്ധതി പ്രകാരം, കുറഞ്ഞ വരുമാനമുള്ള ആളുകൾക്ക് സേവനം നൽകുന്ന ആശുപത്രികൾ ആദ്യം 10 വിലയേറിയ മരുന്നുകൾ പൂർണ്ണ വിലയിൽ വാങ്ങി പിന്നീട് റീബേറ്റ് സ്വീകരിക്കേണ്ടതായിരുന്നു.

എന്നാൽ അമേരിക്കൻ ഹോസ്പിറ്റൽ അസോസിയേഷൻ ഉൾപ്പെടെയുള്ള ചില ആശുപത്രി സംഘടനകൾ ഇത് ആശുപത്രികൾക്ക് വളരെയധികം സാമ്പത്തിക ഭാരം കൂട്ടും എന്ന് വാദിച്ച് കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. മെയ്നിലെ ഒരു മുൻകൂർ ഉത്തരവ് വിഷയത്തിൽ ഇപ്പോഴും നിലനിൽക്കുന്നു. കോടതി, ഒഞടഅ (Health Resources and Services Administration) പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് അതിന്റെ ആഘാതങ്ങൾ പരിശോധിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കി.



പദ്ധതിയിൽ Eliquis, Xarelto, Januvia പോലുള്ള ചില പ്രധാന മരുന്നുകൾ ഉൾപ്പെട്ടിരുന്നതാണ്. പുതിയ പദ്ധതി നടപ്പിലായിരുന്നെങ്കിൽ, സേഫ്റ്റി നെറ്റ് ആശുപത്രികൾക്ക് ആദ്യം മുഴുവൻ വില നൽകേണ്ടി വരികയും, പിന്നീട് റീബേറ്റ് ലഭിക്കുകയുമായിരുന്നു. എന്നാൽ ഈ നടപടി കോടതി തടഞ്ഞ്, നിലവിലുള്ള 340B rebate സംവിധാനവും, മെഡിക്കെയർ പ്രകാരമുള്ള മുൻകൂർ വിലക്കിഴിവും തുടരാൻ സാധിക്കുന്നതായി അധികൃതർ അറിയിച്ചു.

ആശുപത്രികൾക്ക് സാമ്പത്തിക ബാധ്യത കുറയ്ക്കുകയും ഗ്രാമീണ, കുറഞ്ഞ വരുമാനമുള്ള മേഖലകളിലെ രോഗികളെ സംരക്ഷിക്കുകയും ചെയ്യുന്നതാണ് ഈ ഉത്തരവിന്റെ പ്രധാന ലക്ഷ്യം.

# കാനഡയിലേയ്ക്കുള്ള 2026ലെ പുതിയ ഇമിഗ്രേഷൻ നിയമം അറിയാം

ഇമിഗ്രേഷൻ നിയമങ്ങൾ കർശനമാക്കാനും 2026ൽ പുതിയ താമസക്കാർ, വിദ്യാർത്ഥികൾ, താൽക്കാലിക തൊഴിലാളികൾ എന്നിവരുടെ എണ്ണം കുറയ്ക്കാനും ഒരുങ്ങുകയാണ് കാനഡ. വർഷങ്ങളായി കുടിയേറ്റ നിലവാരം ഉയർത്തിക്കൊണ്ടിരുന്ന രാജ്യത്തിന് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വെട്ടിക്കുറവുകൾ ഒരു പ്രധാന മാറ്റമാണ്. 2024 അവസാനത്തോടെ ആദ്യമായി അവതരിപ്പിക്കുകയും നവംബറിൽ വീണ്ടും അപ്ഡേറ്റ് ചെയ്യുകയും ചെയ്ത പുതിയ പരിധികളും കുറഞ്ഞ ലക്ഷ്യങ്ങളും കാനഡയുടെ തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിനും ഭവന നിർമ്മാണം താങ്ങാനാവുന്ന വില പരിഹരിക്കുന്നതിനും ആരോഗ്യ സംരക്ഷണം പോലുള്ള പൊതു സേവനങ്ങളിലെ സമ്മർദ്ദം ലഘൂകരിക്കുന്നതിനുമാണ്.




2026ൽ കാനഡ അംഗീകരിക്കുന്ന പുതിയ സ്ഥിരം, താൽക്കാലിക താമസക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കുന്നത് തുടരുമെങ്കിലും, പുതിയ മുൻഗണനകൾ വൈദഗ്ധ്യമുള്ള തൊഴിലാളികൾക്കും, ഫ്രഞ്ച് സംസാരിക്കുന്ന അപേക്ഷകർക്കും, കനേഡിയൻ പരിചയമുള്ളവർക്കും മുൻതൂക്കം നൽകും. ഈ പരിധികളും കർശനമായ യോഗ്യതാ നിയമങ്ങളും കാരണം കാനഡയിലേയ്ക്ക് വരുന്നവർ, പ്രത്യേകിച്ച് വിദ്യാർത്ഥികളും തൊഴിലാളികളും, കനേഡിയൻ സമ്പദ്വ്യവസ്ഥയ്ക്ക് ഉൽപാദനപരമായി സംഭാവന നൽകാൻ മികച്ച സ്ഥാനത്തുള്ളവരാണെന്ന് അവ ഉറപ്പാക്കുന്നുവെന്ന് കാൽഗറി ആസ്ഥാനമായുള്ള ഇമിഗ്രേഷൻ കൺസൾട്ടന്റ് മൻദീപ് ലിദർ പറഞ്ഞു.

കാനഡയിൽ പഠിക്കാനോ ജോലി ചെയ്യാനോ താമസിക്കാനോ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, 2026ൽ രാജ്യത്തിന്റെ കുടിയേറ്റ നിയമങ്ങളിലെ മാറ്റങ്ങളെക്കുറിച്ച് നിങ്ങൾ അറിയേണ്ട കാര്യങ്ങൾ ഇതാ.

**വർക്ക് പെർമിറ്റുകൾ അവസാനിക്കുന്നു**

2025 അവസാനത്തോടെ കാനഡയിലുള്ള പത്തുലക്ഷത്തിലധികം ആളുകളുടെ വർക്ക് പെർമിറ്റുകളുടെ കാലാവധി തീരുമെന്ന് നേരത്തെ തന്നെ മുന്നറിയിപ്പ് നൽകിയിരുന്നതാണ്.

ഇമിഗ്രേഷൻ കൺസൾട്ടന്റ് കാൻവാർ സെറാഹ് പുറത്തുവിട്ട വിവരങ്ങൾ പ്രകാരം, 2026ൽ മാത്രം 9,27,000 പേരുടെ വിസ കൂടി അവസാനിക്കും. നിശ്ചിത സമയത്തിനുള്ളിൽ വിസ പുതുക്കാനോ സ്ഥിരം താമസത്തിനുള്ള അനുമതി നേടാനോ സാധിച്ചില്ലെങ്കിൽ ഇവർക്ക് രാജ്യം വിടേണ്ടി വരും.

**പുതിയ നയം ലക്ഷ്യമിടുന്നത്**

കാനഡയുടെ 'ഇമിഗ്രേഷൻ ലെവൽസ് പ്ലാൻ 2026-2028' അനുസരിച്ച് ഓരോ വർഷവും രാജ്യത്തേക്ക് പ്രവേശിക്കുന്നവരുടെ എണ്ണത്തിൽ വലിയ വെട്ടിക്കുറയ്ക്കലുകളാണ് വരുത്തിയിരിക്കുന്നത്.

**സ്ഥിരം താമസം** (PR): 2024ൽ 4,83,000 ആയിരുന്ന ലക്ഷ്യം 2026 ൽ 3,80,000 ആയി കുറച്ചു.

**താൽക്കാലിക തൊഴിലാളികൾ**: 2025ൽ 3,67,750 ആയിരുന്നത് 2026ൽ 2,30,000 ആയി ചുരുങ്ങും.

**വിദ്യാർത്ഥി വിസ**: 2026ൽ 1,55,000 പുതിയ വിസകൾ മാത്രമാണ് അനുവദിക്കുക. 2027, 2028 വർഷങ്ങളിൽ ഇത് 1,50,000 ആയി വീണ്ടും കുറയും.

**താൽക്കാലിക താമസക്കാർ**: 2025ൽ 6.7 ലക്ഷമായിരുന്ന പ്രവേശനം 2027-28 ഓടെ 3.7 ലക്ഷമായി പകുതിയോളം കുറയ്ക്കാനാണ് പദ്ധതി.

വിസ കാലാവധി തീരുന്ന താൽക്കാലിക താമസക്കാർക്ക് അവരുടെ നിയമപരമായ സ്റ്റാറ്റസ് പുനസ്ഥാപിക്കാൻ 90 ദിവസത്തെ സമയം ലഭിക്കും. ഇതിനായി $255 ഫീസും വർക്ക് പെർമിറ്റ് ഫീസും അടച്ച് കൃത്യമായ വിശദീകരണം നൽകേണ്ടതുണ്ട്. എന്നാൽ ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ മാസങ്ങൾ എടുത്തേക്കാം എന്നതും ഈ കാലയളവിൽ ജോലി ചെയ്യാൻ അനുവാദം ഉണ്ടാകില്ല എന്നതും പ്രവാസികളെ വലയ്ക്കുന്ന കാര്യമാണ്.

**ആശങ്കയിൽ ഇന്ത്യൻ സമൂഹം**

കാനഡയിലെ കുടിയേറ്റക്കാരിൽ വലിയൊരു വിഭാഗം ഇന്ത്യക്കാരായതിനാൽ പുതിയ നയങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുക മലയാളി അടക്കമുള്ള പ്രവാസി സമൂഹത്തെയാണ്. അപേക്ഷകൾ പകുതിക്ക് വെച്ച് റദ്ദാക്കാനോ തടഞ്ഞുവെക്കാനോ ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്ന മാറ്റങ്ങളും ഇതിലുണ്ട്.

സാധാരണ ഒരു വർഷത്തെ കോഴ്സ് എടുത്താൽ ഒരു വർഷം മുതൽ രണ്ട് വർഷം വരെയും രണ്ട് വർഷത്തെ കോഴ്സാണെങ്കിൽ മൂന്ന് വർഷം വരെയും വർക്ക് പെർമിറ്റ് ലഭിക്കാറുണ്ട്. ഈ കാലയളവിലാണ് ഇവർ ജോലിക്ക് കയറേണ്ടുന്നത്. അവിടെ നിന്ന് വർക്ക് വിസ സംഘടിപ്പിച്ച് ജോലിയിൽ തുടർന്നാൽ മാത്രമേ കുടിയേറ്റം സാധ്യമാകൂ.

എന്നാൽ ഇങ്ങനെ വർക്ക് പെർമിറ്റ് കാലത്ത് തുടർന്ന വിദ്യാർത്ഥികൾക്കാണ് അവരുടെ പെർമിറ്റ് കാലാവധി അവസാനിക്കുന്നത്. ഇതിൽ ഭൂരിഭാഗം പേർക്കും ജോലി ലഭിച്ചില്ലെന്നാണ് വിവരം. ഇതോടെ നിരവധി വിദ്യാർത്ഥികൾ ഇന്ത്യയിലേക്ക് തിരിച്ച് വരേണ്ടി വരുമെന്നാണ് കാനഡയിൽനിന്നും പുറത്തുവരുന്ന വിവരം.

കനേഡിയൻ സർക്കാരിന്റെ കണക്ക് പ്രകാരം 2025ൽ 10,53,000 വിദ്യാർത്ഥികളുടെ വർക്ക് പെർമിറ്റുകളുടെ കാലാവധിയാണ് അവസാനിച്ചത്. ഈ വർഷം ആദ്യ മൂന്ന് മാസത്തിൽ 9,27,000 പേരുടെ വർക്ക് പെർമിറ്റും അവസാനിക്കന്നതിൽ പത്ത് ലക്ഷത്തോളം ഇന്ത്യൻ വിദ്യാർത്ഥികളാണെന്നാണ് സൂചന.

മുമ്പ് കാനഡയിൽ പഠിക്കാൻ പോകുന്നവരുടെ പങ്കാളിക്കാണെങ്കിലും എളുപ്പത്തിൽ വർക്ക് പെർമിറ്റ് ലഭിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ മാസ്റ്റേഴ്സ്, ഡോക്ടറേറ്റ് പോലുള്ള ഉന്നത കോഴ്സുകൾക്ക് പോകുന്നവരുടെ പങ്കാളികൾക്ക് മാത്രമേ വർക്ക് പെർമിറ്റ് ലഭിക്കുകയുള്ളൂ. കാനഡയിലേക്ക് പഠിക്കാൻ പോകുന്ന വിദ്യാർത്ഥികൾ ബാങ്കിൽ കാണിക്കേണ്ട തുക ഏതാണ്ട് 12.5 ലക്ഷം രൂപയായും വർധിപ്പിച്ചു.

ഇത് ഇടത്തരക്കാരായ മലയാളി കുടുംബങ്ങൾക്ക് താങ്ങാവുന്നതിലും അപ്പുറമാണ്. മാത്രമല്ല പി.ആർ ലഭിക്കാനുള്ള വഴിയിൽ ഇന്ന് ഫ്രഞ്ച് ഭാഷ വലിയൊരു തടസമാണ്. ഇംഗ്ലീഷ് മാത്രം അറിഞ്ഞതുകൊണ്ട് ഇന്ന് കാനഡയിൽ രക്ഷപ്പെടാൻ കഴിയില്ല എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്.

അതുകൊണ്ട് തന്നെ പഠനം പൂർത്തിയാക്കി പി.ആർ സ്വപ്നം കണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും ജോലി നഷ്ടപ്പെടുമെന്ന ഭീതിയിലുള്ള താൽക്കാലിക തൊഴിലാളികൾക്കും വരും മാസങ്ങൾ ഏറെ വെല്ലുവിളി നിറഞ്ഞതായിരിക്കുമെന്നാണ് വിലയിരുത്തൽ.




# മിനിയാപൊളിസിൽ യുഎസ് ഇമിഗ്രേഷൻ ഏജന്റിന്റെ വെടിയേറ്റ് സ്ത്രീ കൊല്ലപ്പെട്ടു



വാഷിങ്ടൺ : മിനിയാപൊളിസിൽ നടന്ന ഇമിഗ്രേഷൻ റെയ്ഡിനിടെ യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് (ICE) ഏജന്റിന്റെ വെടിയേറ്റ് 37 വയസ്സുള്ള റെനെ നിക്കോൾ ഗുഡ് എന്ന യുഎസ് പൗര കൊല്ലപ്പെട്ടു.

മിനിയാപൊളിസിലെ ഈസ്റ്റ് 34-ാം സ്ട്രീറ്റിലും പോർട്ട്ലാൻഡ് അവന്യൂവിലും നടന്ന ഒരു ഇമിഗ്രേഷൻ ഓപ്പറേഷനിടെയാണ് വെടിവയ്പുണ്ടായത്. റെനെ തന്റെ വാഹനം ഓടിച്ചുകയറ്റി ഏജന്റുമാരെ അപായപ്പെടുത്താൻ ശ്രമിച്ചപ്പോഴാണ് വെടിവച്ചതെന്നാണ് ഹോംലാൻഡ് സെക്രട്ടറി ക്രിസ്റ്റി നോം വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

എന്നാൽ മിനിയാപൊളിസ് മേയർ ജേക്കബ് ഫ്രേയും ഗവർണർ ടിം വാൽസും ഈ വാദം തള്ളിക്കളഞ്ഞു. പുറത്തുവന്ന വീഡിയോ ദൃശ്യങ്ങളിൽ വാഹനം ഏജന്റുമാർക്ക് നേരെ ഓടിച്ചു കയറ്റുന്നതായി കാണുന്നില്ലെന്ന് അവർ പറഞ്ഞു.

വെടിവയ്പ്പിനെത്തുടർന്ന് പ്രദേശത്ത് ഒരു വലിയ ജനക്കൂട്ടം തടിച്ചുകൂടി.

പ്രതിഷേധം വ്യാപിക്കുകയാണ്. ഇതോടെ നാഷനൽ ഗാർഡുകളെ വിന്യസിക്കാൻ സാധ്യയേറുകയാണ്.

അതേസമയം, പ്രധാന അമേരിക്കൻ നഗരങ്ങളിൽ നടക്കുന്ന ഇമിഗ്രേഷൻ എൻഫോഴ്സ്മെന്റ് നടപടികളുടെ നാടകീയമായ വർദ്ധനവാണ് വെടിവയ്പ്പ് സൂചിപ്പിക്കുന്നത്. 2024 മുതലുള്ള ഐസിഇ റെയ്ഡിനിടെ കൊല്ലപ്പെടുന്ന അഞ്ചാമത്തെ വ്യക്തിയാണിത്.

# കാനഡ യുഎസ് ഖനനം ആഗ്രഹിക്കുന്നുണ്ടോ? എന്തുകൊണ്ട് ?

ആയിരക്കണക്കിന് തടാകങ്ങളുടെയും വിശാലമായ വനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും ആവാസ കേന്ദ്രമാണ് ക്യൂബെക്കിന്റെ പടിഞ്ഞാറൻ അറ്റത്തുള്ള ഔട്ടൗയിസ് പ്രദേശം. മോൺട്രിയൽ, ഒട്ടാവ നഗരങ്ങളിൽ നിന്ന് വളരെ അകലെയല്ലെങ്കിലും താരതമ്യേന സമീപത്തായി കിടക്കുന്ന ലാ പെറ്റൈറ്റ്നേഷൻ എന്നറിയപ്പെടുന്ന ഒരു വനപ്രദേശത്തിന്റെ പശ്ചാത്തലം കൂടിയാണിത്.



എന്നിരുന്നാലും, പെന്റഗണിന്റെ ധനസഹായത്തോടെ വിവാദപരമായ ഒരു ഗ്രാഫൈറ്റ് ഖനിയുടെ വരവോടെ അത് മാറും എന്നാണ് വിലയിരുത്തൽ. ബ്രിട്ടീഷ് കൊളംബിയ ആസ്ഥാനമായുള്ള ലോമിക്കോ മെറ്റൽസ് എന്ന കമ്പനി ലാ പെറ്റൈറ്റ്നേഷനിൽ ഒരു ഓപ്പൺഎയർ ഗ്രാഫൈറ്റ് ഖനി നിർമ്മിക്കാൻ പദ്ധതിയിടുന്നുണ്ട്. പ്രവർത്തനക്ഷമമായാൽ, ഖനി 15 വർഷത്തേക്ക് പ്രതിവർഷം 100,000 ടൺ ഗ്രാഫൈറ്റ് ഉത്പാദിപ്പിക്കും.

എട്ട് വർഷം മുമ്പ് ഖനി ആദ്യമായി പ്രഖ്യാപിച്ചത് മുതൽ, പാരിസ്ഥിതിക ആശങ്കകളും വളർന്നുവരുന്ന ഇക്കോടൂറിസം സമ്പദ്വ്യവസ്ഥയെ ഭീഷണിപ്പെടുത്തുമെന്ന ഭയവും കാരണം നിരവധി നിവാസികൾ പദ്ധതിയെ എതിർത്ത് രംഗത്തെത്തിയിരുന്നു. ഓപ്പൺഎയർ ഗ്രാഫൈറ്റ് ഖനികൾ വായുവിനെയും വെള്ളത്തെയും മലിനമാക്കുന്ന പൊടിപടലങ്ങൾ ഉത്പാദിപ്പിക്കുന്നു എന്നാണ് വിലിരുത്തൽ. മാത്രമല്ല അമേരിക്ക ഇടപെട്ടതോടെ എതിർപ്പ് കൂടുതൽ ശക്തമായി.

ആദ്യം, ഊർജ്ജ പരിവർത്തനത്തിനായുള്ള ഒരു പരിസ്ഥിതി സൗഹൃദ പദ്ധതി എന്ന നിലയിലാണ് ഈ പദ്ധതി അവതരിപ്പിച്ചത്, ഖനിയെ എതിർക്കുന്ന മേഖലയിലെ 10 തടാക സംരക്ഷണ സംഘടനകളുടെ കൂട്ടായ്മയായ ലാ പെറ്റൈറ്റ്നേഷൻ ലേക്സ് പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ പ്രസിഡന്റ് ലൂയിസ് സെന്റ്ഹിലൈർ പറഞ്ഞു. പദ്ധതിയെക്കുറിച്ച് ആശങ്കയുണ്ടായിരുന്നെങ്കിലും, ലിഥിയം-അയൺ ബാറ്ററികൾ നിർമ്മിക്കാൻ ഗ്രാഫൈറ്റ് ആവശ്യമാണെന്ന് താമസക്കാർ മനസ്സിലാക്കി. 2024ൽ, ദേശീയ പ്രതിരോധത്തിന് ആവശ്യമായ വിഭവങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ട്, പ്രതിരോധ ഉൽപ്പാദന നിയമ നിക്ഷേപ പരിപാടിയിലൂടെ പദ്ധതിയിൽ 8.3 മില്യൺ ഡോളർ നിക്ഷേപിക്കുമെന്ന് പെന്റഗൺ പ്രഖ്യാപിച്ചിരുന്നു.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷമുള്ള ആദ്യത്തെ വലിയ നിക്ഷേപമായ ഒന്റാറിയോയിൽ ഒരു കോബാൾട്ട് റിഫൈനറി നിർമ്മിക്കുന്നതിനുള്ള 20 മില്യൺ ഡോളറിന്റെയും വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ ഒരു ബിസ്മത്ത്, കോബാൾട്ട് പദ്ധതി നിർമ്മിക്കുന്നതിനുള്ള 6.4 മില്യൺ ഡോളറിന്റെയും ഗ്രാന്റിനൊപ്പമാണിത്. പ്രധാന വലിയ നിക്ഷേപകൻ അമേരിക്കൻ സൈന്യമാണ്, അവർക്ക് ധാരാളം ഗ്രാഫൈറ്റ് ആവശ്യമാണ്, ആളുകൾക്ക് അത് ഇതിലും കുറവാണ് വേണ്ടത്. 2025 ഓഗസ്റ്റിൽ നടത്തിയ ഒരു റഫറണ്ടം കാണിക്കുന്നത് ഖനിക്ക് ചുറ്റുമുള്ള സമൂഹങ്ങളിലെ 95% ആളുകളും പദ്ധതിയെ എതിർത്തിരുന്നു എന്നാണ്.

അതേസമയം കാനഡയും അമേരിക്കയും തമ്മിലുള്ള ബന്ധം ബൈഡൻ ഭരണകൂടം ആദ്യമായി ധനസഹായം പ്രഖ്യാപിച്ചപ്പോഴുള്ളതിനേക്കാൾ കൂടുതൽ സംഘർഷഭരിതമായി മാറിയിരിക്കുകയാണ്. കാരണം രാജ്യത്തെ യു.എസിന്റെ 51-ാമത്തെ സംസ്ഥാനമാക്കി മാറ്റുമെന്ന ഡൊണാൾഡ് ട്രംപിന്റെ ഭീഷണികളെക്കുറിച്ച് കനേഡിയൻമാർ മറന്നിട്ടില്ല. ഖനിയെ എതിർക്കുന്ന ഗ്രൂപ്പുകളിൽ ഒരാളെ നയിക്കുന്ന ജീൻഫ്രാങ്കോയിസ് ഡെസ്മറൈസ് പറഞ്ഞത് അമേരിക്കൻ സൈന്യത്തിന് കനേഡിയൻ വിഭവങ്ങൾ ചൂഷണം ചെയ്യാൻ അനുവദിക്കുന്നത് വിരോധാഭാസമായി തോന്നുന്നു എന്നാണ്. അവർ ആയുധങ്ങളിൽ നിക്ഷേപിക്കാൻ ധാതുക്കൾ എടുക്കാൻ വരുന്നു, തങ്ങളെ കൂട്ടിച്ചേർക്കാനും എന്നാണ് പ്രതികരിച്ചത്.

യുഎസ് ഖനനത്തെ കാനഡ (പ്രത്യേകിച്ച് അത്യാവശ്യ ധാതുക്കൾ) ആഗ്രഹിക്കുന്നത് പ്രധാനമായും യുഎസ് ആവശ്യകതകൾ, സ്വന്തം സാമ്പത്തിക വളർച്ച, ചൈനയുമായി മത്സരിക്കാനുള്ള ശ്രമം എന്നിവ കാരണമാണ്. യുഎസിന് കാനഡയുടെ ധാതുക്കൾ വേണം, അതുവഴി ചൈനയുടെ ആധിപത്യം കുറയ്ക്കാനും തങ്ങളുടെ സാങ്കേതിക വിദ്യകൾക്കും പ്രതിരോധത്തിനും വേണ്ടിയുള്ള വിതരണ ശൃംഖല സുരക്ഷിതമാക്കാനും കഴിയണം. കാനഡയ്ക്ക് ഇത് വലിയ നിക്ഷേപം, തൊഴിൽ, സാമ്പത്തിക ഉത്തേജനം എന്നിവ നൽകുന്നുവെന്നും ചില റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

### കാനഡയുടെ കാഴ്ചപ്പാട്

**അത്യാവശ്യ ധാതുക്കളുടെ ലഭ്യത** (Critical Minerals): വൈദ്യുത വാഹനങ്ങൾ, സാങ്കേതിക വിദ്യ എന്നിവയ്ക്ക് ആവശ്യമായ നിക്കൽ, കോബാൾട്ട്, ലിഥിയം തുടങ്ങിയ ധാതുക്കൾ കാനഡയുടെ കൈവശമുണ്ട്. ഇത് യുഎസിന് അത്യാവശ്യമാണ്.

**സാമ്പത്തിക നേട്ടം**: ഖനന പദ്ധതികൾ വേഗത്തിലാക്കുന്നത് കാനഡയുടെ സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾക്കും സഹായിക്കും.

**യുഎസ്–ചൈന മത്സരം**: യുഎസ് ആവശ്യപ്പെടുന്ന ധാതുക്കൾ നൽകി, ചൈനയുടെ അമിത സ്വാധീനം കുറയ്ക്കാൻ കാനഡക്ക് സാധിക്കുന്നു.

**നയപരമായ പിന്തുണ**: ഖനന പദ്ധതികൾക്ക് വേഗത കൂട്ടാൻ കാനഡ പ്രത്യേക സാമ്പത്തിക മേഖലകൾ (Special Economic Zones) പ്രഖ്യാപിക്കുന്നു. ഇത് യുഎസ് നിക്ഷേപത്തെ ആകർഷിക്കുന്നു.

### യുഎസിന്റെ ആവശ്യകത:

**വിതരണ ശൃംഖല സുരക്ഷിതമാക്കുക**: ചൈനയുടെ നിയന്ത്രണത്തിലുള്ള ധാതു വിതരണത്തെ ആശ്രയിക്കുന്നത് കുറയ്ക്കാൻ യുഎസ് കാനഡയെ ആശ്രയിക്കുന്നു.

**ദേശീയ സുരക്ഷയും സാങ്കേതിക വിദ്യയും**: പ്രതിരോധം, ഹൈടെക് വ്യവസായങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ധാതുക്കൾ ഉറപ്പാക്കാൻ കാനഡയുമായുള്ള സഹകരണം നിർണായകമാണ്.

ചുരുക്കത്തിൽ, യുഎസിന്റെ ധാതു ആവശ്യകതകളും കാനഡയുടെ ധാതു വിഭവങ്ങളും തമ്മിലുള്ള ചേർച്ചയാണ് ഈ ബന്ധത്തിന് കാരണം. ഇത് ഇരു രാജ്യങ്ങൾക്കും സാമ്പത്തികവും തന്ത്രപരവുമായ നേട്ടങ്ങൾ നൽകുന്നുവെന്നാണ് വിലയിരുത്തൽ.

# കാനഡ റവന്യൂ ഏജൻസിയുടെ അന്യായ നികുതി നടപടി: പിഴ ചുമത്തി കോടതി




കാനഡയിലെ ഫെഡറൽ നികുതി ഏജൻസിയായ കാനഡ റവന്യൂ ഏജൻസി എടുത്ത ഒരു നികുതി തീരുമാനത്തെ കോടതി 'അന്യായവും യുക്തിരഹിതവുമാണ്' എന്ന് വിമർശിച്ചു. ഈ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ, കോടതിയിൽ ചെലവായി ഏകദേശം 10,000 കാനഡ ഡോളർ സിആർഎ അടയ്ക്കണമെന്ന് ജഡ്ജി ഉത്തരവിട്ടു.

ഒരു നികുതിദായകനെ ബാധിക്കുന്ന സിആർഎയുടെ തീരുമാനമാണ് കോടതി പരിശോധിച്ചത്. ഈ വ്യക്തിയുടെ നികുതി കാര്യത്തിൽ സിആർഎ എടുത്ത തീരുമാനം ശരിയായ രീതിയിൽ ആലോചിച്ചെടുത്തതല്ലെന്നും, നിയമങ്ങൾ ന്യായമായി പ്രയോഗിച്ചില്ലെന്നും കോടതി കണ്ടെത്തി. സിആർഎ തീരുമാനമെടുക്കുമ്പോൾ ആവശ്യമായ വിശദീകരണം നൽകിയില്ല, വസ്തുതകൾ പൂർണ്ണമായി പരിഗണിച്ചില്ല, നികുതിദായകന്റെ വാദങ്ങൾക്ക് മതിയായ പ്രാധാന്യം നൽകിയില്ല, എന്നിവയാണ് കോടതിയുടെ പ്രധാന നിരീക്ഷണങ്ങൾ.

സിആർഎ പോലുള്ള സർക്കാർ ഏജൻസികൾ നിയമം പാലിക്കുന്നതിൽ മാത്രമല്ല, ന്യായവും നീതിയുമുള്ള സമീപനവും സ്വീകരിക്കണം എന്നാണ് ജഡ്ജി വ്യക്തമാക്കിയത്. ഈ കേസിൽ, സിആർഎയുടെ നടപടി നികുതിദായകനെ അനാവശ്യമായി കോടതിവഴക്കിലേക്ക് തള്ളിവിട്ടുവെന്നും, അതിനാൽ ഉണ്ടായ നിയമച്ചെലവുകൾ നികുതിദായകൻ വഹിക്കേണ്ടതില്ലെന്നും കോടതി പറഞ്ഞു.

കോടതി ഉത്തരവനുസരിച്ച്, സിആർഎ ഏകദേശം 10,000 കാനഡ ഡോളർ കോടതി ചെലവിനായി നൽകണം. ഇത് പിഴ എന്ന നിലയിലല്ല. സിആർഎയുടെ തെറ്റായ തീരുമാനത്തിന്റെ ഫലമായി ഉണ്ടായ നിയമച്ചെലവുകൾക്ക് പരിഹാരമായാണ് ഈ തുക നൽകേണ്ടത്. ഈ കേസിനെക്കുറിച്ച് സിആർഎ ഇതുവരെ വിശദമായ ഔദ്യോഗിക പ്രതികരണം നടത്തിയിട്ടില്ല.

# 2026ൽ കാനഡയിൽ ജോലി നേടണോ? വരാനിരിക്കുന്ന ഏറ്റവും ഡിമാൻഡുള്ള ജോലികൾ ഇവയാണ്

കാനഡയിലെ തൊഴിൽ വിപണിയിൽ 2026ഓടെ വലിയ മാറ്റങ്ങൾ സംഭവിക്കുമെന്ന് പുതിയ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. റാൻഡ്സ്റ്റാഡ് കാനഡ പുറത്തുവിട്ട ഏറ്റവും പുതിയ പട്ടിക പ്രകാരം ആരോഗ്യ മേഖല, ഐടി, റീട്ടെയിൽ എന്നീ രംഗങ്ങളിലാണ് ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രതീക്ഷിക്കുന്നത്.

ഹെൽത്ത് കെയർ സെക്ടറിൽ രജിസ്റ്റേർഡ് നഴ്സുമാർ, ഫാർമസി അസിസ്റ്റന്റുമാർ എന്നിവർക്ക് വലിയ ഡിമാൻഡ് ആയിരിക്കും. കൂടാതെ ഡെന്റൽ അസിസ്റ്റന്റുമാർക്കും വരും വർഷങ്ങളിൽ കാനഡയിൽ മികച്ച അവസരങ്ങൾ ലഭിക്കുമെന്നാണ് വിലയിരുത്തൽ.

റീട്ടെയിൽ മേഖലയിൽ സെയിൽസ് അസോസിയേറ്റ്, കസ്റ്റമർ സർവീസ് പ്രതിനിധികൾ എന്നിവർക്കാണ് ഡിമാൻഡ് കൂടുതൽ. ഭരണനിർവ്വഹണ വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അക്കൗണ്ടിംഗ് ടെക്നീഷ്യൻ എന്നീ തസ്തികകളിലും ധാരാളം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

ഈ ജോലികളിൽ മിക്കവയും വാർഷിക ശമ്പളമായി 50,000 ഡോളർ മുതൽ 70,000 ഡോളർ വരെ വാഗ്ദാനം ചെയ്യുന്നു.

നിർമ്മാണ മേഖലയിലും വലിയ കുതിച്ചുചാട്ടമാണ് 2026ൽ പ്രതീക്ഷിക്കുന്നത്. ഫോർക്ക്ലിഫ്റ്റ് ഓപ്പറേറ്റർമാർ, വെൽഡർമാർ, ഇലക്ട്രീഷ്യൻമാർ എന്നിവർക്ക് തൊഴിൽ വിപണിയിൽ വലിയ സ്വീകാര്യത ലഭിക്കും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള പുതിയ സാങ്കേതിക വിദ്യകൾ ജോലികളെ ഇല്ലാതാക്കുമെന്ന ആശങ്ക വേണ്ടെന്ന് വിദഗ്ധർ പറയുന്നു. പകരം മനുഷ്യർ ചെയ്യുന്ന ജോലികളുടെ ഗുണനിലവാരം ഉയർത്താനും കൂടുതൽ തന്ത്രപരമായ തീരുമാനങ്ങൾ എടുക്കാനും ഇത് സഹായിക്കും. സാങ്കേതിക പരിജ്ഞാനത്തോടൊപ്പം ആശയവിനിമയ ശേഷിയുള്ളവർക്കും തൊഴിൽ വിപണിയിൽ മുൻഗണന ലഭിക്കും.

കാനഡയിലെ ജീവിതച്ചെലവ് പരിഗണിക്കുമ്പോൾ തുടക്കക്കാർക്ക് ലഭിക്കുന്ന ശമ്പളം വെല്ലുവിളിയാണെങ്കിലും വളർച്ചാ സാധ്യതയുള്ള ജോലികൾ തിരഞ്ഞെടുക്കുന്നത് ഗുണകരമാകും.

2026ഓടെ കാനഡയിലെ തൊഴിൽ നയങ്ങളിലും കുടിയേറ്റ നിയമങ്ങളിലും മാറ്റങ്ങൾ വരാനിരിക്കുന്നത് ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതുണ്ട്. മികച്ച തൊഴിൽ തേടുന്നവർക്ക് കാനഡ ഇപ്പോഴും വലിയ സാധ്യതകളാണ് തുറന്നിടുന്നത്.



കേരളം വാചകം

# സ്വർണക്കൊള്ള: ഇ.ഡി കേസ് ഉടൻ, ഉന്നതർ കുടുങ്ങും




കൊച്ചി: ശബരിമല സ്വർണക്കൊള്ളയ്ക്കു പിന്നിലെ കള്ളപ്പണ ഇടപാടുകൾ സ്ഥിരീകരിച്ചതോടെ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) രജിസ്റ്റർ ചെയ്യുന്ന കേസിൽ ഉന്നതരിലേക്കുള്ള അന്വേഷണം മുറുകുമെന്നുറപ്പായി. നിലവിൽ എസ്.ഐ.ടി പ്രതിചേർത്തവരുടെ സ്വത്തുക്കൾ കണ്ടുകെട്ടാനും ഇ.ഡി നടപടി സ്വീകരിക്കുമെന്നാണ് സൂചന.

സ്വർണക്കൊള്ള അന്വേഷിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം കൊച്ചിയിലെ ഇ.ഡി യൂണിറ്റിന് നൽകിയ അനുമതി പ്രകാരം എൻഫോഴ്സ്മെന്റ് കേസ് ഇൻഫർമേഷൻ റിപ്പോർട്ട് (ഇ.സി.ഐ.ആർ) ഇന്നലെ തയ്യാറാക്കി. അന്വേഷണ ഉദ്യോഗസ്ഥനെ നിശ്ചയിച്ച ശേഷം ഇന്നുതന്നെ ഇ.സി.ഐ.ആർ കോടതിയിൽ സമർപ്പിക്കുമെന്ന് ഇ.ഡി വൃത്തങ്ങൾ പറഞ്ഞു.

ഇ.ഡി അഡിഷണൽ ഡയറക്ടറാണ് അന്വേഷണ ഉദ്യോഗസ്ഥനെ നിശ്ചയിക്കേണ്ടത്. പ്രത്യേക അന്വേഷണ സംഘം (എസ്.ഐ.ടി) പ്രതികളാക്കി അറസ്റ്റ് ചെയ്തവർ ഇ.സി.ഐ.ആറിലും പ്രതികളാകും. ഉണ്ണികൃഷ്ണൻ പോറ്റി, ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി. മുരാരി ബാബു തുടങ്ങിയവരെ കോടതി അനുമതിയോടെ ചോദ്യം ചെയ്യലാകും ആദ്യഘട്ടം. സ്വർണക്കൊള്ള നടന്ന കാലത്തെ ഇവരുടെ സാമ്പത്തിക ഇടപാടുകൾ വിശദമായി പരിശോധിക്കും.

എവിടെ നിന്നൊക്കെ പണം ലഭിച്ചു, ആരുമായി പണമിടപാടുകൾ നടത്തി തുടങ്ങിയവ കണ്ടെത്തും. തട്ടിപ്പ് നടന്ന കാലയളവിലെ ദേവസ്വം ബോർഡ് പ്രസിഡന്റുമാർ, അംഗങ്ങൾ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ മുതൽ ദേവസ്വം മന്ത്രിയായിരുന്ന കടകംപള്ളി സുരേന്ദ്രനിലേക്കു വരെ അന്വേഷണം നീളും. ഒത്താശ ചെയ്തവർ, വിഹിതം കൈപ്പറ്റിയവർ തുടങ്ങിയവരെയും കണ്ടെത്തും. തെളിവുകൾ ലഭിച്ചാൽ, അക്കാലത്ത് ദേവസ്വവുമായി ബന്ധപ്പെട്ട ഉന്നതരെ ചോദ്യം ചെയ്യാനും ആവശ്യമെങ്കിൽ അറസ്റ്റ് ചെയ്യാനും ഇ.ഡിക്ക് കഴിയും.

തട്ടിപ്പിന്റെ ആസൂത്രകരെന്ന് വ്യക്തമായ ഉണ്ണികൃഷ്ണൻ പോറ്റി, എ. പത്മകുമാർ, ബി. മുരാരി ബാബു, ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസ് ഉടമ പങ്കജ് ഭണ്ഡാരി, കർണാടകയിലെ ജുവലറിയുടമ ഗോവർദ്ധൻ എന്നിവരുടെ സാമ്പത്തിക ഇടപാടുകളിൽ പ്രാഥമിക പരിശോധന നടത്തിയതായാണ് സൂചന. ബാങ്കുകളിൽ നിന്നുൾപ്പെടെ കൂടുതൽ രേഖകൾ ശേഖരിക്കും.

## കേസിന്റെ മാനം മാറും

കോടതി വഴി ഇ.ഡി ശേഖരിച്ച എസ്.ഐ.ടിയുടെ അന്വേഷണ വിവരങ്ങളും പ്രാഥമിക അന്വേഷണത്തിലെ വിവരങ്ങളും അടിസ്ഥാനമാക്കിയാണ് കേസ് രജിസ്റ്റർ ചെയ്യാൻ കേന്ദ്ര ആഭ്യന്തര വകുപ്പ് അനുമതി നൽകിയത്. ഇ.ഡി അന്വേഷിക്കുന്നതോടെ കേസിന്റെ മാനം മാറും. രാഷ്ട്രീയവിവാദ ദിശകളും മറിയേക്കും. കേന്ദ്ര ഏജൻസിയുടെ അന്വേഷണത്തെ സംസ്ഥാന സർക്കാർ അനുകൂലിക്കുന്നില്ല. സി.ബി.ഐ അന്വേഷിക്കണമെന്ന ഹർജി ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

## പ്രതികളെ വീണ്ടും അറസ്റ്റ് ചെയ്യും: ജാമ്യവഴി അടയും

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ ഇ.ഡി കേസെടുക്കുന്നതോടെ പ്രതികൾക്ക് ജാമ്യം കിട്ടാനുള്ള വഴി അടയും. എസ്.ഐ.ടി കുറ്റപത്രം നൽകാൻ വൈകുന്നതിനാൽ അറസ്റ്റിലായ 10പ്രതികൾക്കും സ്വാഭാവിക ജാമ്യം കിട്ടാനുള്ള സാഹചര്യം ഉണ്ടായിരുന്നു. എസ്.ഐ.ടി അറസ്റ്റ് ചെയ്തവരെ ഇ.ഡിയുടെ കേസിൽ കൂടി അറസ്റ്റ് ചെയ്യുന്നതോടെ അതില്ലാതാകും. ഇ.ഡി അറസ്റ്റ് ചെയ്താൽ മൂന്നുമുതൽ ആറുമാസംവരെ ജാമ്യം നിഷേധിക്കപ്പെടാം. കള്ളപ്പണയിടപാടുകളാണ് ഇ.ഡി അന്വേഷിക്കുന്നതെങ്കിലും സ്വർണപ്പാളികൾ കടത്തിയതെങ്ങോട്ട് എന്നതിലടക്കം വ്യക്തത വരുത്തും.

10വർഷംവരെ തടവ് ലഭിക്കാവുന്ന കുറ്റകൃത്യങ്ങളിൽ അറസ്റ്റിലായി 90ദിവസത്തിനുള്ളിൽ കുറ്റപത്രം നൽകണം. അല്ലെങ്കിൽ പ്രതികൾക്ക് സ്വാഭാവിക ജാമ്യംകിട്ടാം. ഉണ്ണികൃഷ്ണൻപോറ്റിയെ ഒക്ടോബർ 17നും മുരാരി ബാബുവിനെ ഒക്ടോബർ 23നും ഡി.സുധീഷ് കുമാറിനെ നവംബർ ഒന്നിനുമാണ് എസ്.ഐ.ടി അറസ്റ്റ് ചെയ്തത്. കുറ്റപത്രം നൽകിയിട്ടില്ല. എൻ.വാസു, എ.പത്മകുമാർ എന്നിവരുടെ റിമാൻഡും വൈകാതെ 60ദിവസം പിന്നിടും. ഇവരെല്ലാം സുപ്രീം കോടതിയെ വരെ സമീപിച്ചിട്ടും ജാമ്യം കിട്ടിയിരുന്നില്ല.

പോറ്റിയുടെയും പത്മകുമാറിന്റെയും വീടുകളിൽ നടത്തിയ റെയ്ഡിൽ കാര്യമായ വിവരങ്ങളൊന്നും എസ്.ഐ.ടിക്ക് ലഭിച്ചിട്ടില്ല. ഇ.ഡിക്ക് കൂടുതൽ വിപുലമായ സംവിധാനമുള്ളതിനാൽ ഇടപാടുകളുടെ രേഖകളെല്ലാം കണ്ടെടുക്കാൻ സാദ്ധ്യതയേറും.

## ഇ.ഡി സ്റ്റൈൽ വേറെ

കള്ളപ്പണ ഇടപാടുകളിലെ അന്വേഷണത്തിന് പി.എം.എൽ.എ നിയമത്തിലെ സെക്ഷൻ50 പ്രകാരം സിവിൽ കോടതിയുടെ അധികാരം ഇ.ഡി ഉദ്യോഗസ്ഥർക്കുണ്ട്. ഇ.ഡി രേഖപ്പെടുത്തുന്ന മൊഴികൾ കോടതിയിൽ തെളിവാകും. സംശയമുള്ള രാഷ്ട്രീയനേതാക്കളെയടക്കം ആരെയും വിളിച്ചുവരുത്തി മൊഴി രേഖപ്പെടുത്താൻ അധികാരമുണ്ട്. കുറ്റകൃത്യത്തിൽ പങ്കാളിത്തമുള്ള ഒരാളെ മാപ്പുസാക്ഷിയാക്കി കേസ് ശക്തമാക്കുന്നതും ഇ.ഡിയുടെ രീതിയാണ്.










# എ.കെ.ബാലന്റേത് സംഘപരിവാർ തന്ത്രം: വി.ഡി.സതീശൻ

തിരുവനന്തപുരം: മുസ്ലീം വിരുദ്ധ വികാരം ഭൂരിപക്ഷ സമുദായങ്ങൾക്കിടയിലുണ്ടാക്കി രണ്ട് സമുദായങ്ങളെ ഭിന്നിപ്പിക്കുന്ന സംഘപരിവാർ തന്ത്രമാണ് എ.കെ ബാലനും നടത്തിയതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. യു.ഡി.എഫ് അധികാരത്തിലെത്തിയാൽ ആഭ്യന്തരം കൈകാര്യം ചെയ്യുന്നത് ജമാഅത്തെ ഇസ്ലാമിയായിരിക്കുമെന്നത് സംഘപരിവാർ അജണ്ട ഇന്ത്യയിൽ എല്ലായിടത്തും നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പ്രചരണമാണ്.

നാലു പതിറ്റാണ്ട് ഇടതുപക്ഷത്തെ ജമാഅത്തെ ഇസ്ലാമി പിന്താങ്ങിയ കാലത്ത് ആഭ്യന്തര വകുപ്പ് അവരാണോ ഭരിച്ചിരുന്നത്? ബി.ജെ.പി ഗുജറാത്തിൽ നടത്തിയതിനേക്കാൾ മോശം പ്രസ്താവനയാണ് ബാലൻ നടത്തിയത്. വെള്ളാപ്പള്ളി നടേശനും എ.കെ ബാലനും നടത്തിയ പ്രസ്താവനകൾ കൂട്ടിവായിച്ചാൽ അത് മനസിലാകും. വെള്ളാപ്പള്ളിയുടെ പ്രസ്താവനയെ എതിർത്ത സി.പി.ഐ നേതാവ് ബിനോയ് വിശ്വം എ.കെ ബാലന്റെ പ്രസ്താവനയെ പിന്തുണയ്ക്കുന്നുണ്ടോ?.

ഇടതു മുന്നണി ശിഥിലീകരിക്കപ്പെടുന്നതിനിടയിലാണ് ബി.ജെ.പിയും സംഘപരിവാറും നടത്തുന്നതിന് സമാനമായ വർഗീയ കാമ്പയിൻ സി.പി.എം ഏറ്റെടുത്തിരിക്കുന്നതെന്നും സതീശൻ പറഞ്ഞു.





### ബാലൻ വർഗീയത പറയുന്നു: കെ.സി

എ.കെ.ബാലൻ പച്ചയ്ക്ക് വർഗീയത പറയുന്നതായി എ.ഐ.സി.സി.ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി ആരോപിച്ചു. തിരഞ്ഞെടുപ്പിൽ തോറ്റു കഴിഞ്ഞാൽ അതിന്റെ യഥാർത്ഥ കാരണം കണ്ടെത്തിയാണ് നടപടിയെടുക്കേണ്ടത്. എന്നാൽ കുരുടൻ ആനയെ കണ്ടതുപോലെയാണ് സി.പി.എം നേതാക്കളുടെ സ്ഥിതി. ആലപ്പുഴ നഗരസഭയിൽ എസ്.ഡി.പി.ഐ പിന്തുണയോടെ സ്ഥിരം സമിതി നേടിയ സി.പി.എമ്മാണ് കോൺഗ്രസിനെതിരെ പറയുന്നത്. ശബരിമല സ്വർണക്കൊള്ള കോടതി മേൽനോട്ടത്തിൽ കേന്ദ്ര ഏജൻസി അന്വേഷിക്കുന്നതാണ് ഉചിതമെന്നും അദ്ദേഹം വ്യക്തമാക്കി.

### ബാലന്റെ പ്രചാരണം ബി.ജെ.പിക്ക് വേണ്ടി: ചെന്നിത്തല

തിരുവനന്തപുരം: യുഡിഎഫ് അധികാരത്തിൽ വന്നാൽ ആഭ്യന്തര വകുപ്പ് ജമാഅത്തെ ഇസ്ലാമിയുടെ കൈയ്യിലായിരിക്കുമെന്ന എ.കെ. ബാലന്റെ പരാമർശം വർഗീയ ചേരിതിരിവുണ്ടാക്കാനാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ആരോപിച്ചു.

ബി.ജെ.പിയുടെ സ്വരവും ഭാഷയുമാണ് ബാലന്. കേരളത്തിൽ ഇതിനുമുമ്പും യു.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയിട്ടുണ്ട്. അപ്പോൾ എടുത്തിട്ടുള്ള നിലപാടുകളും സമീപനങ്ങളുംകേരളത്തിലെജനങ്ങൾക്ക് അറിയാവുന്നതാണ്. ഇപ്പോൾ ഈ പ്രചാരണം നടത്തുന്നത് ബി.ജെ.പിക്ക് വേണ്ടിയാണ്. ഇത് ഇടതുമുന്നണിയുടെ നയമാണോയെന്ന് വ്യക്തമാക്കണം.

ശബരിമല സ്വർണ്ണപ്പാളി വിഷയത്തിൽ സി.പി.എമ്മിന്റെ മൂന്നു പ്രധാനപ്പെട്ട നേതാക്കൾ ഇപ്പോൾ ജയിലിലാണ്. പത്മകുമാറിനെതിരെ എസ്.ഐ.ടി നൽകിയ റിപ്പോർട്ട് വളരെ ഗൗരവതരമാണ്. സ്വർണം മുഴുവൻ അടിച്ചു കൊണ്ടുപോകാൻ എല്ലാ ഒത്താശയും ചെയ്തത് പത്മകുമാറാണെന്നാണ് റിപ്പോർട്ടിലുള്ളത്.

സ്വർണ്ണപ്പാളി വിഷയവുമായി ബന്ധപ്പെട്ടുള്ള അന്താരാഷ്ട്ര ബന്ധങ്ങളും അന്തർസംസ്ഥാന ബന്ധങ്ങളും പുറത്തുവരണമെങ്കിൽ സി.ബി.ഐ അന്വേഷണം വേണം. അതിന് കോടതിയുടെ മേൽനോട്ടവും അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

### അതൃപ്തിയിൽ സി.പി.ഐ

നിയമസഭാ തിരഞ്ഞെടുപ്പ് പശ്ചാത്തലത്തിൽ ജമാ അത്തെ ഇസ്ലാമിക്കെതിരായ സി.പി.എം നേതാവ് എ.കെ ബാലന്റെ പരാമർശത്തിൽ സി.പി.ഐയിൽ അതൃപ്തി. തദ്ദേശ തിരഞ്ഞെടുപ്പിൽ ഏറ്റ തിരിച്ചടിക്ക് പ്രധാന കാരണങ്ങളിലൊന്ന് ന്യൂനപക്ഷ വോട്ടുകളുടെ കുറവാണെന്ന് സി.പി.എം വിലയിരുത്തിയിരുന്നു. ബാലന്റെ പ്രസ്താവന അതിന് ആക്കം കൂട്ടുമെന്നാണ് വിലയിരുത്തൽ.

യു.ഡി.എഫ് അധികാരത്തിലെത്തിയാൽ ജമാ അത്തെ ഇസ്ലാമി ആഭ്യന്തരം കൈകാര്യം ചെയ്യുമെന്നും, അപ്പോൾ പല മാറാടുകളും ആവർത്തിക്കുമെന്നാണ് ബാലൻ പറഞ്ഞത്. ജമാ അത്തെ ഇസ്ലാമിയേക്കാൾ വലിയ വർഗീയതയാണ് ലീഗിന്റേതെന്നും ബാലൻ പറഞ്ഞു. യു.ഡി.എഫ് തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിച്ചത് ജമാ അത്തെ ഇസ്ലാമിയും എസ്.ഡി.പി.ഐയുമായി ചേർന്നാണെന്ന് സി.പി.എം ആരോപിച്ചിരുന്നു. യു.ഡി.എഫിനെയാണ് ലക്ഷ്യമിട്ടതെങ്കിലും മാറാടും പരാമർശിക്കപ്പെട്ടതോടെ വർഗീയ നിറം കലർന്നു.

### സി.പി.എം നടത്തുന്നത് വർഗീയ ധ്രുവീകരണം: ജമാ അത്തെ ഇസ്ലാമി

ഭൂരിപക്ഷ വോട്ടു ബാങ്ക് ലക്ഷ്യമിട്ടുള്ള അപകടകരമായ വർഗീയ ധ്രുവീകരണ രാഷ്ട്രീയമാണ് സി.പി.എം നടത്തുന്നതെന്നും ഇതിൽ നിന്നവർ പിന്തിരിയണമെന്നും ജമാഅത്തെ ഇസ്ലാമി കേരള അമീർ പി.മുജീബുറഹ്മാൻ. സി.പി.എമ്മിനെ എഴുതിത്തള്ളണമെന്ന അഭിപ്രായം ജമാഅത്തെ ഇസ്ലാമിക്കില്ലെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

അധികാരത്തിന് വേണ്ടി സി.പി.എം സ്വീകരിക്കുന്ന രാഷ്ട്രീയം അപകടകരമാണ്. യു.പി മുഖ്യമന്ത്രി യോഗി ആദിത്യ നാഥിനെ ഇടതു സർക്കാറിന്റെ അയ്യപ്പ സംഗമത്തിലേക്ക് ക്ഷണിക്കുന്ന സി.പി.എമ്മിനെ പത്ത് വർഷം മുൻപ് ചിന്തിക്കാനേ ആകുമായിരുന്നില്ല. നിരന്തരം വർഗീയത ആരോപിക്കുന്ന സി.പി.എമ്മിന് ,ജമാഅത്തെ ഇസ്ലാമി നടത്തിയ വർഗീയ പ്രവർത്തനം എന്താണെന്ന് വ്യക്തമാക്കാനുള്ള ഉത്തരവാദിത്തമുണ്ട്.

ഒരുപാട് കൊലപാതകങ്ങളുടെ രക്തക്കറ പുരണ്ട രാഷ്ട്രീയ പ്രസ്ഥാനത്തിന്, ഇന്നു വരെ ഒരാളുടെ രക്തം പൊടിഞ്ഞതിന് പോലും പേര് പരാമർശിക്കപ്പെടാത്ത ജമാഅത്തെ ഇസ്ലാമിക്ക് മേൽ നിരുത്തവാദപരമായ പരാമർശം എങ്ങനെ ഉന്നയിക്കാനാവും.

ബുൾഡോസർ രാജ നടപ്പാക്കുന്ന യോഗി ആദിത്യനാഥിയെും മുസ്ലിമുകളും ക്രിസ്ത്യാനികളും കമ്യൂണിസ്റ്റുകളും രാജ്യത്തിന്റെ ആഭ്യന്തര ശത്രുക്കളാണെന്ന് എഴുതി വച്ച ആർ.എസ്.എസിനെയും വിമർശിക്കണമെങ്കിൽ സി.പി.എമ്മിന് കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ നെഞ്ചത്ത് കയറണമെന്ന് പറയുന്നതിന്റെ യുക്തിയെന്താണെന്ന് അദ്ദേഹം ചോദിച്ചു










# ഇടത് ക്യാമ്പിൽ 'തുടരും' മോഹം; യുഡിഎഫിൽ 'സർവ്വംമായ'

കഴിഞ്ഞദിവസം ഒരു സ്വകാര്യ സംഭാഷണത്തിൽ പ്രതിപക്ഷത്തെ ഒരു വനിതാ എംഎൽഎ ചോദിച്ചു, അവർക്ക് ... ഇടത് മുന്നണിക്ക്, ഇത്തവണ ജനങ്ങൾക്ക് മുന്നിൽ നിർത്താൻ ഒരു നേതാവുണ്ടോ പിണറായി വിജയൻ അല്ലാതെ എന്ന് !

എന്നാൽ കോൺഗ്രസിലേക്ക് നോക്കൂ, മുഖ്യമന്ത്രിയാകാൻ കെല്പുള്ള എത്രയെത്ര നേതാക്കളാണ് ഞങ്ങൾക്കുള്ളത്.

കേട്ടപ്പോൾ,ആ പുതുമുഖ വനിതാ നേതാവിന്റെ നിരീക്ഷണത്തിൽ സത്യത്തിന്റെ അംശമുണ്ടെന്നു തോന്നി.

എന്നും നേതൃബാഹുല്യം കൊണ്ട് സ്റ്റേജ് തകരാറുള്ള, ഭാരവാഹി പട്ടികയുടെ പെരുക്കം കൊണ്ട് അന്തം വിടാറുള്ള കോൺഗ്രസിനെ സംബന്ധിച്ച് അതൊരു സത്യപ്രസ്താവന തന്നെയാണ്.

എന്നാൽ 2021ലെ അലസഭാവം കൊണ്ട് അധികാരത്തിൽ എത്താൻ കഴിയാതെ പോയ കോൺഗ്രസ് അല്ല 2026 ലെ യു.ഡി.എഫ് നേതൃത്വം.

ആത്മവിശ്വാസത്തിന്റെ പരകോടിയിലാണ് കോൺഗ്രസ്. കൃത്യമായ പ്ലാനിങ് നേതൃത്വത്തിന് ഉണ്ടെന്ന് അണികൾക്ക് പോലും തോന്നും വിധം നടത്തിയ 'ലക്ഷ്യ' ക്യാമ്പ്. ഗ്രൂപ്പുകളുടെ പേരിൽ തമ്മിൽ തല്ലുമ്പോഴും, പണ്ട് ഊഴം വെച്ച് കിട്ടിയിരുന്ന സംസ്ഥാന ഭരണം എന്ന സദ്യ മുടങ്ങിയത് പാർട്ടി നേതൃത്വത്തെ തികഞ്ഞ പട്ടിണിയിലേക്ക് തള്ളിയിട്ടതിന്റെ നൊമ്പരം പേറുന്നവരാണ് കോൺഗ്രസ് നേതാക്കളും അണികളും.

തദ്ദേശത്തിൽ കിട്ടിയ അവിശ്വസനീയ പിന്തുണ അണികളെ മാത്രമല്ല നേതാക്കളെയും അമ്പരപ്പിച്ചു. അധ്യക്ഷൻ സണ്ണി ജോസഫിനെക്കാളും പ്രതിപക്ഷനേതാവ് വി.ഡി. സതീശന്റെ വിജയമായി അതിനെ കാണുന്ന പ്രവർത്തകർ കുറവല്ല. സമുദായ സംഘടനകളുടെ മുന്നിൽ മുട്ടുമടക്കാത്ത സതീശൻ. പിണറായിക്ക് ഉരുളയ്ക്ക് ഉപ്പേരി പോലെ ബൈറ്റ് കൊടുക്കുന്ന നേതാവ്. തക്കസമയത്ത് പറന്നിറങ്ങും എന്ന് കരുതപ്പെടുന്ന കെ.സി. വേണുഗോപാൽ എന്ന ഹൈക്കമാന്റിന്റെ വലംകൈ.

പോയ തവണ മുഖ്യമന്ത്രിപദം ലഭിച്ചേക്കും എന്ന് കരുതിയ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. പാർട്ടിക്കും മേലെ പടർന്നു പന്തലിച്ചു നിൽക്കുന്ന കേരളീയ നേതാക്കളുടെ പേടിസ്വപ്നമായ ശശി തരൂർ. ലീഡർ കരുണാകരന്റെ മാനസപുത്രൻ മുൻ കെ.പി.സി.സി അധ്യക്ഷൻ കെ. മുരളീധരൻ.



മുഖ്യമന്ത്രിയാവാൻ യോഗ്യരായ നേതാക്കളുടെ പട്ടിക നീളും. ലക്ഷ്യ 2026 എന്ന സണ്ണി ജോസഫിന്റെ മാർഗ്ഗരേഖ ലക്ഷ്യം കണ്ടാൽ ഉടൻ സ്ഥാനാർത്ഥി പ്രഖ്യാപനം നടത്താമെന്നാണ് കോൺഗ്രസിന്റെ കണക്കുകൂട്ടൽ. അങ്ങനെയെങ്കിൽ 70 സീറ്റ് പാർട്ടിക്കും 100 സീറ്റ് മുന്നണിക്കും അതാണ് സ്വപ്നം. അധ്യക്ഷനായ സണ്ണി ജോസഫ് ഇപ്പോൾതന്നെ മത്സര സന്നദ്ധത അറിയിച്ചു കഴിഞ്ഞു. അതിന് ഹൈക്കമാന്റിന്റെ അനുമതി വേണം.

എന്നാൽ ആരെല്ലാം സ്ഥാനാർത്ഥിയാവണമെന്ന് ഘട്ടത്തിലേക്ക് കടക്കുമ്പോഴാണ് കോൺഗ്രസിലെ ഗ്രൂപ്പുകളുടെ തനിനിറം തെളിയുകയുള്ളൂ.

തദ്ദേശത്തിൽ തഴയപ്പെട്ട നേതാക്കൾക്ക് നിയമസഭയിൽ പരിഗണന എന്ന വാദം ഉയർന്നേക്കാം.

നിശബ്ദ നീക്കത്തിലൂടെ യൂത്ത് കോൺഗ്രസ്, മഹിളാ കോൺഗ്രസ്, വിദ്യാർത്ഥി സംഘടനാ നേതൃത്വം പിടിച്ചെടുത്ത കെ.സി. വേണുഗോപാലിനെയാണ് മറ്റു നേതാക്കൾക്ക് പേടി.

സീറ്റുകളുടെ കുറവുള്ള യു.ഡി.എഫിലെ ചെറുകക്ഷികൾ വിജയസാധ്യതയുള്ള സീറ്റുകൾ ഇപ്പോൾതന്നെ തേടിക്കഴിഞ്ഞു. സി.എം.പി യും ആർ.എസ്.പിയും ഫോർവേഡ് ബ്ലോക്കും ജയ സീറ്റുകളിൽ കണ്ണുവെച്ചു കഴിഞ്ഞു. അവരെ കൂടി തൃപ്തിപ്പെടുത്തണം.

19 മണ്ഡലങ്ങളിൽ നിർണായക സ്വാധീനമുള്ള ബി.ജെ.പി. മറ്റൊരു ഭീഷണിയാണ്.

### വിവാദ പുനർജനി

പ്രളയവും കോവിഡുമാണ് ഇടതിന്റെ തുടർഭരണത്തിന് വഴിവെച്ചതെന്ന് കരുതാമെങ്കിൽ അതേ പ്രളയകാലത്ത് പുനരധിവാസത്തിനായി സതീശൻ നടത്തിയ നീക്കമാണ് അഴിമതി ആരോപണത്തിന്റെ രൂപത്തിൽ സർക്കാർ എടുത്തിട്ടത്. അത് കാര്യമായി ഏശിയില്ല. സതീശന്റെ ചെറുത്തുനിൽപ്പ് സർക്കാരിനെ അമ്പരപ്പിക്കുകയും ചെയ്തു. ശബരിമല സ്വർണ്ണക്കൊള്ള കേസിൽ പ്രതിരോധത്തിലായ സി.പി.എം, ഇനി പ്രയോഗിക്കുന്ന ഓരോ ആയുധവും കോൺഗ്രസിന് തിരിച്ചടിക്കാനുള്ള വടിയായി മാറുന്ന സ്ഥിതിയാണ്. പുനർജനി അഴിമതി ആരോപണത്തിൽ അതാണ് കണ്ടത്.

### ഒരേയൊരു നേതാവ്

പിണറായി വിജയൻ അല്ലാതെ മറ്റൊരു നേതാവിനെ മൂന്നാംവട്ടം അധികാരം മോഹിക്കുമ്പോഴും മുന്നോട്ടു വെക്കാൻ വല്ലാതെ കഷ്ടപ്പെടുകയാണ് സി.പി.എം. പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദന് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സങ്കേതിക തടസ്സമുണ്ട്. പണ്ട് കെ.ആർ. ഗൗരിയമ്മയെ മുന്നിൽ നിർത്തി തെരഞ്ഞെടുപ്പ് നേരിട്ടതു പോലെ ശൈലജ ടീച്ചറെ അവതരിപ്പിക്കാനുള്ള ആർജ്ജവം തൽക്കാലം സി.പി.എമ്മിന് ഇല്ല.

വി.ഡി. സതീശൻ പറഞ്ഞതുപോലെ യഥാർത്ഥ കമ്മ്യൂണിസ്റ്റുകാർ ഇപ്പോൾ കോൺഗ്രസിന് വോട്ട് ചെയ്യുന്നുണ്ടോ!

ഏതായാലും, വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ മുഖ്യമന്ത്രി പിണറായി വിജയൻ വീണ്ടും മത്സരിക്കും. സി.പി.എമ്മിലെ രണ്ട് ടേം വ്യവസ്ഥ അനിവാര്യ ഘട്ടങ്ങളിൽ മാറ്റും. വ്യവസ്ഥകൾ ഇരുമ്പുലക്കയല്ലെന്നും പിണറായി മത്സരിക്കുന്നത് എൽ.ഡി.എഫിന് ഗുണം ചെയ്യുമെന്നും വക്താവ് വേഷത്തിലെത്തുന്ന എ.കെ. ബാലൻ പറഞ്ഞു കഴിഞ്ഞു.

തെരഞ്ഞെടുപ്പ് പ്രചാരണത്തിന് നേതൃത്വം നൽകുന്നയാൾ അടുത്ത മുഖ്യമന്ത്രിയാകും. ഫലം വരുമ്പോൾ കോൺഗ്രസ് പൂർണമായി അബോർട്ട് ചെയ്യപ്പെടും. യു.ഡി.എഫിന്റെ 100ലധികം സീറ്റെന്ന മോഹം മലർ പൊടിക്കാരന്റെ സ്വപ്നമാണെന്നും എ.കെ. ബാലൻ പരിഹസിച്ചു.

എന്നാൽ യു.ഡി.എഫിൽ വിള്ളലുണ്ടാക്കാൻ എ.കെ. ബാലൻ നടത്തിയ ശ്രമം ഒരു ചെറുകിട മിസൈലിന്റെ ഫലം ചെയ്തു. 'യു.ഡി.എഫിന് അധികാരം ലഭിച്ചാൽ ആഭ്യന്തരം മുസ്ലിം ലീഗിന് ആയിരിക്കുമെന്നാണ് ബാലൻ പറഞ്ഞത്.

### കണക്കുകൂട്ടലുകൾ

'ലക്ഷ്യ' യിലൂടെ കോൺഗ്രസ്സും വീട് കയറിയുള്ള അഭിപ്രായ ശേഖരണത്തിലൂടെ സി.പി.എമ്മും ഏതാണ്ട് ഒരേ പാതയിലാണ് തെരഞ്ഞെടുപ്പ് ദിനത്തിലേക്ക് കുതിക്കുന്നത്. തദ്ദേശത്തിൽ കിട്ടിയ ജനസ്നേഹം നിലനിർത്താൻ ആദ്യം ചെയ്യേണ്ടത് കോൺഗ്രസിലെ ഗ്രൂപ്പ് തമ്മിലടി മയപ്പെടുത്തുകയാണെന്ന് പാർട്ടിയണികൾ അടക്കം പറയുന്നുണ്ട്.

തെരഞ്ഞെടുപ്പ് തന്ത്രജ്ഞൻ പി.ആർ. ഏജൻസി തലവൻ കനുഗോലു, കേരളത്തിൽ ഭരണവിരുദ്ധ വികാരം ഇല്ലെന്ന് റിപ്പോർട്ട് നൽകിയെന്നാണ് സി.പി.എം ആശ്വസിക്കുന്നത്. യു.ഡി.എഫിന് അനുകൂലമായി ക്രൈസ്തവ വോട്ടുകൾ ഏകീകരിച്ചിട്ടില്ല; പകരം മുസ്ലിം വോട്ടുകൾ മാത്രമാണ് അവർക്കുള്ളത് സി.പി.എം കണക്കുകൂട്ടുന്നു.

അതിനിടെ സി.പി.ഐയുമായുള്ള ബന്ധത്തിൽ പഴയ കെട്ടുറപ്പില്ലാത്തതും സി.പി.എമ്മിന് തലവേദനയാണ്. ബിനോയ് വിശ്വത്തെ പരസ്യമായി അവഹേളിക്കും വിധം സി.പി.എം പ്രാദേശിക നേതാക്കൾ സംസാരിച്ചത് പോലും അതിന്റെ സൂചനയാണ്. അണികളെ സമാധാനിപ്പിക്കാൻ സി.പി.എം വല്ലാതെ യത്നിക്കുന്നു. പ്രദേശത്തിലെ തോൽവിക്ക് സി.പി.ഐയുടെ നിലപാടും വെള്ളാപ്പള്ളി കൂട്ടുകെട്ടും കാരണമായി എന്ന് കരുതുന്ന സഖാക്കൾ കുറവല്ല.

2021 മുതൽ 20ലേറെ മണ്ഡലങ്ങളിൽ കൃത്യമായി വോട്ട് ഉയർത്തുന്ന ബി.ജെ.പിയാണ് സി.പി.എമ്മിന് നേരിടേണ്ട മറ്റൊരു വെല്ലുവിളി. ഭരണ നേട്ടങ്ങൾ അക്കമിട്ട് നിരത്തി വീടുകളിൽ നേരിട്ട് ചെന്ന് ആശയവിനിമയം നടത്താൻ കിലയിലെ അധ്യാപകർ പരിശീലിപ്പിക്കുന്ന സഖാക്കൾ മുന്നിട്ടിറങ്ങും. ഇന്ത്യയിൽ അവശേഷിക്കുന്ന ഏക കമ്മ്യൂണിസ്റ്റ് ഭരണം കൈമോശം വന്നാലുള്ള അപമാനം ചെറുതല്ല.

ഏതായാലും നേടിയാലും വീണാലും അതിന്റെ പേര് മറ്റാർക്കും അല്ല പിണറായി വിജയന് തന്നെ എന്ന് എം.എ. ബേബി പോലും സമ്മതിക്കും.

### ചെറിയാന്റെ സൽകൃത്യം

സപ്തതി തികഞ്ഞ കോൺഗ്രസ് നേതാവ് ചെറിയാൻ ഫിലിപ്പ് ഇനി തെരഞ്ഞെടുപ്പ് ഗോദയിലേക്കില്ലെന്ന് നടത്തിയ പ്രഖ്യാപനം കുറിക്കു കൊള്ളുന്ന സമയത്താണ് പുറത്തുവന്നത്.

ഏപ്രിൽ മധ്യത്തോടെ നിയമസഭാ തെരഞ്ഞെടുപ്പ് മാമാങ്കത്തിന് സർവ്വ നേതാക്കളും കച്ചമുറുക്കി നിൽക്കുന്ന നേരത്താണ് ആദർശധീരൻ എ.കെ. ആന്റണിയുടെ ഉത്തമ ശിഷ്യനായ ചെറിയാന്റെ വിടവാങ്ങൽ പ്രഖ്യാപനം. ചെറിയാൻ തൊടുത്തുവിട്ട അമ്പ് ആരുടെയെല്ലാം നെഞ്ചിനു നേരെയെന്ന് ആർക്കറിയാം!

ഏതായാലും, 2026ൽ തെരഞ്ഞെടുപ്പ് മാസം 70 തികയുന്ന രമേശ് ചെന്നിത്തല കളത്തിൽ സജീവമാണ്. വി.ഡി. സതീശനും കെ.സി. വേണുഗോപാലിനും സപ്തതി കടമ്പ കടക്കാൻ ഇനിയുമുണ്ട് കഷ്ടിച്ച് ഒരു പതിറ്റാണ്ട്.

അധികാരത്തിലേക്ക് ചുവട് വെക്കുന്നു എന്ന തോന്നൽ ഉറച്ചതോടെ കോൺഗ്രസ് ക്യാമ്പിൽ അണികൾക്ക് പോലും പിടികിട്ടാത്ത മായക്കാഴ്ചകളാണ്. ആ ട്രിപ്പീസ് കളിയിൽ ആര് ആരുടെ കൈ പിടിക്കുമെന്ന് പ്രവചിക്കാൻ കോൺഗ്രസ് ഹൈക്കമാന്റിന് പോലും കഴിയില്ലെന്ന് മറ്റാരെക്കാളും കെ.സി.വേണുഗോപാലിന് നന്നായി അറിയാം.

◗ പ്രജിത്ത് രാജ്






# 'സിസ്റ്റം തകരാർ' മുതലെടുക്കാൻ വിദേശ നിക്ഷേപം

അമേരിക്കൻ കമ്പനികൾ അസാധാരണ താൽപ്പര്യത്തോടെ കേരളത്തിലെ സ്വകാര്യ ആരോഗ്യ മേഖല കൈയടക്കാനായി മുന്നോട്ടുവരുമ്പോൾ ഉയരുന്ന പ്രാധാന ചോദ്യം: ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ആരോഗ്യമേഖലയാണു കേരളത്തിലേതെന്ന മുഖ്യമന്ത്രിയുടെ അവകാശവാദവും 'സിസ്റ്റത്തിൽ തകരാർ' ഉണ്ടെന്ന ആരോഗ്യമന്ത്രിയുടെ ഏറ്റുപറച്ചിലും ആവില്ലേ ഈ രംഗത്തെ വിദേശ നിക്ഷേപ അജണ്ടയുടെ പിന്നിൽ?




വികസിത രാജ്യങ്ങൾക്കൊപ്പമെന്ന് പ്രശംസിക്കപ്പെട്ടിരുന്ന കേരളത്തിന്റെ ആരോഗ്യ മാതൃക തകർന്നിരിക്കുകയാണെന്ന വിശകലനങ്ങളുടെ ചുവടുപറ്റിയാണ് സംസ്ഥാനത്തെ മെഡിക്കൽ മേഖലയിൽ വൻ വിദേശ നിക്ഷേപത്തിനു കളമൊരുങ്ങുന്നത്. രണ്ടാം പിണറായി സർക്കാരിൽ ഏറ്റവും അധികം പഴികളും പരാതികളും കേൾക്കുന്ന വകുപ്പുകളിൽ ആരോഗ്യവകുപ്പിന് പ്രത്യേക സ്ഥാനം തന്നെയുണ്ട്. ആശുപത്രികളിലെ മരുന്ന് ക്ഷാമം, ശസ്ത്രക്രിയാ ഉപകരണങ്ങൾ അടക്കമുള്ളവ രോഗികൾ തന്നെ വാങ്ങി നൽകേണ്ട ഗതികേട്, അത്യാഹിത വിഭാഗത്തിൽ തീപിടുത്തം, ഓപ്പറേഷൻ ഉപകരണം ഇല്ലാത്തതിനാൽ ശസ്ത്രക്രിയ മാറ്റിവെക്കേണ്ടി വന്നുവെന്ന് മെഡിക്കൽ കോളേജിലെ വകുപ്പ് മേധാവിക്ക് ഫേസ്ബുക്ക് പോസ്റ്റ് ഇടേണ്ടി വന്ന സാഹചര്യം, സിസ്റ്റത്തിന്റെ തകരാറെന്ന ഒഴികഴിവ് പറയുന്ന ആരോഗ്യമന്ത്രി, മെഡിക്കൽ കോളേജ് കെട്ടിടം ഇടിഞ്ഞുവീണ് രോഗിയുടെ കൂട്ടിരിപ്പുകാരി കൊല്ലപ്പെട്ട സംഭവം തുടങ്ങിയവയ്ക്കു പുറമെ വ്യാജമരുന്നു മാഫിയയുടെ അഴിഞ്ഞാട്ടവും ചേർന്ന് സങ്കീർണ്ണമാണവസ്ഥ.

സംസ്ഥാനത്തെ ആരോഗ്യമേഖല തകരാറിലാണെന്ന ആരോപണങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. മാറിവരുന്ന എല്ലാ സർക്കാരുകളും കേൾക്കുന്ന പഴി തന്നെ. കോവിഡ് കാലത്ത് പിപിഇ കിറ്റ് വാങ്ങിയതിൽ അഴിമതിയുണ്ടെന്ന ആരോപണമായിരുന്നു പിണറായി സർക്കാരിനെതിരെ ആദ്യമായി കേട്ടത്. സർക്കാർ സാഹചര്യങ്ങൾ വിശദീകരിച്ചെങ്കിലും ആ ആരോപണങ്ങൾ ഇപ്പോഴും ഒരു രാഷ്ട്രീയ ചോദ്യമായി നിലനിർത്താൻ പ്രതിപക്ഷത്തിന് കഴിയുന്നുണ്ട്. അതിന് ശേഷം ഉയർന്ന ആരോപണങ്ങളിൽ, പ്രത്യക്ഷത്തിൽ ജനങ്ങളെ ബാധിച്ച പ്രശ്നങ്ങൾ പ്രതിപക്ഷത്തിന് നേട്ടമുണ്ടാക്കാൻ വഴിയൊരുക്കി. തദ്ദേശ തെരഞ്ഞെടുപ്പിലെ ഇടതു തോൽവിക്ക് ഇതും കാരണമായെന്ന നിരീക്ഷണം തള്ളിക്കളയാനാകില്ല.

സർക്കാർആശുപത്രികളിലോപ്രൈമറിഹെൽത്ത്സെന്ററുകളിലോചികിൽസ തേടാൻമനസുള്ളവരുടെഎണ്ണംതാഴുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ അടക്കമുണ്ടായ പ്രശ്നങ്ങളിൽ ഇരകളായവർ വളരെ പാവപ്പെട്ടവരാണ്. വേറെ നിവൃത്തിയില്ലാഞ്ഞിട്ടാണ് അവർ സർക്കാർ ആശുപത്രിയിലേക്ക് വന്നത്. അൽപ്പമെങ്കിലും സാമ്പത്തിക സൗകര്യമുണ്ടെങ്കിൽ സ്വകാര്യ ആശുപത്രിയിൽ അഭയം തേടുമായിരുന്നു. എതിർ വാദങ്ങളുണ്ടെങ്കിലും അതിന്റെ ഏറ്റവും വലിയ വിരോധാഭാസം എന്ന രീതിയിൽ മുഖ്യമന്ത്രി വിദഗ്ധ ചികിത്സയ്ക്കു പോയതും വിദേശത്തേക്കു തന്നെ. ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ആരോഗ്യമേഖലയാണു കേരളത്തിലേതെന്ന മേനിപറച്ചിൽ ഭംഗിവാക്കു മാത്രമായി.

സ്വകാര്യ ആശുപത്രികൾ ആഗോള കോർപ്പറേറ്റുകൾ ഏറ്റെടുക്കുന്നതിലൂടെ സ്വകാര്യ ചികിത്സാ മേഖല 'ടൂറിസം മേഖല'യായി മാറുമെന്ന ആശങ്ക ആരോഗ്യ വിദഗ്ധർ പങ്കുവയ്ക്കുന്നതിനിടെയാണ്, ഡൊണാൾഡ് ട്രംപിന് യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പു വേളയിൽ സാമ്പത്തിക സഹായം നൽകിയ കമ്പനി കേരളത്തിലെ മൂന്ന് സ്വകാര്യ ആശുപത്രികളുടെ ഉടമസ്ഥാവകാശം കരസ്ഥമാക്കിയത്. ന്യൂയോർക്ക് ആസ്ഥാനമായ കോൾബെർഗ് ക്രാവിസ് റോബർട്സ് (കെ.കെ.ആർ) കമ്പനിയാണ് മുഖ്യമായും കേരളത്തിലെ സ്വകാര്യ ആരോഗ്യ മേഖലയെ നോട്ടമിട്ടിരിക്കുന്നത്.പിന്നാലെ മറ്റ് സ്വകാര്യ ആശുപത്രികളുമായി കരാർ ഒപ്പിടാൻ വിദേശ കമ്പനികൾ തയ്യാറെടുക്കുകയാണ്. കോടികളുടെ വിദേശ നിക്ഷേപം സ്വീകരിച്ച സ്വകാര്യ ആശുപത്രികളാകട്ടെ ചികിത്സാ നിരക്കുകൾ കുത്തനെ വർദ്ധിപ്പിക്കാനൊരുങ്ങുന്നു.

ട്രംപുമായി അടുത്ത ബന്ധം പുലർത്തുന്ന കെ.കെ.ആർ വിവിധ രാജ്യങ്ങളിലെ സ്വകാര്യ മേഖലകളിൽ കോടികൾ നിക്ഷേപിക്കുന്ന സാമ്പത്തിക സ്ഥാപനമാണ്. തൊടുപുഴ ചാഴിക്കാട്ട് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയാണ് കെ.കെ.ആർ കേരളത്തിൽ ആദ്യമായി ഏറ്റെടുക്കുന്നത്. കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയും കെ.കെ.ആർ അടുത്തതായി വരുതിയിലേക്ക് കൊണ്ടുവന്നുകണ്ടിരിക്കുന്നു. കൂടുതൽ ഇടങ്ങളിൽ സാന്നിധ്യം വ്യാപിപ്പിച്ചും മറ്റ് ആശുപത്രികൾ ഏറ്റെടുത്തും വൻതോതിൽ വളരാനുള്ള അവസരമാണ് ഇത്തരം നിക്ഷേപങ്ങൾ ആശുപത്രി ശൃംഖലകൾക്ക് നൽകുന്നത്. ഉടമകളായ പ്രെമോട്ടർ ഗ്രൂപ്പിനെ ഇത്തരം ഇടപാടുകളിൽ നിലനിർത്തിക്കൊണ്ടു തന്നെ ഇവർ ബിസിനസ് വളർച്ച ലക്ഷ്യം വയ്ക്കുന്നു. അതുകൊണ്ടുതന്നെ പൂർണമായ ഏറ്റെടുക്കൽ നടത്താതെയും മനേജ്മെന്റിൽ മാറ്റം വരുത്താതെയും മുന്നോട്ടു പോകുന്ന ബിസിനസ് തന്ത്രമാണ് നിലവിലുള്ളത്.

ബേബി മെമ്മോറിയൽ ആശുപത്രിയിൽ 2,500 കോടിയുടെ വിദേശ നിക്ഷേപമാണ് കെ.കെ.ആർ നടത്തിയത്. കമ്പനിയുടെ ഡയറക്ടർ ബോർഡിലേക്ക് കെ.കെ.ആറിന്റെ പ്രതിനിധികൾ എത്തി ഉടമസ്ഥാവകാശം നേടിയെങ്കിലും നടത്തിപ്പു ചുമതല നിലവിലെ മനേജ്മെന്റ് തന്നെ നിർവഹിക്കുന്നു. 1,200 കോടി രൂപയുടെ നിക്ഷേപം നടത്തി കോഴിക്കോട്ടെ പ്രശസ്തമായ മെയ്ത്ര ആശുപത്രിയും കെ.കെ.ആർ ഏറ്റെടുത്തു. തിരുവനന്തപുരം ആസ്ഥാനമായ കിംസ് ആശുപത്രിയും ഇപ്പോൾ വിദേശ നിക്ഷേപം കരസ്ഥമാക്കി ആഗോള കോർപ്പറേറ്റ് കമ്പനിയുടെ കീഴിലാണ്. ന്യൂയോർക്ക് ആസ്ഥാനമായ ബ്ലാക്ക്സ്റ്റോൺ കമ്പനിയാണ് കിംസ് വാങ്ങിയത്. കെയർ ആശുപത്രി ശൃംഖലയുടെ പേരിൽ കിംസിന്റെ 85 ശതമാനം ഉടമസ്ഥാവകാശം ബ്ലാക്ക്സ്റ്റോൺ കരസ്ഥമാക്കി. 3,500 കോടിയോളം രൂപയാണ് കിംസിൽ ബ്ലാക്ക്സ്റ്റോൺ നിക്ഷേപിച്ചത്. ഡോ. ആസാദ് മൂപ്പന്റെ നേതൃത്വത്തിലുള്ള കൊച്ചിയിലെ ആസ്റ്റർ ഡി.എമ്മിലും ബ്ലാക്ക്സ്റ്റോൺ നിക്ഷേപം നടത്തിയിട്ടുണ്ട്.

കൃത്രിമ ഗർഭധാരണ ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന സബീൻ ആശുപത്രി ശൃംഖലയിൽ സി.എക്സ് പാർട്ട്ണേഴ്സിന്റെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങൾ 420 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് നടത്തിയത്. സംസ്ഥാനത്തെ സ്വകാര്യ ആരോഗ്യ മേഖലയിലെ ആഗോള കോർപ്പറേറ്റുകളുടെ കടന്നു കയറ്റത്തിൽ ആരോഗ്യ വിദഗ്ധർ ആശങ്കയാണ് പങ്കുവക്കുന്നത്. ചികിത്സാ ചെലവ് വർധിക്കുമെന്നും ആരോഗ്യ ചികിത്സാ മേഖല ആരോഗ്യ ടൂറിസം മേഖലയായി മാറുമെന്നുമാണ് വിദഗ്ധരുടെ ആശങ്ക. കേരളത്തിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികൾ ചില ആഗോള കോർപ്പറേറ്റുകൾ ഏറ്റെടുക്കുകയാണെന്നും ഈ ആശുപത്രികൾ സാധാരണക്കാർക്ക് താങ്ങാനാകാത്ത ചികിത്സയിലേക്ക് മാറുകയാണെന്നും മുഖ്യമന്ത്രി ഇതിനിടെ പറഞ്ഞു. ആഗോള കോർപ്പറേറ്റുകൾ ഇങ്ങോട്ടുവരുന്നത് കേരളത്തെ സേവിക്കാമെന്ന താൽപര്യത്തോടെയല്ലെന്നും ഈ മാറ്റത്തെ കരുതിയിരിക്കണമെന്നുമുള്ള മുന്നറിയിപ്പുമുണ്ട്.

### വ്യാജമരുന്ന് മാഫിയ

കേരളത്തിലെ ഔഷധ വ്യാപാര മേഖലയിലെ വ്യാജമരുന്നു മാഫിയയുടെ ഇടപെടൽ ഗുരുതര ആരോഗ്യ ഭീഷണി സൃഷ്ടിക്കുന്നതായി ഓൾ കേരള കെമിസ്റ്റ്സ് ആൻഡ് ഡ്രഗ്ഗിസ്റ്റ്സ് അസോസിയേഷൻ (എ.കെ.സി.ഡി.എ) ഭാരവാഹികൾ ചൂണ്ടിക്കാട്ടിയെങ്കിലും ഫലപ്രദമായ നടപടികളുണ്ടായില്ലെന്ന പരാതി നിലനിൽക്കുന്നു. കേരളത്തിൽ അടുത്തിടെ വ്യാജമരുന്നുകൾ പിടിച്ചെടുത്ത സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഈ മേഖലയിൽ ശുദ്ധീകരണം നടത്തേണ്ടത് അത്യാവശ്യമാണെന്ന നിലപാടാണ് സംഘടനയുടേത്. 2015ലെ ഫാർമസി റെഗുലേഷൻ ആക്ട് ലംഘിച്ച് ചില സ്വകാര്യ സ്ഥാപനങ്ങൾ 13 ശതമാനം മുതൽ എന്ന ഡിസ്കൗണ്ട് ബോർഡുകൾ സ്ഥാപിച്ച് ബ്രാൻഡഡ് ഇംഗ്ലീഷ് മരുന്നുകൾ വിലകുറച്ച് വിൽപ്പന നടത്തുന്നതിന പിന്നിൽ ഈ മാഫിയ ആണുള്ളതത്രേ.

സംസ്ഥാനത്തെ 30,000ത്തോളം ലൈസൻസുകൾ പരിശോധിക്കാൻ 47 ൽ താഴെ ഇൻസ്പെക്ടർമാരും, നാലു മരുന്നു പരിശോധന ലാബും മാത്രമാണ് നിലവിലുള്ളത്. വർഷം മാർക്കറ്റിൽ എത്തുന്ന 85000 ത്തിൽപ്പരം ബാച്ച് മരുന്നു പരിശോധിക്കുക അപ്രയോഗികമാണ്. ഡിസ്കൗണ്ട് സ്ഥാപനങ്ങളുടെ നിലവിലുള്ളതും മുൻകാലങ്ങളിലുള്ളതുമായ എല്ലാ മരുന്നിടപാടുകളും ഡ്രഗ്സ് ഡിപ്പാർട്ട്മെന്റിനോടൊപ്പം ദേശീയ അന്വേഷണ ഏജൻസികളെ കൂടി ഉൾപ്പെടുത്തി സമഗ്രമായി അന്വേഷിക്കണമെന്ന് എ.കെ.സി.ഡി.എ ആവശ്യപ്പെടുന്നു. ഹ്യൂമൻ മിക്സ്റ്റാർഡ് ഇൻസുലിൻ പോലുള്ള മരുന്നുകൾ പോലും 22 ശതമാനം വരെ കുറച്ചാണ് വിറ്റഴിക്കുന്നത്. ഡിസ്കൗണ്ട് പ്രതീക്ഷിച്ചു മരുന്നു വാങ്ങുന്ന പൊതുജനം ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ ഉപയോഗിച്ച് മഹാരോഗികളാകാൻ സാധ്യതയുണ്ട്. ചില അജ്ഞാത കേന്ദ്രങ്ങളിൽ കമ്പനിയുടെ പേരിലും ലേബലിലും മരുന്നുകൾ നിർമ്മിച്ച് മാർക്കറ്റിൽ എത്തിക്കുകയും അമിത ഡിസ്കൗണ്ടിൽ ജനം വാങ്ങി കഴിക്കുകയും ചെയ്യുന്നു. ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ അഞ്ച് ജില്ലകളിൽ നിന്ന് മാത്രം 5.2 കോടിയോളം രൂപയുടെ വ്യാജമരുന്നുകൾ പിടികൂടി.

ചുമ മരുന്ന് കുറിപ്പടി ഇല്ലാതെ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് വിതരണം ചെയ്യരുതെന്ന് കേന്ദ്ര സർക്കാർ ഉത്തരവിട്ടിരുന്നു. അപ്പോഴും, വ്യാജ മരുന്നുകൾ ഇറക്കുന്ന എത്ര വ്യാജ കമ്പനികൾ പ്രവർത്തിക്കുന്നു എന്നതിലേക്ക് അന്വേഷണം നീണ്ടിരുന്നില്ല. പലപ്പോഴും ഇത്തരം കമ്പനികൾ രേഖകളിൽ മാത്രമാവും ഉണ്ടാവുക. മരുന്നിന്റെ നിർമ്മാണമൊക്കെ നടത്തുന്നത് മറ്റു പലരുമായിരിക്കും. വാരാണസിയിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന അഞ്ച് വ്യാജ സിറപ്പ് കമ്പനികളാണ് കണ്ടെത്തിയത്. അഞ്ചു പേർ അറസ്റ്റിലായി. ഇവർ 23 കോടി രൂപയുടെ ഇടപാട് നടത്തുകയും തുക ഹവാല ഇടപാട് വഴി വിദേശത്തേക്കും മറ്റും കടത്തുകയും ചെയ്തതായും കണ്ടെത്തി.


ബാബു കദളിക്കാട്

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൈക്കൂലിപ്പണം കൈമറിയുന്ന അഴിമതിക്ക് ഈ രംഗം കുപ്രസിദ്ധമാണ്. നിർഭാഗ്യകരമായ ഏതെങ്കിലും സംഭവം ഉണ്ടാകുമ്പോൾ മാത്രമാണ് പരിശോധനകൾ നടക്കാറുള്ളത്.

ലോകമെങ്ങും ഏറ്റവും കൂടുതൽ ലാഭം കൊയ്യുന്ന കച്ചവടങ്ങളിലൊന്നാണ് മരുന്ന് വിൽപ്പന. മരുന്നുകൾ നിർമ്മിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അതൊക്കെ ലംഘിച്ച് യഥേഷ്ടം മരുന്ന് നിർമ്മാണം നടക്കുന്നുണ്ടെന്നത് പലപ്പോഴും വെളിപ്പെടുന്നത് കൂട്ട മരണങ്ങൾ പോലുള്ള സംഭവങ്ങൾ നടക്കുമ്പോഴുള്ള അന്വേഷണങ്ങളിലാണ്.

കഴിഞ്ഞ ഒക്ടോബറിൽ മദ്ധ്യപ്രദേശിലെ ഒരു സ്വകാര്യ ക്ളിനിക്കിൽ നിന്ന് നൽകിയ ചുമ മരുന്ന് കഴിച്ച ഇരുപതിൽപ്പരം കുട്ടികൾ മരിച്ച സംഭവം ഉണ്ടായതിനു പിന്നാലെ രാജ്യമൊട്ടാകെ മരുന്നുകമ്പനികളിലും മറ്റും വ്യാപകമായ പരിശോധന നടന്നിരുന്നു. ഈ പരിശോധനയിൽ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്.

ചുമയുടെ മരുന്ന് നിർമ്മിക്കുന്ന ഒട്ടേറെ വ്യാജ കമ്പനികൾ രാജ്യത്ത് യാതൊരു തടസവുമില്ലാതെ പ്രവർത്തിക്കുന്നുണ്ട് എന്ന കണ്ടെത്തൽ ആരോഗ്യരംഗത്തെ പിടിച്ചുകുലുക്കാൻ പോന്നതായിരുന്നു. വലിയ പേരുള്ള ചില മരുന്നു കമ്പനികൾ പോലും തകരമടിച്ചുണ്ടാക്കിയ താത്കാലിക ഷെഡ്ഡു പോലുള്ള സംവിധാനങ്ങളിലാണ് പ്രവർത്തിച്ചിരുന്നതെന്നും പരിശോധനയിൽ കണ്ടെത്താനായി. വ്യാജമരുന്നു മാഫിയയുടെ വേരുകൾ കേരളത്തിലും സജീവമെന്നാണ് സൂചന.




# കെ.എ.സിയും കെ.സി.സി ഷിക്കാഗോയും സംയുക്തമായി നടത്തിയ ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾ ദൃശ്യങ്ങളിലൂടെ

കൂടുതൽ ഫോട്ടോ കളും വാർത്തയും 32–ാം പേജിൽ



## അധ്യായം 14

# കടലിലേക്ക് പോകുന്ന നിഴൽ

**റോ**ബിൻസ് ഹോട്ടൽ മുറിയുടെ വാതിൽ തുറന്നു. അതാ, രണ്ടു കറുമ്പന്മാർ. അവർ അകത്തേക്കു കയറിയ ഉടൻ ഒരുവൻ കതകടച്ചു കുറ്റിയിട്ടു. വേൾഡ് ടൈംസിന്റെ നെയ്റോബി ബ്യൂറോയിലെ തന്റെ സഹായി കെവിൻ ഒട്ടീനോയായിരുന്നു അത്. ഇരുവരുടേയും മുഖത്ത് ക്ഷീണമുണ്ടെങ്കിലും ഏറെ ജാഗ്രതയോടെയാണ് നിൽക്കുന്നത്.

കെവിൻ പറഞ്ഞു തുടങ്ങി: ‘ഞാൻ തന്ത്രപരമായി ആ ദൗത്യത്തിൽ നിന്നും ഒഴിഞ്ഞു നിന്നു. ഇവർ ഏഴ് പേർ. മൂന്നു ഗ്രാമങ്ങളിൽ നിന്നുള്ളവർ.

ഒരേ സ്വപ്നം... ഒരിക്കലെങ്കിലും വയർ നിറച്ച് തിന്നണം. അതാണ് ഏക ആഗ്രഹം.’’

ഒരു നിമിഷം മൗനം. ഇവർ അച്ചടക്കം ലംഘിച്ചവരാണ്. രഹസ്യം സൂക്ഷിക്കാൻ കെൽപ്പില്ലാത്തവർ. അശക്തർ എങ്ങിനേയും ഇവരെ ഒഴിവാക്കണം. എന്നാൽ പുറത്തുവിട്ടാൽ ക്യൂബൻ മാഫിയായുടെ രഹസ്യം പുറത്തപോകും. അതിനുള്ള തന്ത്രമാണ് പിന്നെ നടന്നത്.

‘അതെന്തായിരുന്നു പറയൂ.’ റോബിൻസ് ആകാംക്ഷയോടെ ഇരുന്നു.

‘വിമാനത്തിനടിയിൽ ഒളിച്ചു കയറാൻസൗകര്യംചെയ്തുതരാം.അങ്ങിനെനിങ്ങൾക്ക്യൂറോപ്പിലെത്താം.അവിടെജോലിയും ശരിയാക്കിത്തരാം. ഉഗ്രൻ ഓഫർ..! ഈ പാവങ്ങൾ അത് വിശ്വസിച്ചു. യൂറോപ്പ് എത്താം.’

കെവിൻ ചിരിക്കാൻ ശ്രമിച്ചു. പക്ഷേ അത് ചിരിയല്ല ചുണ്ടിലെ ഒരു പൊട്ടൽ മാത്രം.

‘‘അവർ പേപ്പർ കൊടുക്കും. വാഗ്ദാനം കൊടുക്കും. അവസാനം മനുഷ്യനെ ചരക്കാക്കും.’’

അടുത്തിരുന്നവനെ ചൂണ്ടികൊണ്ട് അവൻ തുടർന്നു. റോബിൻസിന്റെ കൈ അറിയാതെ മേശയുടെ അരികിൽ മുറുകിപ്പിടിച്ചു.

‘‘നീ എങ്ങനെ രക്ഷപ്പെട്ടു?’’ അയാൾ ചോദിച്ചു.

‘‘ഞാൻ മരിച്ചെന്ന് കരുതി. തള്ളിപ്പുറത്തിട്ടു.

ആശുപത്രിയിൽ നിയമ വിരുദ്ധ കുടിയേറ്റക്കാർ എന്ന് എഴുതി ആ ശവശരീരങ്ങൾ നീക്കം ചെയ്യും. അതോടെ ആ അധ്യായം അവസാനിപ്പിക്കും. ഈ കഥക്കിപ്പോൾരേഖകൾമാത്രമല്ല,ജീവൻബാക്കിവന്ന ഒരാളുടെ ശ്വാസവും ഉണ്ട്.’ റോബിൻസ് അറിയാതെ ഒരു നെടുവീർപ്പിട്ടു.

******

റോബിൻസ്ആരാത്രിയിൽഒരുയാത്രക്കാരനല്ലായിരുന്നു. അയാൾ സ്വയം മായ്ക്കാൻ പോകുകയായിരുന്നു. പോർട്ടിലേക്ക് പോകുന്ന റോഡിൽ ട്രക്കുകളുടെ ലൈറ്റുകൾ ഇരുട്ടിനെ മുറിച്ചുകടക്കുന്നു. ഡീസൽ പുക. ഉപ്പിന്റെ കാറ്റ്. അറിയാതെ മനസ്സിൽ കയറിയ ഒരു ഭയം.

ജിബൂട്ടി തുറമുഖം എപ്പോഴും ഉണർന്നിരിക്കുന്നു. അത് ശ്വാസം വിടുന്ന ഒരു ഉഗ്രജീവിയെപ്പോലെ പോലെ നിവർന്നു കിടക്കുന്നു. ക്രെയിനുകൾ ഇരുട്ടിൽ കുനിഞ്ഞുനിൽക്കുന്ന ലോഹദൈവങ്ങളെപ്പോലെ അവിടവിടെയായി കാണാം. ഇടയ്ക്കിടെ മെറ്റലിന്റെ ഘർഷണം ഒരു ദയനീയ നിലവിളിപോലെ...!

റോബിൻസ് ഒരു പൊതു വസ്ത്രം തിരഞ്ഞെടുത്തു. വളരെ മുഷിഞ്ഞതും വിലകുറഞ്ഞതുമായിരുന്നു അത്. പോക്കറ്റിൽ കുറച്ച് നാണയങ്ങൾ മാത്രം!

പാസ്പോർട്ട് ഇല്ല.

‘‘ഇന്ന് താൻ പേരില്ലാത്ത ഒരാളാണ്.’’ അയാൾ കണ്ണാടിയിൽ നോക്കി.

മുഖം ക്ഷീണിപ്പിക്കാൻ കണ്ണുകൾക്ക് ചുറ്റും കൈവിരൽ അമർത്തി. ചുണ്ടുകൾ ഉണങ്ങി നിൽക്കട്ടെ. ഇന്ന് അയാൾ പത്രപ്രവർത്തകനല്ല. ഇന്ന് അയാൾ ഒരു ബ്ലാക്ക് യുവാവാണ്. ആരാലും ശ്രദ്ധിക്കപ്പെടാതെഅയാൾപോർട്ടിന്റെകവാടം കടന്നു. കണ്ടെയ്നറുകളുടെ ഇടയിൽക്കൂടി അയാൾ നടന്നു.

### കഥ ഇതുവരെ

കെന്നഡി ജൂനിയർ പറത്തിയ വിമാനം തകർന്ന് വീണു. അതുമായി ബന്ധപ്പെട്ട് ചില അത്യാഹിതങ്ങൾ സംഭവിക്കുന്നു. അതിന്റെ അന്വേഷണത്തിലാണ് റിപ്പോർട്ടർ റോബിൻസ്.

കൂടുതൽ അന്വേഷണങ്ങൾക്കായി അയാൾ കെനിയായൽ എത്തി. അവിടത്തെ ദരിദ്ര്യാവസ്ഥ ഭയാനകമായിരുന്നു. അതിനിടെ അയാളും സംഘവും വനമഹോത്സവത്തിൽ പങ്കെടുക്കാൻ റോഡ് മാർഗം ടാൻസാനിയായിലേക്കൊരു യാത്ര നടത്തമ്പോൾ വിചിത്രമായ ചില അനുഭവങ്ങളുണ്ടായി. അയാൾ പുതിയൊരു ദൗത്യത്തിലേക്കു കടക്കുകയാണ്.

തുടർന്നു വായിക്കുക.

ഓരോ കണ്ടെയ്നറും ഇരുളടഞ്ഞ ഭൂഖണ്ഡത്തിന്റെ കൊച്ചു പതിപ്പുപോലെ തോന്നിക്കുന്നു. എന്തൊക്കെയോ രഹസ്യങ്ങൾ ഒളിപ്പിച്ചുവയ്ക്കാൻ ശ്രമിക്കുന്നതു പോലെ..! റോബിൻസ് അല്പം കുനിഞ്ഞ് ഇരുളിലേക്കു മറഞ്ഞു. അയാളുടെ കണ്ണുകൾ മാത്രം തെളിഞ്ഞു കാണാം. ആർത്തിരമ്പുന്ന കടലിന്റെ ശബ്ദം. എന്നാൽ കടൽ കാണുന്നില്ല. കേൾക്കാൻ മാത്രമേ കഴിയൂ. വല്ലാത്തൊരു ഗന്ധം..!

റോബിൻസ് മനസ്സിൽ പറഞ്ഞു:




‘‘ഇവർ പോകുന്നത് യാത്രക്കല്ല. രക്ഷപ്പെടലിനാണ്.’’ അയാൾ ശ്വാസം അടക്കി.

ഇനിയുള്ള ദിവസങ്ങൾ..! വെളിച്ചമില്ല...! പേര് ഇല്ല..! രാജ്യം ഇല്ല...!

ഇനി അയാൾ എഴുതാൻ പോകുന്നില്ല. ഇനി അയാൾ തന്നെയാണ് കഥ. കടലിന്റെ ശബ്ദം കൂടുതലായി.

ജിബൂട്ടി തുറമുഖത്തിന്റെ മേൽ പകൽ മുഴുവൻ കത്തിയ ആകാശം ഇപ്പോൾ ചെമ്പുനിറത്തിലേക്ക് വഴുതിപ്പോയി. ക്രെയിനുകളുടെ നീണ്ട നിഴലുകൾ കടലിലേക്കു വീണു. വെള്ളത്തിന്മേൽ അവ ഇരട്ടയായി കിടന്നു ഒന്ന് യാഥാർത്ഥ്യം, മറ്റൊന്ന് അതിന്റെ ഭീഷണി. കടൽ പുറമേക്കു ശാന്തമാണ്.

പക്ഷേ നിശ്ശബ്ദമല്ല. ഡീസൽ എണ്ണയുടെ മണം ഉപ്പുകാറ്റിനൊപ്പം ശ്വാസത്തിൽ കയറി. ഓരോ ശ്വാസവും തൊണ്ടയിൽ മണൽ തട്ടുന്നതുപോലെ.

ട്രക്കുകൾ ഒന്നിന് പിന്നിൽ ഒന്ന് എന്ന കണക്കേ കണ്ടെയ്നറുകളുമായി കാത്തുനിന്നു. ഇന്ത്യൻ, എത്യോപ്യൻ, സൊമാലി ഭാഷകൾശബ്ദങ്ങളിൽലയിച്ചു.ആരുംകേൾക്കുന്നില്ല.എല്ലാവരുംകാത്തിരിക്കുന്നു. അവരുടെ കണ്ണുകൾ കടലിലല്ല. കപ്പലുകളിലുമല്ല. എങ്ങിനേയും രാത്രിയായി കിട്ടണം. പോർട്ട് അതോറിറ്റി ഓഫീസിനു മുന്നിൽ ഫാൻ തിരിഞ്ഞു. ചൂട് അകറ്റാൻ അല്ല.

ശബ്ദം ഉണ്ടാക്കാൻ മാത്രം..! അകലത്ത് ഒരു ചരക്കു കപ്പൽ കിടന്നു. ഇരുണ്ട ചാരനിറം. മണൽ പൊടിയിൽ പേര് മങ്ങിപ്പോയി. എങ്കിലും വായിക്കാം. ‘എംവി ഓഷ്യൻ മെറിഡിയൻ’

കടൽക്കരയിൽ ചെറിയൊരു കാറ്റ് വീശി. ഒരു പ്ലാസ്റ്റിക് കഷണം ഡെക്കിന്റെ അരികിൽ പിടഞ്ഞു നിന്നു. അത് എങ്ങിനേയും കടന്നു പോകാൻ പണിപ്പെടുകയാണ്. പക്ഷേ ഒരുപ്രകാരവും പോകാനാകുന്നില്ല.

ജിബൂട്ടി തുറമുഖവും അങ്ങനെ തന്നെയാണ്..! പോകാൻ ആഗ്രഹിക്കുന്നവരുടെ അവസാന കാത്തിരിപ്പ്.

183 മീറ്റർ നീളവും 32.5 മീറ്റർ വീതിയും 42 മീറ്റർ ഉയരവുമുള്ള ‘എംവി ഓഷ്യൻ മെറിഡിയൻ’ എന്ന ചരക്കുകപ്പൽ തീരം വിടാനുള്ള തയ്യാറെടുപ്പിലാണ്.

രണ്ടു വർഷം പഴക്കമുള്ള ആ കപ്പലിൽ 21 പേരാണ് ജീവനക്കാരായുള്ളത്. അതിന്റെ ക്യാപ്ടൻ ഉക്രൈനിൽ നിന്നുള്ള വ്ളാഡിമിർ ഡ്രാഗുൻ.

സോവിയറ്റ് യൂണിയൻ തകർന്നതിന് ശേഷം വ്യാപാരക്കപ്പലുകളിൽ കൺട്രാക്ട് ക്യാപ്ടനായി അദ്ദേഹം സേവനം അനുഷ്ഠിക്കുന്നു. ചുണ്ടിനരികിൽ സ്ഥിരം ചുട്ടുപൊള്ളിച്ച സിഗരറ്റ് പാട്. കണ്ണിൽ സംശയവും അവഗണനയും ഒരുമിച്ച് നിഴലിക്കുന്നു.

പഞ്ചാബിയാണ് ചീഫ് ഓഫീസർ ഗുർദീപ് സിംഗ്. അയാൾ കപ്പലിൽക്കൂടി നടക്കുമ്പോൾ പാദശബ്ദം ഉണ്ടാകില്ല. പക്ഷേ, എവിടെയെങ്കിലും അവൻ ഉണ്ടാകും. വലിപ്പമുള്ള ശരീരം. വളരെ കൃത്യമായി വെട്ടിയ താടി.

കണ്ണുകളിൽ എപ്പോഴും ഒരു കണക്കുകൂട്ടൽ ഉണ്ടായിരിക്കും. ക്യാപ്ടൻ ഡ്രാഗുൻ ദേഷ്യത്തോടെ അലറമ്പോൾ ഗുർദീപ് ഒന്നും പറയില്ല. ആ കണ്ണുകൾ എല്ലാം കാണുന്നുണ്ടായിരിക്കും.

ക്രൂ അയാളെ ഭയപ്പെടുന്നില്ല. എന്നാൽ അവരെല്ലാം അയാളെ വിശ്വാസത്തിലെടുക്കുന്നു. അത് പലപ്പോഴും അയാൾക്ക് വിനിയോഗിക്കുകയും ചെയ്യാറുണ്ട്. മലയാളിയായ സെക്കൻഡ് ഓഫീസർ ബേസിൽ മാത്യു.

നാവിഗേഷൻ ബ്രിഡ്ജിൽ അയാൾ ഒറ്റയ്ക്ക് നിൽക്കുമ്പോൾ കടൽ പോലും ശബ്ദം കുറയ്ക്കും. മുപ്പത് വയസ്സ് തികയാത്ത മുഖം. കണ്ണുകളിൽ അല്പം ഉറക്കമില്ലായ്മ. അല്പം കുറ്റബോധം. ചാർട്ടുകൾക്ക് മുകളിൽ അവന്റെ വിരൽ ഒരു ചോദ്യം പോലെ നീങ്ങും.

ബേസിൽ മാത്യു ക്യാപടന്റെ അലർച്ച കേൾക്കും. ഗുർദീപിന്റെ മൗനം കാണും.

രാത്രി ഡ്യൂട്ടിക്കിടയിൽ അയാൾ ഡെക്കിലേക്ക് നോക്കും. അവിടെ കാണാൻ പാടില്ലാത്തത് കണ്ടതായി തോന്നും..! പക്ഷേ, ലോഗ്ബുക്കിൽ അത് എഴുതാറില്ലെന്നു മാത്രം..!

ആ കപ്പലിൽ തേഡ് ഓഫീസർ മുഹമ്മദ് ഖാനുമുണ്ട്. ഡക്ക് കേഡറ്റ് ഗുജറാത്തിയായ ഈശ്വർ ഭായി പട്ടേലാണ് ഇവരെക്കൂടാതെ മൂന്ന് ഏബിൾ സി മാൻമാരും ഒരു ഓർഡിനറി സി മാനുമുണ്ട്. ഇത്രയും പേരാണ് സാധാരണഗതിയിൽ കപ്പലിന്റെ ഡക്കിൽ പ്രവർത്തിക്കുന്നത്.

കപ്പലിലെ അറ്റകുറ്റപ്പണികൾക്കുള്ള ക്രൂ വിനെ നിയന്ത്രിക്കുന്നത് ചീഫ് ഓഫീസറാണ്. ഇവർ ചരക്കു കയറ്റുന്നതിനും ഇറക്കുന്നതിനും സഹായിക്കുകയും ചെയ്യും. സൂര്യൻ അസ്തമിച്ചിട്ട് നേരം ഏറെയായെങ്കിവും ചൂടിന് തെല്ലും ശമനം വന്നിട്ടില്ല.

സെക്കന്റ് എഞ്ചിനിയർ സെൽവ രാജൻ ഇനിയുമെത്തിയിട്ടില്ല. ക്യാപ്ടൻ ഇരുട്ടിന്റെ കയങ്ങളിലേക്ക് ആകാംക്ഷയോടെ നോക്കിക്കൊണ്ട് കോഹിബ സിഗാർ ആഞ്ഞുവലിച്ചകൊണ്ടിരുന്നു. പെട്ടെന്നയാൾ വാച്ചിലേക്കു നോക്കി. സമയം രാത്രി ഒമ്പതുമണി. ഇനി ഒരു മണിക്കൂർ പോലുമില്ല കപ്പൽ പുറപ്പെടാൻ. കപ്പലിന്റെ ഏജന്റിനോട് വിളിച്ച് കാര്യം പറഞ്ഞു. തങ്ങളുടെ കപ്പലിലുള്ളവരുടെ നിയമപരമായതുൾപ്പടെയുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്ന വ്യക്തിയാണ് 37 വയസുള്ള സ്റ്റീവ് എന്ന ഏജന്റ്. പ്രായത്തിൽ കവിഞ്ഞ പക്വതയുള്ള കറുത്തുതടിച്ച ആ മനുഷ്യനെ ചിരിയോടെയല്ലാതെ കാണാറില്ല. ഉടൻ തന്നെ ഏജന്റ് പൈലറ്റിനെ വിളിച്ചു അരമണിക്കൂർ വൈകിയെത്തിയാൽ മതിയെന്നറിയിച്ചു.

എഞ്ചിനിയർ സെൽവരാജ് തമിഴ്നാട്ടുകാരനാണ്. ഈയിടെയായി അമിതമായി മദ്യപിക്കുന്നു. താടി വല്ലാതെ വളർന്നിട്ടുണ്ട്. കണ്ണുകളിൽ ചുവപ്പ്. മദ്യത്തിന്റെ മണം വാക്കുകളിൽ പോലുമുണ്ട്..!

ആരുമായും ഒരുതരത്തിലുള്ള ചങ്ങാത്തത്തിനുമില്ല. എന്തോ കാര്യമായ കുടുംബപ്രശ്നം അയാളെ അലട്ടുന്നുണ്ട്. ഏജന്റിനും ഇക്കാര്യം അറിയാം. ഏതെങ്കിലും ബാറിലായിരിക്കും അയാൾ ഉണ്ടാകുക എന്നുറപ്പിച്ചു.

ഉടൻതന്നെ തുറമുഖത്തിന് സമീപമുള്ള ബാറുകളിലൊക്കെ ഫോൺവഴി അന്വേഷണം നടത്തി. അയാൾക്ക് ആ പ്രദേശത്തുള്ള വഴികളെല്ലാം ഉള്ളംകൈയിലെ രേഖകണക്കെ സുപരിചിതമാണ്. ഒടുവിൽ ഫിഷ് മാർക്കറ്റിനോട് ചേർന്നുള്ള സ്ട്രീറ്റിലെ ഫയർ ലേഡി കഫേയിൽ സെൽവരാജ് ഉണ്ടെന്നു കണ്ടെത്തി. ഉടൻ ഏജന്റ് അതിനടുത്തുള്ള ടാക്സി ഡ്രൈവർ ജാക്സനുമായി ബന്ധപ്പെട്ടു. ഉടൻ അയാൾ തന്റെ അടുത്ത രണ്ട് സുഹൃത്തുക്കളേയും കൂട്ടി ബാറിലെക്കു പുറപ്പെട്ടു.

ഇതേസമയം സെൽവരാജ് ആകെ അസ്വസ്ഥനായി ഫയർ ലേഡി കഫേയിൽ മേശയിൽ കൈമുട്ടൂന്നി ഇനി എന്തുചെയ്യണം എന്നറിയാതെ മുന്നോട്ടാഞ്ഞിരിക്കുകയാണ്. അവിടമാകെ ഉപ്പും ചൂടും അഴുക്കും ഒന്നിച്ച് ചേർന്ന ഒരു ശ്വാസം.

കഫേയിലെ സെന്റർ എയർ കണ്ടീഷനിംഗ്തീരെമോശമായഅവസ്ഥയിലായിരുന്നു.ചുരുട്ടിന്റേയുംസിഗരറ്റിന്റേയുംപുക അന്തരീക്ഷത്തിൽ ചിത്രരചന നടത്തുന്നു. ജാസ് ബാന്റിൽ നിന്നും ഇക്കിളിപ്പെടുത്തുന്ന ചില പാട്ടിന്റെ ട്യൂണുകൾ കേൾക്കാം. എവിടേയും അരണ്ട മഞ്ഞവെളിച്ചം മാത്രം. ഡാൻസ് ഫ്ളോറിൽ രണ്ടു പെണ്ണുങ്ങൾക്കു ചുറ്റുമായി ആറേഴ് യുവസുന്ദരന്മാർ ചുവടുവയ്ക്കുന്നു. സെൽവരാജ് കുപ്പി മേശപ്പുറത്ത് വച്ചു. ആ കണ്ണുകൾ അകലെയെന്തോ തിരയുന്ന പോലെ. എഞ്ചിൻ റൂമിന്റെ ശബ്ദം ഇവിടെ പോലും അവന്റെ തലയിൽ വന്നലച്ചു.

അപ്പോൾ ചിരിയുടെ പൊട്ടൽ. അവൾ സെൽവരാജിനടുത്തെത്തി. അർദ്ധനഗ്ന. കറുത്തുചുരുണ്ട തലമുടി. നൃത്തം ചെയ്യുമ്പോൾ അവളൊരു ടൂണാമത്സ്യമായി മാറിയിരുന്നു.

‘കമോൺ മാൻ..!’ അവളുടെ കൈ അവന്റെ കൈപ്പത്തിയിൽ കുരുങ്ങി.

ഒരു നിമിഷം കഫേ നിശ്ശബ്ദമായി..!

അവൾ മുന്നോട്ട് ചാഞ്ഞു. ചുണ്ടുകൾ അവന്റെ മുഖത്തേക്ക്. സെൽവരാജിന്റെ കണ്ണുകൾ പെട്ടെന്ന് കല്ലായി.

അവൻ എഴന്നേറ്റു. അവളെ ബലമായി തള്ളി. അവൾ പിന്നോട്ട് തെറിച്ചു.

മേശ മറിഞ്ഞു. കുപ്പികൾ നിലത്തടിച്ച് ചിതറി. കഫേ പൊട്ടിത്തെറിച്ചു.

നൃത്തച്ചുവടുകൾ അവസാനിപ്പിച്ച് രണ്ടുമൂന്നു പേർ ശെൽവരാജിനടുത്തേക്ക് പാഞ്ഞു വന്നു. അപ്പോഴേക്കും സെൽവരാജ് കൈ ഉയർത്തി അവരെ തടഞ്ഞു. നല്ല പരിശീലനം ലഭിച്ച അയാളുടെ കൈകൾ. എഞ്ചിൻ റൂമിൽ തീയും ലോഹവും കൈകാര്യം ചെയ്ത കൈകൾ. ഒരാളെ പിടിച്ചു മേശയിലേക്കു അമർത്തി. മറ്റൊരാളെകാലുകൊണ്ട് തൊഴിച്ചിട്ടു.

അപ്പോഴേക്കും എതിരാളികളുടെ എണ്ണം കൂടിക്കൂടി വരികയായി.

(തുടരും)

## ഡൽഹിയിലെ സയിദ് ഫായിസ് ഇലാഹി മസ്ജിദ് പരിസരത്തെ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കി



ന്യൂഡൽഹി: ഓൾഡ് ഡൽഹിയിലെ തുർക്ക്മാൻ ഗേറ്റിനു അടുത്ത സയിദ് ഫായിസ് ഇലാഹി മസ്ജിദ് പരിസരത്തെ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കി. ഇന്നലെ പുലർച്ചെ ഒരു മണിയോടെയാണ് 7ൽപ്പരം ബുൾഡോസറുകൾ മേഖലയിലെത്തി നടപടി തുടങ്ങിയത്. ഇതിനിടെ പൊളിച്ചുനീക്കൽ തടയാൻ തടിച്ചുകൂടിയവരും പോലീസുമായി സംഘർഷമുണ്ടായി. കല്ലേറിൽ 5 പോലീസുകാർക്ക് പരിക്കേറ്റു. സംഭവത്തിൽ 5 പേരെ അറസ്റ്റു ചെയ്തു.

അതേസമയം,നടപ്പാക്കിയത് ഡൽഹി ഹൈക്കോടതിയുടെ ഉത്തരവെന്ന് മുനിസിപ്പൽ കോർപറേഷൻ ഒഫ് ഡൽഹി (എം.സി.ഡി) അധികൃതർ വ്യക്തമാക്കി. തുർക്ക്മാൻ ഗേറ്റിനു സമീപത്തെ 38,940 ചതുരശ്ര അടി അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കാൻ കഴിഞ്ഞ നവംബർ 12ന് ഡൽഹി ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടിരുന്നു. പൊളിച്ചുനീക്കുന്നതിന് മുന്നോടിയായുള്ള നടപടികൾക്കും എം.സി.ഡി തുടക്കമിട്ടെങ്കിലും മസ്ജിദ് ഭരണസമിതി ഇതിനതിരെ സമർപ്പിച്ച ഹർജി ചൊവ്വാഴ്ച പരിഗണിച്ചിരുന്നു. എം.സി.ഡി, നഗരവികസന മന്ത്രാലയം, ഡൽഹി വഖഫ് ബോർഡ് എന്നിവരുടെ നിലപാട് തേടി. ഏപ്രിൽ 22ന് വിഷയം പരിശോധിക്കാമെന്ന് ഹൈക്കോടതി പറഞ്ഞെങ്കിലും പൊളിക്കലിന് സ്റ്റേ അനുവദിച്ചില്ല.

മണിക്കൂറുക്കൾക്കകമാണ് മുനിസിപ്പൽ അധികൃതർ പോലീസ് സന്നാഹത്തോടൊപ്പം മേഖലയിലെത്തി പൊളിച്ചുനീക്കൽ തുടങ്ങിയത്. അവിടുത്തെ മർകസ് കോംപ്ലക്സ്, വിവാഹ ഹാൾ, ഡയാലിസിസ് സെന്റർ എന്നിവ ഉൾപ്പെടെ തരിപ്പണമാക്കി. ചെങ്കോട്ടയ്ക്കു സമീപം പൊട്ടിച്ചിതറിയ ഭീകരൻ ഡോ. ഉമർ നബി സ്ഫോടനത്തിനു മുൻപ് ഇതേ മസ്ജിദിലെത്തിയിരുന്നു. ഇതു സംബന്ധിച്ച സി.സി.ടി.വി ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു.

മേഖലയിൽ സ്ഥിതി ശാന്തമാണ്. വൻ പോലീസ് സന്നാഹം തുടരുന്നു. കേന്ദ്ര സേനയെയും രംഗത്തിറക്കിയിട്ടുണ്ട്. അതേസമയം, അവശിഷ്ടങ്ങൾ നീക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പ്രദേശവാസികളെ മേഖലയിൽ ഇറങ്ങി നടക്കാൻ അനുവദിച്ചിട്ടില്ല. സി.സി.ടി.വി അടക്കം പരിശോധിച്ചാണ് അക്രമികളെ തിരിച്ചറിഞ്ഞതെന്ന് ഡൽഹി സെൻട്രൽ ഡിസ്ട്രിക്ട് ഡി.സി.പി മലയാളിയായ നിധിൻ വൽസൻ പറഞ്ഞു.

## ജനനായകന്റെ റിലീസ് മാറ്റി, കോടതിയിൽ നാടകീയ രംഗങ്ങൾ




ചെന്നൈ: വിജയ് ചിത്രം 'ജനനായകൻ' എന്ന് റിലീസ് ചെയ്യുമെന്ന കാര്യത്തിൽ അനിശ്ചിതത്വം. സെൻസർ ബോർഡ് സർട്ടിഫിക്കറ്റ് വൈകുന്നതിനെതിരെ, നിർമ്മാതാക്കൾ നൽകിയ ഹർജിയിൽ മദ്രാസ് ഹൈക്കോടതി നാളെ വിധി പറയും. ചിത്രം റിലീസ് ചെയ്യാനിരുന്നതും ഇതേ ദിവസമായതിനാൽ നിർമ്മാതക്കൾ റിലീസ് തീയതി ഇന്നലെ മാറ്റി. പുതിയ തീയതി പിന്നീട് അറിയിക്കും.

അതേസമയം,സിനിമയെ വെല്ലുന്ന ട്വിസ്റ്റുകളാണ് ഇന്നലെ കോടതിയിലുണ്ടായത്റിവൈസ്കമ്മിറ്റിക്ക്സിനിമ വിട്ടത് ആരുടെ പരാതിയിലെന്ന കോടതിയുടെ ചോദ്യത്തിൽ സെൻസർ ബോർഡിന്റെ നാടകീയ വെളിപ്പെടുത്തലോടെയാണ് വാദം തുടങ്ങിയത്. ഡിസംബർ 22ന് ചിത്രത്തിന് യു/എ സർട്ടിഫിക്കറ്റ് ശുപാർശ ചെയ്ത 5 അംഗ എക്സാമിനിംഗ് കമ്മിറ്റിയിലെ ഒരാളാണ് പരാതിക്കാരനെന്ന് സെൻസർ ബോർഡ് അറിയിച്ചു. സിനിമയിൽ സൈന്യവുമായി ബന്ധപ്പെട്ട അടയാളങ്ങളുണ്ടെന്നും പ്രതിരോധ രംഗത്തെ വിദഗ്ധർ അടങ്ങിയ സമിതി പരിശോധിക്കാതെ ചിത്രത്തിന് അനുമതി നൽകാനാകില്ലെന്നുമാണ് വാദം.

റിവൈസിംഗ് കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ച ശേഷം 20 ദിവസത്തിനുള്ളിൽ സമിതി രൂപീകരിച്ചാൽ മതിയെന്നും ചെയർമാന്റെ അധികാരത്തെ തടയാൻ കോടതിക്ക് കഴിയില്ലെന്നുമാണ് സെൻട്രൽ ബോർഡ് ഒഫ് ഫിലിം സർട്ടിഫിക്കേഷനു വേണ്ടി ഹാജരായ അഡിഷണൽ സോളിസിറ്റർ ജനറൽ എ.ആർ.എൽ സുന്ദരേശൻ അറിയിച്ചത്.

സെൻസർ ബോർഡ് നിർദ്ദേശിച്ച 27 മാറ്റങ്ങളും വരുത്തിയാണ് ചിത്രം രണ്ടാമതും പരിശോധനയ്ക്കായി നൽകിയതെന്നും ഒരു അംഗത്തിന്റെ അഭിപ്രായത്തെ പരാതിയായി കാണാൻ ആകില്ലെന്നും നിർമ്മാതാക്കളായ കെ.വി.എൻ പ്രൊഡക്ഷൻസ് മറുപടി നൽകി. ഇന്നലെ തന്നെ തീരുമാനം അറിയിക്കണമെന്ന് നിർമ്മാതാക്കൾ അഭ്യർത്ഥിച്ചെങ്കിലും വിധി പറയാൻ മാറ്റുന്നുവെന്ന് ജസ്റ്റിസ് പി.ടി. ആശ അറിയിക്കുകയായിരുന്നു. ഇത്തരം പരാതികൾ ആരോഗ്യകരമല്ലെന്ന് പറഞ്ഞതിനു ശേഷമാണ് ജഡ്ജി കോടതി മുറി വിട്ടതെന്നാണ് റിപ്പോർട്ടുകൾ. റിലീസിംഗ് പ്രതിസന്ധിയിലായതോടെ ടിക്കറ്റ് റിസർവേഷൻ തത്കാലം നിറുത്തിവച്ചിട്ടുണ്ട്.



## പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ അന്തരിച്ചു

പൂനെ: മുതിർന്ന പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ (83) അന്തരിച്ചു. പൂനെയിലെ വീട്ടിൽ ബുധനാഴ്ച രാത്രിയായിരുന്നു അന്ത്യം. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ്ധ സമിതിയുടെ അധ്യക്ഷനായിരുന്നു. ഗാഡ്ഗിൽ കമ്മിറ്റി എന്ന പേരിൽ അറിയപ്പെട്ട സംഘം 2011 ലാണ് റിപ്പോർട്ട് സമർപ്പിച്ചത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നിരവധി വിവാദങ്ങൾക്ക് വഴിവെച്ചിരുന്നു. പത്മശ്രീ (1981), പത്മഭൂഷൺ (2006) എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനു തുടക്കത്തിൽ കേരളത്തിൽ ഏറെ എതിർപ്പുകൾ നേരിട്ടെങ്കിലും 2018 ലെ പ്രളയത്തിനും വയനാടിൽ അടക്കമുള്ള പ്രകൃതിദുരന്തങ്ങൾക്കും ശേഷം സ്വീകാര്യത ലഭിച്ചു.















# പനോരമയുമായി 100 കോടിയുടെ ചരിത്രകരാർ ഒപ്പുവച്ച് നിവിൻ

മലയാള സിനിമയിലെ മുൻനിര താരവും നിർമ്മാതാവുമായ നിവിൻ പോളി തന്റെ കരിയറിൽ ഏറ്റവും വലിയ ഒരു നേട്ടം സ്വന്തമാക്കിയിരിക്കുകയാണ് ഇപ്പോൾ. ഇന്ത്യയിലെ പ്രമുഖ പ്രൊഡക്ഷൻ, ഡിസ്ട്രിബ്യൂഷൻ കമ്പനികളിലൊന്നായ പനോരമ സ്റ്റുഡിയോസുമായി നിവിൻ പോളി 100 കോടി രൂപയുടെ ചരിത്രപരമായ മൾട്ടി-ഫിലിം കരാറിൽ ഒപ്പുവച്ചു എന്ന വാർത്തയാണ് ഇപ്പോൾ പുറത്തു വരുന്നത്. മലയാള സിനിമയിൽ ഇതുവരെ ഉണ്ടായതിൽ ഏറ്റവും വലിയ വ്യക്തിഗത മൾട്ടി-ഫിലിം കരാറുകളിലൊന്നായി ആണ് ഇതിനെ വിലയിരുത്തുന്നത്. ഈ കരാറിന്റെ ഭാഗമായി, നിവിൻ പോളിയും പനോരമ സ്റ്റുഡിയോസും ചേർന്ന് ഒന്നിലധികം മലയാള സിനിമകൾ നിർമ്മിക്കും എന്നും ഈ ചിത്രങ്ങൾ വലിയ സ്കെയിലിലും മികച്ച നിർമ്മാണ നിലവാരത്തിലുമാകും ഒരുങ്ങുക എന്നുമാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ. കരാറിന്റെ മൊത്തം മൂല്യം ഏകദേശം 100 കോടി രൂപയാണ്. ഇത് മലയാള സിനിമയുടെ വളർച്ചയും വിപുലീകരണവും വ്യക്തമാക്കുന്ന ഒരു വലിയ ചുവടുവെപ്പായാണ് സിനിമാ ലോകം കാണുന്നത്.ഈ കരാറിനെക്കുറിച്ച് സംസാരിക്കുമ്പോൾ പനോരമ സ്റ്റുഡിയോസുമായി ചേർന്ന് പ്രവർത്തിക്കാൻ താൻ ഏറെ ആകാംക്ഷയോടെ കാത്തിരിക്കുകയാണെന്ന് സന്തോഷത്തോടെ നിവിൻ പോളി പറഞ്ഞു.പനോരമ സ്റ്റുഡിയോസ് ഇതിനുമുമ്പ് നിരവധി ഹിറ്റ് സിനിമകൾ നിർമിച്ചിട്ടുള്ള ഒരു സ്ഥാപനം ആണ്. ദൃശ്യം 1 & 2, റെയ്ഡ്, പ്യാർ കാ പഞ്ച്നാമ സീരീസ് എന്നിവയാണ് അവയിൽ ചിലത്.

PANORAMA
STUDIOS



## ജീവനാംശമില്ല: 19 വർഷത്തിന് ശേഷം നിക്കോൾ കിഡ്മാനും കീത്ത് അർബനും വിവാഹമോചനം

ഹോളിവുഡ് സിനിമാ ലോകത്ത് മാതൃകാ ദമ്പതിമാർ എന്നായിരുന്നു നിക്കോള കിഡ്മാനും കീത്ത് അർബനും അറിയപ്പെട്ടിരുന്നത്. എന്നാൽ ഇനി ആ ബന്ധം ഇല്ല. 19 വർഷത്തെ വിവാഹ ബന്ധത്തിന് ശേഷം ഇരുവരും വേർപിരിഞ്ഞു. സ്വത്തുക്കൾ വിഭജിക്കുന്നതിലും കുട്ടികളുടെ സംരക്ഷണത്തിലും ദമ്പതികൾ നടത്തിയ ഒത്തുതീർപ്പുകൾ കോടതിയിൽ ഫയലിംഗിൽ സമർപ്പിച്ചു.കിഡ്മാനും അർബനും രണ്ട് പെൺമക്കളാണ്. അവർ ഒപ്പുവച്ച കരാർ പ്രകാരം കുട്ടികളുടെ പ്രാഥമിക രക്ഷാകർത്താവ് കിഡ്മാൻ ആയിരിക്കുമെന്ന് പറയുന്നു. ജീവിതകാലം മുഴുവൻ അവർ നാഷ്‌വില്ലിൽ തന്നെ താമസിക്കുന്നത് നല്ലതാണെന്നും കരാർ നിർദ്ദേശിച്ചു. അവരുടെ സംയുക്ത ആസ്തികൾ ഏകദേശം തുല്യമായി വിഭജിക്കണമെന്നും ഫയലിംഗ് പറയുന്നു.ഓസ്കർ പുരസ്കാര ജേതാവായ നിക്കോൾ കിഡ്മാനും നാല് തവണ ഗ്രാമി പുരസ്കാരം നേടിയ കീത്ത് അർബനും 2006 ജൂണിലാണ് വിവാഹിതരായത്. ഇരുവർക്കും സൺഡേ റോസ്, ഫെയ്ത്ത് മാർഗരറ്റ് എന്നീ രണ്ട് മക്കളുണ്ട്. വാടക ഗർഭധാരണത്തിലൂടെയാണ് ഫെയ്ത്തിനെ ഇരുവരു ജീവിതത്തിലേക്ക് സ്വീകരിച്ചത്. വിവാഹത്തിനുശേഷം മയക്കുമരുന്നിനും മദ്യത്തിനും അടിമയായതിനെ തുടർന്ന് കീത്ത് അർബൻ ലഹരിമുക്ത കേന്ദ്രത്തിൽ കഴിഞ്ഞിരുന്നു. അന്ന് നിക്കോൾ കിഡ്മാനും സുഹൃത്തുക്കളും ചേർന്ന് നടത്തിയ ഇടപെടലുകളാണ് അദ്ദേഹത്തെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത്. നടൻ ടോം ക്രൂസാണ് നിക്കോൾ കിഡ്മാന്റെ ആദ്യ ഭർത്താവ്. 1990-ൽ വിവാഹിതരായ ഇരുവരും 2001-ലാണ് വേർപിരിഞ്ഞത്. ഇരുവർക്കും രണ്ട് മക്കളുണ്ട്.

# 'മകൻ ജെയ്സി ചാനെ വളർത്തുന്നതിൽ തനിക്ക് തെറ്റുകൾ പറ്റി'; തുറന്ന് പറഞ്ഞു ജാക്കിച്ചാൻ

ആക്ഷൻ ആരാധകരുടെ പ്രിയപ്പെട്ട താരമാണ് ജാക്കിച്ചാൻ. ഇപ്പോൾ മകൻ ജെയ്സി ചാനെ വളർത്തുന്നതിൽ തനിക്ക് തെറ്റുകൾ പറ്റിയിട്ടുണ്ടെന്നും താനൊരു കർക്കശക്കാരനായ അച്ഛനായിരുന്നു എന്നും തുറന്ന് പറഞ്ഞു രംഗത്ത് എത്തിയിരിക്കുകയാണ് താരം.അതേസമയം പ്രായം കൂടുന്തോറും മാത്രമാണ് താൻ ആ സമീപനത്തിൽ നിന്നും മാറ്റം വരുത്തിയതെന്നും മകനുമായുള്ള ബന്ധം മോശമാകാൻ അത് കാരണമായി എന്നും ജാക്കി ചാൻ പറഞ്ഞു. 'പണ്ട്, എന്റെ മകനെ കാണുമ്പോഴെല്ലാം ഞാൻ അവനെ ശകാരിച്ചിരുന്നു. ഒരു ദയയുള്ള വാക്ക് പോലും പറഞ്ഞിട്ടില്ല. സത്യത്തിൽ ഞാൻ തെറ്റാണ് ചെയ്തത്. ഞാൻ അവന് കൂടുതൽ സ്വാതന്ത്ര്യം നൽകണമായിരുന്നു. ജെയ്സി എന്റെ എല്ലാ പിറന്നാളിനും വിളിച്ച് ആശംസ നേരുമായിരുന്നു'. എന്നാൽ 'ഒരിക്കൽ അങ്ങനെ അവൻ വിളിച്ചപ്പോൾ ഞാൻ ശകാരിച്ചു. ഞാൻ ഉദ്ദേശിച്ചത് അവൻ എന്നെ ഇടയ്ക്കിടെ വിളിക്കണമെന്നായിരുന്നു. പക്ഷേ ആ ശകാരം കേട്ടതോടെ അവൻ എന്നെ വിളിക്കുന്നത് പൂർണമായും നിർത്തി. ഒരു വർഷത്തോളം അങ്ങനെ പോയി. പ്രായം കൂടുന്തോറും മാത്രമാണ് ഞാൻ കർക്കശക്കാരനായ അച്ഛൻ എന്ന സമീപനത്തിൽ അയവ് വരുത്താൻ തുടങ്ങിയത്. ഇന്ന് മകനിൽ പ്രതീക്ഷകൾ അടിച്ചേൽപ്പിക്കുന്നില്ല. അവൻ സുരക്ഷിതവും സന്തുഷ്ടവുമായ ജീവിതം നയിച്ചാൽ മാത്രം മതി' എന്നാണ് അദ്ദേഹം പറഞ്ഞത്.



## വിജയ്‌യുടെ ജനനായകനിൽ മമിതയുടെ പ്രതിഫലം എത്രയെന്നറിയാം



വിജയ്‌യുടെ അവസാന ചിത്രം തിയേറ്ററിൽ എത്താനായി ആരാധകർ കാത്തിരിക്കുകയാണ്. സിനിമയിൽ പ്രധാന വേഷത്തിൽ മലയാളത്തിലെ മമിത ബൈജുവും എത്തുന്നു എന്നതും മലയാളികളെ ആവേശത്തിൽ ആക്കിയിട്ടുണ്ട്. ഇപ്പോഴിതാ സിനിമയുടെ ബജറ്റും അഭിനേതാക്കളുടെ പ്രതിഫലവുമാണ് ശ്രദ്ധ നേടുന്നത്. 380 കോടി സിനിമയുടെ ബജറ്റിൽ 220 കോടി ആണ് വിജയ്‌യുടെ പ്രതിഫലം. മമിതാ ബിജു ചിത്രത്തിൽ 60 ലക്ഷം പ്രതിഫലം വാങ്ങിയെന്നാണ് ലഭിക്കുന്ന റിപ്പോർട്ട്.ജനുവരി 9ന് പൊങ്കൽ റിലീസായാണ് ജനനായകൻ തിയേറ്ററുകളിലെത്തുന്നത്.

# 'തനിക്കും കുടുംബത്തിനുമെതിരെ പെയ്ഡ് സൈബർ അറ്റാക്ക് നടക്കുന്നു'; ശിവകാർത്തികേയൻ



തനിക്കും കുടുംബത്തിനുമെതിരെ സംഘടിതമായി നടക്കുന്ന സൈബർ ആക്രമണത്തിൽ വികാരഭരിതനായി നടൻ ശിവകാർത്തികേയൻ. വിജയ് നായകനായ 'ജനനായകനു'മായി ക്ലാഷ് റിലീസിനൊരുങ്ങുന്ന 'പരാശക്തി'യുടെ ഓഡിയോ ലോഞ്ചിലാണ് ശിവകാർത്തികേയൻ ആരോപണം ഉന്നയിച്ചത്.''സോഷ്യൽ മീഡിയയിൽ പണം നൽകിയുള്ള സൈബർ ആക്രമണങ്ങൾ ഞാൻ നേരിട്ടിട്ടുണ്ട്. അവർക്ക് സാധാരണയായി ഒരു അജണ്ട ഉണ്ടായിരിക്കും, അവർ എന്തെങ്കിലും നെഗറ്റീവ് കാര്യങ്ങൾ പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇത്തവണ അവർ കുറച്ചുകൂടി മുന്നോട്ട് പോയി. എന്റെ കുടുംബത്തെയും അതിൽ വലിച്ചിഴച്ചു''- ശിവകാർത്തികേയൻ പറഞ്ഞു.'ഇതുകണ്ട അമ്മ, എന്നെ പിന്തുണയ്ക്കാൻ ആരുണ്ടെന്ന് ചോദിച്ചു. എന്നാൽ, ഇപ്പോൾ എനിക്ക് അമ്മയോട് പറയാനുള്ളത് എനിക്കൊപ്പം ലക്ഷക്കണക്കിന് ആളുകളുണ്ടെന്നാണ്', നടന്റെ വാക്കുകൾ കേട്ട് ആരാധകർ ആർത്തുവിളിച്ചപ്പോൾ അമ്മ രാജി പുഞ്ചിരിക്കാൻ ശ്രമിച്ചു. പരിപാടിക്കെത്തിയ വിജയ് ഫാൻസ് പല തവണ തമിഴക വെട്രി കഴകം (ടിവികെ) മുദ്രാവാക്യങ്ങൾ മുഴക്കി. ഇതിന്റെ ദൃശ്യങ്ങൾ സാമൂഹികമാധ്യമങ്ങളിൽ വൈറലാണ്. 'പരാശക്തി', 'ജനനായകനു'മായി ക്ലാഷ് റിലീസ് വെക്കുന്നതിനുമുമ്പ് വിജയ്‌യോട് സംസാരിച്ചിരുന്നുവെന്നും പരിപാടിയിൽ ശിവകാർത്തികേയൻ പറഞ്ഞു.സുധ കൊങ്ങര സംവിധാനം ചെയ്ത പരാശക്തിയിൽ ശിവകാർത്തികേയൻ, ശ്രീലീല, രവി മോഹൻ എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നു. 1960-കളിലെ മദ്രാസിൽ ഹിന്ദി അടിച്ചേൽപ്പിക്കലിനെതിരെ തമിഴ്നാടിന്റെ ചെറുത്തുനിൽപ്പ് ചിത്രീകരിക്കുന്ന ചിത്രമാണിത്. ജനുവരി 10-ന് റിലീസ് ചെയ്യും. അതേസമയം, വിജയ്, മമിത ബൈജു, പൂജ ഹെഗ്ഡെ, ബോബി ഡിയോൾ എന്നിവർ പ്രധാന വേഷങ്ങളിൽ എത്തുന്ന എച്ച് വിനോദിന്റെ ജന നായകൻ ജനുവരി 9-ന് തിയേറ്ററുകളിലെത്തും.

# ലെന അഭിനയം നിർത്തി അമേരിക്കയിൽ താമസമായോ?



മലയാള സിനിമ പ്രേമികൾക്ക് ഏറെ പ്രിയങ്കരിയായ താരമാണ് ലെന. ചില വിഷയങ്ങളോടുള്ള നടിയുടെ തുറന്ന് പറച്ചിലുകൾ സോഷ്യൽ മീഡിയയിൽ വലിയ രീതിയിൽ ചർച്ചയാവാറുണ്ട്. താരത്തിന്റെ വിവാഹം വലിയ രീതിയിൽ ചർച്ചയായിരുന്നു. ഗഗൻയാൻ ഗ്രൂപ്പ് ക്യാപ്റ്റനായ പ്രശാന്ത് ബാലകൃഷ്ണനാണ് നടിയുടെ പങ്കാളി.താരം അമേരിക്കയിൽ സെറ്റിൽഡ് ആയി എന്നും അഭിനയം ഉപേക്ഷിച്ചു എന്ന തരത്തിലും ഗോസിപ്പുകൾ വന്നിരുന്നു. ഇപ്പോൾ ഇതിനെല്ലാം മറുപടിയുമായി എത്തിയിരിക്കുകയാണ് താരം.താൻ ഇന്ത്യയിലേക്ക് മടങ്ങി എത്തിയെന്നും തന്റെ പുതിയ ചിത്രം വലതു വശത്തെ കള്ളൻ റിലീസിനൊരുങ്ങുകയായെന്നും നടി വ്യക്തമാക്കി. സോഷ്യൽ മീഡിയ പോസ്റ്റിലൂടെ ആണ് താരം കാര്യങ്ങൾ വ്യക്തമാക്കിയത്.'അടുത്തിടെ ഞാൻ ശ്രദ്ധിച്ചതാണ്ഞാൻ അമേരിക്കയിലേക്ക് താമസം മാറിയതാണോ, അഭിനയത്തിൽ നിന്ന് വിട്ടുനിന്നതാണോ എന്ന കാര്യത്തിൽ എന്റെ സിനിമാ മേഖലയിലെ സഹപ്രവർത്തകർക്കും ആരാധകർക്കും ഒരുപാട് ആശയക്കുഴപ്പം ഉണ്ടെന്ന്. ഈ പോസ്റ്റിലൂടെ അറിയിക്കാനാഗ്രഹിക്കുന്നത്, ഞാൻ ഇപ്പോൾ ഇന്ത്യയിലേയ്ക്ക് മടങ്ങിയെത്തി കൊച്ചിയിൽ താമസിക്കുന്നുവെന്നതാണ്. അഭിനയത്തിലേക്കും ഞാൻ തിരിച്ചെത്തിയിട്ടുണ്ട്. എന്റെ കം-ബാക്ക് ചിത്രം ''വലതു വശത്തെ കള്ളൻ'' സംവിധാനം ചെയ്ത ജീത്തു ജോസഫിന് ഹൃദയം നിറഞ്ഞ നന്ദി. എന്നാണ് ലെന പറഞ്ഞത്.




## ഗോവൻ ബീച്ചിൽ അജ്ഞാത സുന്ദരിക്കൊപ്പം അവധിക്കാലം ആഘോഷിച്ചു കാർത്തിക്ക് ആര്യൻ

ബോളിവുഡിലെ യുവതാരങ്ങളിൽ ഏറെ ആരാധകരുള്ള നടനാണ് കാർത്തിക് ആര്യൻ. ചുരുങ്ങിയ കാലത്തിനുള്ളിൽ യുവാക്കൾക്കിടയിൽ കാർത്തിക് തന്റേതായ സ്ഥാനം കണ്ടെത്തി. ലവ് ആജ് കൽ, ധമാക്ക, ബുൽ ബുല്ലയ്യ 2, ബുൽ ബുല്ലയ്യ 3, ഫ്രെഡ്ഡി, ചന്ദു ചാമ്പ്യൻ എന്നിവ കാർത്തിക് ആര്യന്റെ ശ്രദ്ധയമായ സിനിമകളാണ്. ഇപ്പോൾ താരത്തിന്റെ അവധിക്കാല ചിത്രങ്ങൾ ആണ് സോഷ്യൽ മീഡിയയിൽ വൈറൽ ആവുന്നത്. ഗോവയിൽ അവധിക്കാലം ആഘോഷിക്കുന്ന നടന്റെ ചില ചിത്രങ്ങളാണ് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത്. ഗോവയിൽ താരം ഒറ്റയ്ക്കല്ലെന്നും ഒരു യുവതിയും ഒപ്പമുണ്ടെന്നാണ് പലരും പറയുന്നത്. ഗോവയിൽ നിന്നുള്ള ചില ചിത്രങ്ങൾ കാർത്തികും പങ്കുവച്ചിരുന്നു. ഗ്രീസിൽ നിന്നുള്ള കരീന കുബിലിയുട്ട് എന്ന യുവതിയും അതേ സ്ഥലത്ത് നിന്നുള്ള ചിത്രങ്ങൾ പങ്കുവച്ചിട്ടുണ്ട്. ഇതിലെ സാമ്യം ശ്രദ്ധിച്ച ആരാധകർ ഇരുവരും ഒരുമിച്ചാണ് അവധി ആഘോഷിച്ചതെന്ന് ആണ് പറയുന്നത്.



# ജെയിംസ് കാമറൂൺ പിന്മാറിയാൽ 'അവതാർ 4' സംവിധാനം ചെയ്യാൻ തയ്യാർ: ജെയിംസ് വാൻ



പണ്ടോറയെന്ന ലോകവും അവിടുത്തെ മനുഷ്യരും അവരുടെ പ്രണയവും എല്ലാം അവതാർ എന്ന സിനിമയിലൂടെ ജെയിംസ് കാമറൂൺ നമ്മുടെ ഹൃദയത്തിലേക്ക് ചേർത്തുവച്ചിട്ട് വർഷങ്ങളേറെയായി. അവതാർ ഫ്രാഞ്ചൈസിയുടെ മൂന്നാം ഭാഗമായ 'അവതാർ: ഫയർ ആൻഡ് ആഷ്' ആഗോള ബോക്സ് ഓഫീസിൽ മികച്ച പ്രകടനം തുടരുകയാണ്. നാലാമത്തെ അവതാർ ചിത്രം നിർമ്മിക്കുമോ എന്ന് ഡിസ്നിയും കാമറൂണും ഇതുവരെ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. ഇപ്പോഴിതാ അവതാർ 4 സംവിധാനം ചെയ്യാൻ താല്പര്യം പ്രകടിപ്പിച്ചിരിക്കുകയാണ് ചലച്ചിത്ര നിർമ്മാതാവ് ജെയിംസ് വാൻ. ജെയിംസ് കാമറൂൺ പരമ്പരയിൽ നിന്ന് പിന്മാറുകയോ അതിൽ നിന്നുള്ള തന്റെ പങ്കാളിത്തം കുറയ്ക്കുകയോ ചെയ്താൽ 'അവതാർ 4' സംവിധാനം ചെയ്യാൻ തയ്യാറാണെന്ന് ചലച്ചിത്ര നിർമ്മാതാവ് ജെയിംസ് വാൻ പറഞ്ഞതായി ദി ഹോളിവുഡ് റിപ്പോർട്ടർ റിപ്പോർട്ട് ചെയ്യുന്നു.അവസരം ലഭിച്ചാൽ ആ പദ്ധതി ഏറ്റെടുക്കാൻ താൽപ്പര്യമുണ്ടെന്ന് 'അക്വാമാൻ' സംവിധായകൻ ഒരു അഭിമുഖത്തിൽ പറഞ്ഞു. 'ഞാൻ അവതാർ ചെയ്തിട്ടില്ല. അതെ, ജെയിംസ് കാമറൂണിനൊപ്പം എനിക്ക് നല്ലൊരു ചിത്രം നൽകാൻ കഴിയുമെങ്കിൽ, ഞാൻ അതിൽ ഒരു ഭാഗമാകാൻ ആഗ്രഹിക്കുന്നു,' വാൻ പറഞ്ഞു. സോ, ഇൻസിഡിയസ്, ദി കൺജുറിംഗ് എന്നീ ഫ്രാഞ്ചൈസികൾ സംവിധാനം ചെയ്തിട്ടുള്ള വാൻ ഹൊറർ സിനിമകളിലൂടെ പ്രശസ്തനാണ്. 2018 ൽ ലോകമെമ്പാടുമായി 1.15 ബില്യൺ യുഎസ് ഡോളറിലധികം വരുമാനം നേടിയ അക്വാമാൻ സംവിധാനം ചെയ്തുകൊണ്ട് അദ്ദേഹം ബില്യൺ ഡോളർ ക്ലബ്ബിൽ ചേർന്നു. ഫ്രാഞ്ചൈസി തുടർന്നാൽ സംവിധാന ചുമതലകൾ എങ്ങനെ കൈകാര്യം ചെയ്യുമെന്ന് കാമറൂൺ ഇതുവരെ അന്തിമമാക്കിയിട്ടില്ല, കാരണം മറ്റ് പ്രോജക്ടുകളിലേക്ക് നീങ്ങാൻ അദ്ദേഹം മുമ്പ് താൽപര്യം പ്രകടിപ്പിച്ചിരുന്നു.

# 'ടോക്സിക്കിൽ' മെലിസയായിതിളങ്ങി രുക്മിണി വസന്ത്

ഗീതു മോഹൻദാസിന്റെ സംവിധാനത്തിൽ യാഷ് (Yash) നായകനാകുന്ന ടോക്സിക് (Toxic) ഓരോ അപ്ഡേറ്റിലും പ്രേക്ഷകരുടെ ആകാംക്ഷ വർദ്ധിപ്പിക്കുകയാണ്. ഈ ആക്ഷൻ ഡ്രാമ ചിത്രത്തിന്റെ ലോകം കൂടുതൽ ശക്തമാക്കിക്കൊണ്ട് മെലിസ എന്ന കഥാപാത്രത്തിന്റെ പോസ്റ്റർ റിലീസ് ചെയ്തു.കാന്താരയിലെ കനകവതി രാജകുമാരിയായി അഭിനയിച്ച പ്രേക്ഷകരുടെ പ്രിയ അഭിനേത്രി രുക്മിണി വസന്ത് (Rukmini Vasanth) ആണ് മെലിസയായി ടോക്സികിൽ എത്തുന്നത്. സൗന്ദര്യവും ആത്മവിശ്വാസവും കർക്കശതയും ഒരേ സമയം ഉൾക്കൊള്ളുന്ന രുക്മിണി വസന്ത് അവതരിപ്പിക്കുന്ന മെലിസ ടോക്സിക്കിലെ കഥാപ്രപഞ്ചത്തിന് പുതിയ ഊർജമാകും. യാഷിന്റെ നേതൃത്വത്തിൽ, സംവിധായിക ഗീതു മോഹൻദാസിന്റെ വ്യത്യസ്തമായ സിനിമാറ്റിക് കാഴ്ചപ്പാടിൽ ഒരുങ്ങുന്ന ടോക്സിക് മാർച്ച് 19 ന് ലോകവ്യാപകമായി തിയേറ്ററുകളിലേക്കെത്തും.നേരത്തെ കിയാര അദ്വാനി (നാദിയ), ഹുമ ഖുറേഷി (എലിസബത്ത്), നയൻതാര (ഗംഗ), താര സുതാരിയ (റിബെക്ക) എന്നിവരുടെ ശ്രദ്ധേയമായ ഫസ്റ്റ് ലുക്കുകൾ പുറത്തിറങ്ങിയതിന് പിന്നാലെ, മെലിസയായി രുക്മിണി വസന്തിന്റെ വരവ് ടോക്സിക്കിന്റെ ലോകത്തെ കൂടുതൽ ആഴത്തിലേക്ക് നയിക്കുന്നു. വെങ്കട് കെ. നാരായണയും യാഷും ചേർന്ന് കെ.വി.എൻ. പ്രൊഡക്ഷൻസ്, മോൺസ്റ്റർ മൈൻഡ് ക്രിയേഷൻസ് എന്നീ ബാനറുകളിൽ നിർമ്മിക്കുന്ന ചിത്രമാണ് 'ടോക്സിക്'. യാഷിന്റെ പിറന്നാൾ ദിനത്തോടനുബന്ധിച്ച് ജനുവരി 8ന് ചിത്രത്തിന്റെ വമ്പൻ അപ്ഡേറ്റിനായുള്ള കാത്തിരിപ്പിലാണ് ഓരോ പ്രേക്ഷകനും ആരാധകരും.

# ആഗോള കളക്ഷനിൽ അമ്പരപ്പിച്ച് ധുരന്ദർ



രൺവീർ സിങ്ങിനെ നായകനാക്കി ആദിത്യ ധർ സംവിധാനം ചെയ്ത ധുരന്ദർ ബോക്സ് ഓഫീസിൽ കുതിപ്പ് തുടരുകയാണ്. സ്പൈ ത്രില്ലർ ചിത്രം ഇതുവരെ നേടിയത് 1240 കോടിയാണ്. കഴിഞ്ഞ വർഷം ഡിസംബർ 5 ന് തിയറ്ററുകളിൽ എത്തിയ ചിത്രമാണ് ഇത്. റിലീസ് ദിനത്തിൽ ആദ്യ ഷോകൾക്കിപ്പുറം വൻ മൗത്ത് പബ്ലിസിറ്റി ലഭിച്ച ചിത്രം ബോക്സ് ഓഫീസിലും കുതിപ്പ് തുടങ്ങി. നിലവിൽ ഇന്ത്യൻ സിനിമയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും കളക്ഷൻ നേടിയ അഞ്ചാമത്തെ ചിത്രമാണ് ധുരന്ദർ. കേരളത്തിലെ ട്രാക്കർമാർ പുറത്തുവിടുന്ന കണക്കുകൾ പ്രകാരം, 32 ദിവസം കൊണ്ട് ചിത്രം കേരളത്തിൽ നിന്ന് മാത്രം 7.20 കോടി രൂപ നേടി. പരിമിതമായ റിലീസ് ആയിരുന്നിട്ടും കേരളത്തിൽ ലഭിച്ച 'ലോംഗ് റൺ' ആണ് ഈ നേട്ടത്തിന് പിന്നിൽ. വിതരണക്കാരെ സംബന്ധിച്ച് കേരളത്തിൽ ചിത്രം വലിയ ലാഭമാണ് ഉണ്ടാക്കിയിരിക്കുന്നത്. സോഷ്യൽ മീഡിയയിൽ മലയാളം റിവ്യൂകൾ തരംഗമായതും ചിത്രത്തിന് വലിയ ഗുണമായി. 'ഉറി: ദി സർജിക്കൽ സ്ട്രൈക്ക്' എന്ന സൂപ്പർഹിറ്റ് ചിത്രത്തിന് ശേഷം ആദിത്യ ധർ സംവിധാനം ചെയ്ത ചിത്രമാണ് ധുരന്ദർ. രൺവീർ സിംഗ് 'ദി റാത്ത് ഓഫ് ഗോഡ്' എന്ന കോഡ് നെയിമിലറിയപ്പെടുന്ന ഇന്ത്യൻ ഇന്റലിജൻസ് ഏജന്റായി മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. അർജുൻ രാംപാൽ ഐഎസ്ഐ ഓഫീസർ മേജർ ഇഖ്ബാലായി ശക്തമായ വില്ലൻ വേഷത്തിൽ എത്തി.

# 'ദൃശ്യം 3' എപ്പോൾ? സസ്പെൻസിന് വിരാമമിട്ട് ജീത്തു



'ദൃശ്യം 3' ഏപ്രിൽ ആദ്യ വാരം എത്തുമെന്നു സംവിധായകൻ ജീത്തു ജോസഫ്. രാജഗിരി ആശുപത്രിയിൽ ആരംഭിച്ച സെന്റർ ഫോർ അഡ്വാൻസ്ഡ് യൂറോ-ഓങ്കോളജിയുടെ ഉദ്ഘാടന വേദിയിലാണ് ജീത്തു ജോസഫ് സിനിമയെ കുറിച്ച് സൂചന നൽകിയത്.'ദൃശ്യം 3' ക്കായി കാത്തിരിക്കുകയാണെന്ന് സ്വാഗത പ്രസംഗത്തിൽ യൂറോളജി വിഭാഗം മേധാവി ഡോ. ബാലഗോപാൽ നായർ പറഞ്ഞതിന് മറുപടി പറയുകയായിരുന്നു ജീത്തു.സിനിമയിലെ അപ്രതീക്ഷിത ട്വിസ്റ്റുകൾ പോലെയാണ് ജീവിതത്തിൽ രോഗങ്ങൾ കടന്നുവരുന്നതെന്നും, എന്നാൽ ആത്മവിശ്വാസത്തോടെ പോരാടുക എന്നതാണ് പ്രധാനമെന്നും ജീത്തു ജോസഫ് അഭിപ്രായപ്പെട്ടു.2013 ഡിസംബർ 19 ന് ആണ് 'ദൃശ്യം' മലയാളത്തിൽ റിലീസ് ആകുന്നത്. മലയാളത്തിലെ ആദ്യ 50 കോടി ചിത്രമായിരുന്നുവിത്. 75 കോടി രൂപയാണ് സിനിമയുടെ ലൈഫ് ടൈം കളക്ഷൻ. 2021 ഫെബ്രുവരി 19ന് ആമസോൺ പ്രൈമിൽ റിലീസ് ചെയ്ത രണ്ടാം ഭാഗത്തിനും മികച്ച അഭിപ്രായമാണ് ലഭിച്ചത്. മോഹൻലാലിന് പുറമേ മീന, അൻസിബ ഹസൻ, ആശാ ശരത്, സിദ്ദിഖ്, എസ്തർ അനിൽ തുടങ്ങിയവരായിരുന്നു ചിത്രത്തിലെ പ്രധാന അഭിനേതാക്കൾ.

# തിയേറ്റർ ക്ലാഷിനില്ല! സൂര്യയുടെ 'കറുപ്പ്' ഫെബ്രുവരിയിൽ

വിജയ്‌യുടെ ജനനായകൻ , ശിവകാർത്തികേയന്റെ പരാശക്തി എന്നീ രണ്ട് വമ്പൻ ചിത്രങ്ങൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ ബോക്സ് ഓഫീസിൽ ഏറ്റുമുട്ടാൻ ഒരുങ്ങുമ്പോൾ, ഉത്സവ സീസണിൽ തിയേറ്ററുകളിൽ കാണാൻ ആരാധകർ ആകാംക്ഷയോടെ കാത്തിരുന്ന മറ്റൊരു ചിത്രമാണ് ആർജെ ബാലാജി സംവിധാനം ചെയ്ത സൂര്യയുടെ 45-ാമത്തെ ചിത്രമായ കറുപ്പ്. എന്നാൽ തിയേറ്റർ ക്ലാഷ് ഒഴിവാക്കാൻ നിർമ്മാതാക്കൾ തീരുമാനിച്ചിരിക്കുകയാണ്. ആക്ഷൻ ഡ്രാമ ചിത്രം ജനുവരി അവസാനമോ ഫെബ്രുവരിയിലോ റിലീസ് ചെയ്യുമെന്ന് പ്രമുഖ ചലച്ചിത്ര വിതരണക്കാരനായ തിരുപ്പൂർ സുബ്രഹ്മണ്യം വെളിപ്പെടുത്തി. 'പൊങ്കലിന് ചിത്രം റിലീസ് ചെയ്യുന്നതിനെക്കുറിച്ച് ഞാൻ എസ്.ആർ. പ്രഭുവിനോട് സംസാരിച്ചു. എന്നിരുന്നാലും, ആ സമയത്ത് രണ്ട് വലിയ ചിത്രങ്ങൾ ഇതിനകം തന്നെ തിയേറ്ററുകളിൽ എത്തുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 'നമ്മളും ഈ മത്സരത്തിൽ പങ്കുചേർന്നാൽ അത് നല്ലതല്ല, കാരണം തിയറ്റർ വരുമാനവും സ്ക്രീനുകളും വിഭജിക്കപ്പെടും. അതിനാൽ, ഫെബ്രുവരിയിൽ റിലീസ് ചെയ്യാൻ ഞങ്ങൾ പദ്ധതിയിടുന്നു,'. അതിനാൽ, ജനുവരി അവസാനമോ ഫെബ്രുവരിയിലോ നിങ്ങൾക്ക് ചിത്രം പ്രതീക്ഷിക്കാം.' സിനിയുലാഗത്തിന് നൽകിയ ഒരു അഭിമുഖത്തിൽ തിരുപ്പൂർ സുബ്രഹ്മണ്യം പറഞ്ഞു.പുതുവത്സര ദിനത്തിൽ, സൂര്യ കറുപ്പിന്റെ പുതിയ പോസ്റ്റർ പങ്കുവെച്ചിരുന്നു. തൃഷ കൃഷ്ണൻ, ഇന്ദ്രൻസ്, സ്വാസിക, അനഘ മായ രവി, ശിവദ, നാട്ടി, സുപ്രീത് റെഡ്ഡി എന്നിവരാണ് കറുപ്പിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഒരു പക്കാ കൊമേർഷ്യൽ എന്റർടൈനറാണ്. ശരവണൻ എന്ന സ്വന്തം പേരിലാണ് സൂര്യ ഈ ചിത്രത്തിൽ എത്തുക.



# 'ട്വിലൈറ്റ്' റീമേക്ക് സംവിധാനം ചെയ്യാൻ ആഗ്രഹം: ക്രിസ്റ്റൻ സ്റ്റുവർട്ട്

തന്റെ ആദ്യ സംവിധാന സംരംഭമായ ദി ക്രോണോളജി ഓഫ് വാട്ടറിന് ലഭിച്ച പ്രശംസയ്ക്ക് ശേഷം , ക്രിസ്റ്റൻ സ്റ്റുവർട്ട് വാമ്പയർ ഫ്രാഞ്ചൈസിയായ ട്വിലൈറ്റിലേക്ക് തിരിച്ചുവരവിനുള്ള സാധ്യതയെക്കുറിച്ച് സൂചന നൽകി. സ്പ്രിംഗ്സ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ഒരു അഭിമുഖത്തിൽ ക്രിസ്റ്റൻ സ്റ്റുവർട്ട് ട്വിലൈറ്റിന്റെ റീമേക്ക് സംവിധാനം ചെയ്യാൻ തയ്യാറാണെന്ന് ആഗ്രഹം പ്രകടിപ്പിച്ചു.'നമുക്ക് ഒരു വലിയ ബജറ്റും സ്നേഹവും പിന്തുണയും ഉണ്ടായിരുന്നെങ്കിൽ എന്ന് സങ്കൽപ്പിക്കുക... തീർച്ചയായും. ഞാൻ റീമേക്ക് ചെയ്യും. എനിക്ക് അതിന് താല്പര്യമുണ്ട് . ഫ്രാഞ്ചൈസിയെ ഒരു റീമേക്കായി പുനർനിർമ്മിക്കാൻ പോലും താൻ തയ്യാറാണെന്ന് ക്രിസ്റ്റൻ സ്റ്റുവർട്ട് പറഞ്ഞു.ഇരുപത് വർഷമായിട്ടും ട്വിലൈറ്റ് ഫ്രാഞ്ചൈസി ഇപ്പോഴും പ്രേക്ഷകരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ട്വിലൈറ്റ് സിനിമകൾ ഏറ്റവും കൂടുതൽ വരുമാനം നേടിയ ഫ്രാഞ്ചൈസികളിൽ ഒന്നാണ്, ലോകമെമ്പാടും 3.3 ബില്യൺ ഡോളർ കളക്ഷൻ നേടി. സ്റ്റീഫൻ മേയർ എഴുതിയ ട്വിലൈറ്റ് നോവലിനെ ആസ്പദമാക്കിയാണ് ഈ ചലച്ചിത്രം നിർമ്മിച്ചിരിക്കുന്നത്. കൗമാരക്കാരിയായ ബെല്ല സ്വാനും എഡ്വേർഡ് കല്ലനും തമ്മിലുള്ള പ്രണയമാണ് ഇതിൻറെ ഇതിവൃത്തം.ട്വിലൈറ്റ് ഫ്രാഞ്ചൈസിയുടെ പാനിക് റൂമിലൂടെ പ്രശസ്തിയിലേക്ക് ഉയർന്ന ക്രിസ്റ്റൻ സ്റ്റുവർട്ട്, ക്ലൗഡ്സ് ഓഫ് സിൽസ് മരിയ , പേഴ്സണൽ ഷോപ്പർ , ഓസ്കാർ നോമിനേഷൻ നേടിയ സ്പെൻസർ തുടങ്ങിയ ചിത്രങ്ങളിലൂടെ ആഗോള താരപദവി നേടി . അടുത്തിടെ ദി ക്രോണോളജി ഓഫ് വാട്ടർ എന്ന ചിത്രത്തിലൂടെയാണ് അവർ സംവിധായികയായി അരങ്ങേറ്റം കുറിച്ചത് .ഇമോജൻ പൂട്ട്സ്, തോറ ബിർച്ച്, സുസന്ന ഫീൽഡ്, ടോം സ്റ്ററിഡ്ജ്, കിം ഗോർഡൻ, മൈക്കൽ എപ്പ്, ജിം ബെലുഷി എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിച്ച ഈ ചിത്രം ലിഡിയ യുക്നാവിച്ചിന്റെ ഓർമ്മക്കുറിപ്പുകളെ അടിസ്ഥാനമാക്കിയുള്ളതാണ്.

# 'ദി ഇൻക്രെഡിബിൾ' നിരസിച്ചത് കരിയറിലെ ഏറ്റവും വലിയ നഷ്ടം! ജാക്ക് ബ്ലാക്ക്



സംവിധായകൻ ബ്രാഡ് ബേർഡിന്റെ സൂപ്പർഹീറോ-ആനിമേറ്റഡ് ചിത്രമായ ദി ഇൻക്രെഡിബിൾസ് (2004) നിരസിച്ചത് തന്റെ അഭിനയ ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടമാണെന്ന് നടൻ ജാക്ക് ബ്ലാക്ക്. ക്യാപിറ്റൽ എഫ്എമ്മിന് നൽകിയ അഭിമുഖത്തിലാണ് ജാക്ക് ഇക്കാര്യം വെളിപ്പെടുത്തിയത്. ചിത്രത്തിലെ വില്ലൻ വേഷമായ സിൻഡ്രോമിന് ശബ്ദം നൽകാനുള്ള അവസരം ലഭിച്ചതായും അദ്ദേഹം ഓർമ്മിച്ചു, പക്ഷേ സംവിധായകന്റെ പേര് ഒരിക്കലും കേട്ടിട്ടില്ലാത്തതിനാൽ ഞാൻ അത് ഉപേക്ഷിക്കുകയായിരുന്നു ജാക്ക് പറഞ്ഞു. ദി ഇൻക്രെഡിബിൾസ് എന്റെ എക്കാലത്തെയും പ്രിയപ്പെട്ട സിനിമകളിൽ ഒന്നായിരുന്നെന്നും ജാക്ക് കൂട്ടിച്ചേർത്തു. അമേരിക്കൻ സയൻസ് ഫിക്ഷൻ പരമ്പരയായ മൈ നെയിം ഈസ് ഏൾ (2005-2009) എന്ന ചിത്രത്തിലെ നായകനായ ജേസൺ ലീ ആണ് പിന്നീട് ദി ഇൻക്രെഡിബിൾസിലെ സിൻഡ്രോം എന്ന കഥാപാത്രത്തിന് ശബ്ദം നൽകിയത്. ചിത്രം മികച്ച ആനിമേറ്റഡ് ഫീച്ചറിനുള്ള ഓസ്കാർ നേടി, സ്റ്റുഡിയോയുടെ ഏറ്റവും അവിസ്മരണീയമായ ഒറിജിനൽ കൃതികളിൽ ഒന്നായി മാറി. തുടർന്നുള്ള ചിത്രമായ ഇൻക്രെഡിബിൾസ് 2 2018 ൽ പുറത്തിറങ്ങി ആഗോളതലത്തിൽ ×1.2 ബില്യൺ വരുമാനം നേടി. സിനിമാ പരമ്പരയിലെ മൂന്നാം ഭാഗം നിലവിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്.

# മൂന്നാമൂഴത്തിനുള്ള മുഖസ്തുതി ഉയരുമ്പോൾ ജനാധിപത്യത്തിന്റെ കളങ്കാവലിനൊരുങ്ങി ജനം ...

കേരളാ വിൻഡോ



ആന്റണി ചടയംമുറി

യു.ഡി.എഫ് പിണറായിയോട് പറയുന്നു: കടക്ക് പുറത്ത്. ഒപ്പം ഞങ്ങൾ 100 സീറ്റ് പിടിക്കുമെന്ന വെല്ലുവിളിയുമുണ്ട്. സി.പി.എം. ആകട്ടെ ക്യാപ്ടനെ വിട്ടുള്ള ഒരു കളിക്കുമില്ല. പിണറായി 3.0 എന്നതാണ് ഇടതുമുന്നണിയുടെ മുദ്രാവാക്യമെന്ന് ബാലൻ വക്കീൽ പ്രഖ്യാപിച്ചു കഴിഞ്ഞു. എൻ.ഡി.എ.യുടെ തെരഞ്ഞെടുപ്പ് മുദ്രാവാക്യം ഞായറാഴ്ച തിരുവനന്തപുരത്തെത്തുന്ന കേന്ദ്രമന്ത്രി അമിത് ഷാ പ്രഖ്യാപിച്ചേക്കും.

"ഞങ്ങൾ നേമം പിടിക്കും. അതുകൊണ്ട് ഞാൻ തന്നെ സ്ഥാനാർത്ഥി" എന്ന രാജീവ് ചന്ദ്രശേഖറിന്റെ പ്രഖ്യാപനം വന്നു കഴിഞ്ഞിട്ടുണ്ട്. ബി.ജെ.പി. നേമത്തൊന്നും ജയിക്കാൻ പോകുന്നില്ലെന്ന് മന്ത്രി ശിവൻകുട്ടി പറയുന്നുണ്ടെങ്കിലും ആ പറച്ചിലിന് പഴയ ഉറപ്പില്ല. അതുകൊണ്ട്, അവിടെ താൻ മൽസരിക്കുന്നില്ലെന്ന് പറഞ്ഞിട്ടുമുണ്ട് വിദ്യാഭ്യാസ മന്ത്രി.



### പിണറായി തന്നെ അവസാന വാക്ക്

സി.പി.എമ്മിൽ എന്തു കാര്യവും പിണറായി നിശ്ചയിക്കുമെന്നതാണ് ഇപ്പോഴത്തെയും സ്ഥിതി. മൂന്ന് നിയമസഭാ ഉപതെരഞ്ഞെടുപ്പുകളിലും ലോക്സഭാ തെരഞ്ഞെടുപ്പിലും തദ്ദേശ തെരഞ്ഞെടുപ്പിലും പാർട്ടിക്ക് ക്ഷീണമേറ്റുവെങ്കിലും അതൊന്നും ഇരട്ടച്ചങ്കന് ബാധിച്ചിട്ടില്ല. കോൺഗ്രസിനെ കേരളത്തിൽ അധികാരത്തിൽ നിന്നകറ്റിനിർത്താൻ പിണറായി ഏത് തന്ത്രവും പയറ്റുമെന്ന് രാഷ്ട്രീയ നിരീക്ഷകർ പറയുന്നു. വർഗീയത തുപ്പുന്ന നാക്കുകൾ പോലും ഇതിനായി വിലയ്ക്കെടുത്തു കഴിഞ്ഞിട്ടുണ്ട്.

മുസ്ലീം വോട്ടുകളും ക്രിസ്തീയ വോട്ടുകളും ഇത്തവണ ലഭിക്കില്ലെന്ന് പിണറായിക്കറിയാം. അതുകൊണ്ടു തന്നെ എസ്.എൻ.ഡി.പി., എൻ.എസ്.എസ്. തുടങ്ങിയ ഹൈന്ദവ സംഘടനകളെ കൂടെ നിർത്താനുള്ള ശ്രമങ്ങൾ പിണറായി നേരത്തെ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഏതായാലും അടുത്ത മുഖ്യമന്ത്രിയെ സംബന്ധിച്ച് ഇപ്പോൾ അദ്ദേഹത്തിന്റെ മരുമകൻ മൗനിയാണ്. എന്തെങ്കിലും പറഞ്ഞാൽ, തന്റെ വാക്കുകൾ തന്നെ തിരിച്ചടിച്ചേക്കാമെന്ന് മന്ത്രി റിയാസിനെ ആരോ ഉപദേശിച്ചിട്ടുണ്ടാവാം.

പാർട്ടി സെക്രട്ടറിമാരായി കേരളത്തിലും ദേശീയതലത്തിലുമുള്ള രണ്ട് നേതാക്കളും പിണറായിക്കെതിരെ ശബ്ദമുയർത്തുന്നതേയില്ല. മാത്രമല്ല, കോൺഗ്രസ് നയിക്കുന്ന ഇന്ത്യാസഖ്യത്തിൽ നിന്ന് തന്നെ പിൻവാങ്ങിയാൽ ബി.ജെ.പി.യുടെ സിമ്പതി കിട്ടുമെന്ന ചിന്തയും സി.പി.എം.ലെ ചില നേതാക്കൾക്കുണ്ട്.

നിലവിലെ മന്ത്രിമാരിൽ ആരെല്ലാം മൽസരിക്കണമെന്ന ചർച്ച സി.പി.എം.ൽ നടക്കുന്നില്ല. പകരം പിണറായിയുടെ സ്ഥാനാർത്ഥിപ്പട്ടിക കണ്ണുമടച്ച് അംഗീകരിച്ചാൽ പോരേ എന്ന് ചില നേതാക്കളെങ്കിലും 'രഹസ്യമായി' പറഞ്ഞുതുടങ്ങിയിട്ടുണ്ട്. മന്ത്രിമാരായ വീണാ ജോർജ്ജും സജി ചെറിയാനും എം.ബി. രാജേഷും, മുഹമ്മദ് റിയാസും വീണ്ടും മൽസരിക്കണമെന്ന അഭിപ്രായം പിണറായിയുടേതായി പൊന്തി വന്നിട്ടുണ്ട്. പാർട്ടിയിലെ നിഷ്പക്ഷമതികൾ മന്ത്രിമാർ മൽസരിക്കുന്നതിനോട് പൊതുവേ അനിഷ്ടം പ്രകടിപ്പിച്ചിട്ടുണ്ട്. പി.പി. ദിവ്യ ഒഴിച്ചുള്ള വനിതാ നേതാക്കളെല്ലാം സി.പി.എം.ന്റെ സ്ഥാനാർത്ഥി പട്ടികയിൽ കടന്നുവരാം. പി.ശശിയെ തലശ്ശേരിയിൽ മൽസരിപ്പിക്കാൻ പാർട്ടി ഒരുങ്ങുന്നുണ്ടത്രെ.

ഈ വാർത്തകൾ നമുക്ക് ചില സൂചനകൾ നൽകുന്നുണ്ട്. ഈ 'കാരണവർ' അല്ലെങ്കിൽ 'കാരണഭൂതൻ' പാർട്ടിയേയും കൊണ്ടേ പോകൂ. ഇലക്ഷൻ അടുത്തിട്ടും നാട്ടിലെ കാര്യങ്ങൾ പറയാനോ പ്രതിഷേധിക്കാനോ തയ്യാറാകാതെ വെനിസ്വേലയിലെ കാര്യം പറഞ്ഞ് അമേരിക്കൻ പ്രസിഡന്റായ ട്രംപിനെ പേടിപ്പിക്കാൻ ഇവിടെ ഓലപ്പടക്കം പൊട്ടിച്ച് തെരുവിലിറങ്ങുന്ന സി.പി.എംനെ ഇപ്പോഴും നെഞ്ചിലേറ്റുന്ന പാവം സഖാക്കളെ നമുക്ക് ചേർത്തു പിടിക്കാം. ഇവിടെയും ഒരു സംസ്ഥാനം ഭരിച്ചു മുടിപ്പിച്ച ഒരു മൊതലുണ്ട്, അതിനേം കൂടി പട്ടാളത്തെ ഇറക്കി റാഞ്ചിക്കൊണ്ടു പോകാൻ അതേ സഖാക്കൾ തീർച്ചയായും 'ട്രംപ് പുണ്യവാള'നോട് മെഴുകുതിരി കത്തിച്ചും അല്ലാതെയും പ്രാർത്ഥിക്കുന്നുണ്ടാകാം.

### നേര് നേരത്തെ അറിയേണ്ട, പതിയെ മതി

പാർട്ടിപത്രത്തിന്റെ ടാഗ് ലൈൻ തന്നെ നേര് നേരത്തെ അറിയാൻ എന്നാണ്. എന്നിട്ടും പ്രതിപക്ഷ നേതാവിന്റെ 'പുനർജനി അഴിമതി' സി.ബി.ഐ.യെ കൊണ്ട് അന്വേഷിക്കാൻ ഈ തെരഞ്ഞെടുപ്പു കാലത്ത് പിണറായിക്ക് തോന്നിപ്പിച്ച ബുദ്ധികേന്ദ്രം ഏതായാലും ഒരു സല്യൂട്ട് അർഹിക്കുന്നുണ്ട്.

ശബരിമലയിലെ സ്വർണ്ണ മോഷണം സംബന്ധിച്ച് കേരളാ ഹൈക്കോടതിയും സുപ്രീംകോടതിയുമെല്ലാം പരോക്ഷമായി സർക്കാരിനെ ദിവസേന എടുത്തിട്ടലക്കുന്നുണ്ട്. പാർട്ടി സഖാക്കൾ തേടിച്ചെല്ലുമ്പോൾ, അവരോട്, ആ ഹർജിയുമായി എത്തുന്ന നിയമം അനുശാസിക്കുന്ന പരിധിയിൽ നിന്നുകൊണ്ട് 'പുളിച്ച ഡാഷ് വർത്തമാനം' പറഞ്ഞിട്ടും, ആസനത്തിൽ ഒരു ആലല്ല, ആയിരം ആലുകൾ ഒരുമിച്ച് മുളച്ച് ഇലവീശി നിൽക്കുന്നതിന്റെ തണലത്തിരുന്ന് ന്യായീകരണത്തിനൊരുങ്ങുന്നവരെ ജനത്തിന് എന്തു ചെയ്യാൻ കഴിയും?

സി.പി.എം.ന്റെ അഴിമതി പുരളാത്ത ഒരു പാവം പിന്നാക്കക്കാരൻ നേതാവായ വിജയകുമാർ എസ്.ഐ.ടി.യോട് പറഞ്ഞത് കേട്ടില്ലേ സഖാവ് പറഞ്ഞു ഞാൻ ഒപ്പിട്ടു എന്ന ഡയലോഗിലുണ്ട് ശബരിമല സ്വർണ്ണമോഷണത്തിൽ ഉൾപ്പെട്ട പ്രതികളിലേക്കുള്ള ഉയരപ്പാതയെന്ന് ആർക്കാണറിയാത്തത്? ഇതുവരെയും 'പ്രഥമദൃഷ്ട്യാ' കുറ്റക്കാരായതുകൊണ്ട് എൻ.വാസുവിനും പത്മകുമാറിനും പല തവണ ജാമ്യം നൽകില്ലെന്ന് കോടതി പരോക്ഷമായി പറഞ്ഞു കഴിഞ്ഞു. എന്നിട്ടും, പാർട്ടി ഇപ്പോഴും അവരെ 'പ്രൊട്ടക്ട്' ചെയ്യുകയാണെന്ന തോന്നൽ പൊതുസമൂഹത്തിൽ പടർന്നുകഴിഞ്ഞിട്ടുണ്ട്. ഈ യാഥാർത്ഥ്യം സി.പി.എം.നെ സ്നേഹിക്കുന്നവരെങ്കിലും തിരിച്ചറിയണം. പാർട്ടിയിലുള്ള എല്ലാവരും 'കായകുളം കൊച്ചുണ്ണി' യുടെ കുടുംബക്കാരല്ല. പാർട്ടിയിലേക്ക് വന്ന 'പുത്തൻ വേഷങ്ങൾ' ചെങ്കൊടിയിൽ പുരട്ടിയ മാലിന്യമത്രയും കഴുകിക്കളയാൻ ഇനിയും സമയമുണ്ട്. അധ്വാനിക്കുന്നവന്റെയും ദുരിതമനുഭവിക്കുന്നവന്റെയും ഒപ്പമുണ്ടാകുമെന്ന് കരുതിയ പാർട്ടിയുടെ പതനം പൂർണ്ണമാകാതിരിക്കാനും, വിപ്ലവത്തിന്റെയും അവകാശ പോരാട്ടങ്ങളുടെയും ത്രസിപ്പിക്കുന്ന ഇടതുപാർട്ടികളുടെയും കൂമ്പടഞ്ഞു പോകാതിരിക്കാനുള്ള പുതിയ പടയണികൾ ജനപക്ഷത്തുള്ളവരിൽ നിന്ന് ഉയർന്നുവരേണ്ടതുണ്ട്.

ജനാധിപത്യം അത്രയേറെ അപകടാവസ്ഥയിലായിക്കഴിഞ്ഞു. കുത്തകകളുടെ കുത്തിക്കവർച്ചകളുടെ തീവെട്ടികളുമേന്തിയുള്ള പുതിയ യാത്രകൾക്കു മുന്നിൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം പകച്ചുനിൽക്കരുത്. ഇതിനേക്കാൾ ഭീകരമായ ഭരണകൂട അടിച്ചമർത്തലുകളെ നേരിട്ട ഭാരതീയരുടെ കൂടിവരവിനു മുമ്പിൽ, ജനപക്ഷത്തുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ചേ പറ്റൂ.

### കാവൽ പുണ്യവാനും മകരവിളക്കും

ശബരിമല മകരവിളക്കും, ഭാരതത്തിന്റെ കാവൽ പുണ്യവാനായി കത്തോലിക്കാ സഭ പ്രഖ്യാപിച്ചിട്ടുള്ള വിശുദ്ധ ദേവസഹായം പിള്ളയുടെ തിരുനാളും ജനുവരി 14 നാണ്. കേരളത്തിലെയും ഇന്ത്യയിലെയും സാമൂഹിക സാഹചര്യത്തിൽ കത്തോലിക്കാ സഭ ഏറെ വെല്ലുവിളികൾ നേരിടുന്നുണ്ട്. പുറമെ ചിരിച്ചു കാണിച്ചുകൊണ്ട് സഭയുടെ മാനവീയ ശുശ്രൂഷകളെ തകർക്കാനും തളർത്താനും ചില രാഷ്ട്രീയ കൂട്ടുകെട്ടുകൾ രൂപപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ശബരിമല തീർത്ഥാടനമെന്നത് ഹൈന്ദവർക്ക് പരിപാവനമാണ്. എന്നാൽ, അവിടെ അരങ്ങേറിയ പല സംഭവങ്ങളും തികച്ചും യാദൃശ്ചികമെന്ന് പറയാനാവില്ല. കേരളത്തിലെ സമുദായമതസൗഹാർദ്ദാന്തരീക്ഷം തകർക്കപ്പെടാനുള്ള ശ്രമങ്ങൾ എക്കാലത്തും മലയാളികൾ പരാജയപ്പെടുത്തിയ ചരിത്രമാണുള്ളത്.

രാഷ്ട്രീയ ചക്രവാതച്ചുഴികൾ വരും, പോകും. പക്ഷെ ജാതിയും മതവുമൊന്നും കണക്കിലെടുക്കാതെയും പരിഗണിക്കാതെയും ഓരോ മനുഷ്യന്റെയും സ്വാതന്ത്ര്യങ്ങൾക്ക് വേലികെട്ടാനുള്ള ശ്രമങ്ങൾ ചെറുക്കപ്പെടണം. ശബരിമല കേസ് തന്നെ നോക്കൂ: പഞ്ചായത്ത് തെരഞ്ഞെടുപ്പിനു മുമ്പ് ചോദ്യം ചെയ്യാൻ വിളിപ്പിക്കപ്പെടേണ്ടവരെ മാറ്റി നിർത്തിയതിലും പിന്നീട് അവരെ 'ഒളിവിൽ' ചോദ്യം ചെയ്തതിലും നിഴലിക്കുന്നത് ശരിയായ ഭരണനടപടികളാണോ? ഇപ്പോൾ, ഹൈക്കോടതി ആറാഴ്ച സമയം കൂടി ശബരിമല കേസ് അന്വേഷണത്തിന് നൽകിക്കഴിഞ്ഞു. എസ്.ഐ.ടി.യിൽ പോലീസിലെ രണ്ട് ഭരണപക്ഷ യൂണിയനുകളിൽപെട്ടവരെ ഉൾപ്പെടുത്താനുള്ള ശ്രമം മാധ്യമങ്ങൾ പൊളിച്ചിട്ടുണ്ട്. ഇപ്പോൾ മാധ്യമവിചാരണ മൂലം കേസ് 'വേണ്ടവിധം' അന്വേഷിക്കാനാവുന്നില്ലെന്ന എസ്.ഐ.ടി.യുടെ കോടതിക്കു മുമ്പിലുള്ള പരാതി 'വേണ്ട സമയത്ത് മാധ്യമങ്ങളെ ശാസിക്കാം' എന്ന സൂചന നൽകി സമാധാനിപ്പിച്ചിരിക്കുകയാണ്.

ഏതെങ്കിലും പാവം കള്ളൻ സ്വർണ്ണം മോഷ്ടിച്ചാൽ, 'മോഷണം' ശബരിമലയിൽ നിന്ന് ഉത്തരവാദപ്പെട്ടവർ പൊന്നടിച്ചു മാറ്റിയാൽ 'അഴിമതി' യെന്നു പറയുന്നത് ശരിയല്ലെന്ന് ഹൈക്കോടതി മുന്നറിയിപ്പ് നൽകിയിട്ടും, ഈ കേസ് എങ്ങനെ കൊല്ലത്തെ വിജിലൻസ്കോടതിയിലേക്ക് റഫർ ചെയ്തതെന്തേ?

ഇന്ത്യയിലെ വിജിലൻസ് കോടതികളിലെ കേസ് നടത്തിപ്പിന്റെ ചരിത്രം കൂടി ഇവിടെ ഓർമ്മിക്കണം. 2025 സെപ്തംബർ ഒന്നിനു മാധ്യമങ്ങളിൽ വന്ന 2024 കണക്കനുസരിച്ച് ഇന്ത്യയിലെ വിവിധ കോടതികളിലായി 70-72 അഴിമതി ക്കേസുകൾ വിചാരണയിലുണ്ട്. 20 വർഷം പഴക്കമുള്ള 379 കേസുകളും 10 വർഷം പഴക്കമുള്ള 2600 കേസുകളും ഇതിൽ പെടും. ഈ കേസുകളുടെ വിചാരണ വൈകിപ്പിക്കാനായി സി.ബി.ഐ.യും ബന്ധപ്പെട്ട കക്ഷികളും നൽകിയ അപ്പീലുകളുടെ എണ്ണം 13100 ആണ് ! 20 വർഷം പഴക്കമുള്ള 606 അപ്പിലുകളിൽ ഇനിയും തീർപ്പുണ്ടായിട്ടില്ല. 642 കേസുകളിൽ 392 കേസുകളിൽ വിധിയുണ്ടായി. 156 കേസുകളിൽ പ്രതികളെ വിട്ടയച്ചു. 77 എണ്ണം വിവിധ കാരണങ്ങളാൽ ഒഴിവാക്കി. 859 സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെട്ട 502 അഴിമതിക്കേസുകൾ സി.ബി.ഐ. രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, അതൊന്നും അന്വേഷിക്കാൻ ആവശ്യമായ ഉദ്യോഗസ്ഥരെ ഇതുവരെയും കേന്ദ്രം നിയമിച്ചിട്ടുമില്ല! 2017ൽ കേരളാ ഹൈക്കോടതി വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ സർക്കാർ തലയിടരുതെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. അതെല്ലാം അവഗണിച്ച് വിജിലൻസിന്റെ പല്ലും നഖവുമെല്ലാം തല്ലിക്കൊഴിച്ച ഭരണകൂടമാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. അതുകൊണ്ട് അഴിമതിയ്ക്കെതിരെയുള്ള 'മലകയറ്റം' കഠിനമെന്റയ്യപ്പാ, എന്നല്ലാതെ എന്തു പറയും നാം?



# രാഹുൽ ഗാന്ധിയുടെ തണലിൽനിന്ന് മാറുന്നോ പ്രിയങ്ക ഗാന്ധി..?

## ഡൽഹി ഡെർബാർ

അതേ, രാഹുൽ ഗാന്ധിയുടെ തണലിൽനിന്ന് മാറുകയാണോ പ്രിയങ്ക ഗാന്ധി..? കോൺഗ്രസിൽ രാഹുൽപക്ഷവുംപ്രിയങ്കപക്ഷവുംഉണ്ടോ?.. ഇങ്ങനെ സംശയം പ്രകടിപ്പിക്കുന്നതും ബി.ജെ.പിക്കാർ തന്നെ. ഏറെ നാൾ പറഞ്ഞ് പറഞ്ഞ് ഇവരെ രണ്ടാക്കാമെന്നായിരിക്കാം ബി.ജെ.പി പ്രതീക്ഷിക്കുന്നത്..!

മറ്റൊരു തന്ത്രം മെനയാനുള്ള തത്രപ്പാടിലാണ് ബി.ജെ.പിയിപ്പോൾ. കോൺഗ്രസിന്റെ തലപ്പത്തുനിന്ന് രാഹുൽ ഗാന്ധി ഒന്നു മാറികിട്ടണം. ഇക്കാലത്തെ ബി.ജെ.പിയെ നേരിടാൻ പഴയ കോൺഗ്രസ് പോരെന്ന് തിരിച്ചറിഞ്ഞ് മാറ്റമുണ്ടാക്കാനാണ് രാഹുൽ ഗാന്ധി ഇപ്പോൾ കൊണ്ടുപിടിച്ച് ശ്രമിക്കുന്നത്.

തിരഞ്ഞെടുപ്പുജയംമാത്രംലക്ഷ്യമിടാതെ കോൺഗ്രസിൽ മികച്ചൊരു സംഘടനാസംവിധാനമുണ്ടാക്കാനാണ്നീക്കം. പക്ഷേ, പഴയപടി മതിയെന്ന ചിന്തയുള്ളവരും കോൺഗ്രസ്സിൽ ഇല്ലെന്നു പറയാൻ കഴിയില്ല. അവരുടെ മനസ്സിൽ രാഹുൽ ഗാന്ധിക്കു പകരം പ്രിയങ്ക ഗാന്ധിയാണ്. എന്തുകൊണ്ടാണ് അവർ അത്തരമൊരു വാദം ഉയർത്തുന്നത്?

പ്രിയങ്ക ഗാന്ധി വേണം എന്നു വാദിക്കുന്നകോൺഗ്രസുകാർമറ്റാരുടേയോ പ്രേരണ കൊണ്ടാകാം അങ്ങനെ പറയുന്നത്. പാർലമെന്റിലെ പ്രസംഗങ്ങൾ, സൗമ്യമായ പെരുമാറ്റം തുടങ്ങിയവയാണ് പ്രിയങ്കയിൽ ചിലർ കാണുന്ന നല്ല ഗുണങ്ങൾ. ബി.ജെ.പിക്കും ഇതേ അഭിപ്രായമാണെന്നതാണ് ഇതിലെ രസകരമായ സംഗതി.

രാഹുൽ ഗാന്ധിയുടെ തണലിൽനിന്ന് മാറുന്നോ പ്രിയങ്ക ഗാന്ധി..? കോൺഗ്രസിൽ രാഹുൽ പക്ഷവും പ്രിയങ്ക പക്ഷവും ഉണ്ടോ?... ഇങ്ങനെ സംശയം പ്രകടിപ്പിക്കുന്നതും ബി.ജെ.പിക്കാർ തന്നെ. ഏറെ നാൾ പറഞ്ഞ് പറഞ്ഞ് ഇവരെ രണ്ടാക്കാമെന്നാണ് ബിജെപിയുടെ പ്രതീക്ഷ..!

മഹാരാഷ്ട്ര, ഹരിയാന, ഡൽഹി എന്നിവിടങ്ങളിലെ കോൺഗ്രസ് പരാജയങ്ങൾക്ക് ശേഷം, രാഹുൽ ഗാന്ധിയെക്കുറിച്ച് കോൺഗ്രസ് പാർട്ടിക്കുള്ളിൽ ആശങ്കകൾ ഉയരുന്നുണ്ട് എന്നൊരു വാർത്തയും ബി.ജെ.പി പ്രചരിപ്പിക്കുന്നുണ്ട്.

ഇതിന്റെ വെളിച്ചത്തിലാണോ എന്നറിയില്ല, പ്രിയങ്ക ഗാന്ധി നിർണായക പങ്ക് വഹിക്കണമെന്ന് പാർട്ടി നേതാക്കളിൽ ചിലർ പരസ്യമായി പറഞ്ഞു തുടങ്ങിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കോൺഗ്രസ് എന്താണ് ചിന്തിക്കുന്നത് എന്നതാണ് ചോദ്യം.

പണ്ടുമുതലേയുള്ള ചോദ്യമാണിത്. അതേ, രാഹുലോ പ്രിയങ്കയോ എന്ന ചോദ്യത്തിന് സോണിയ ഗാന്ധിയുടെ ഉത്തരം വ്യക്തമായിരുന്നു. രണ്ടു പേരും. പക്ഷെ, ആദ്യ ഊഴം രാഹുലിനു തന്നെയായിരിക്കുമെന്നും സോണിയയ്ക്കുറപ്പായിരുന്നു. അക്കാലത്ത് രാഹുൽ പോരെന്നും കോൺഗ്രസ്സിനെ രക്ഷിക്കാൻ പ്രിയങ്കയെ വിളിക്കണമെന്നും മുറവിളി ഉയർന്നപ്പോൾ സോണിയ അത് ഗൗനിച്ചതേയില്ല.

കോൺഗ്രസിൽ രാഹുലിന് ഒരു വെല്ലുവിളി സോണിയ ഗാന്ധി ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. രാഹുലിനൊപ്പം നിൽക്കുന്ന പ്രിയങ്ക തന്നെയായിരുന്നു സോണിയയുടെ പദ്ധതിയിലെന്നത് പത്താം നമ്പർ ജൻപഥിനോടടുത്ത് നിൽക്കുന്നവർക്ക് അജ്ഞാതവുമായിരുന്നില്ല. പ്രിയങ്കയുടെ രാഷ്ട്രീയ പ്രവേശം എന്ന മട്ടിൽ ഈ പ്രഖ്യാപനത്തെ കാണുന്നത് അബദ്ധമായിരിക്കും. കാരണം എത്രയോ കാലമായി പ്രിയങ്ക ഇന്ത്യൻ രാഷ്ട്രീയത്തിലുണ്ട്.

യു.പിയിലെ തിരഞ്ഞെടുപ്പ് ഗോദയിൽ കോൺഗ്രസ്സുകാർക്ക് പ്രിയങ്ക ആവേശ സാന്നിദ്ധ്യമാവാൻ തുടങ്ങിയിട്ട് നാളേറെയായി. നിർണ്ണായക തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കോൺഗ്രസ് കോർ കമ്മിറ്റിയിലും പ്രിയങ്ക അനിവാര്യഘടകമായിരുന്നു. ഇതിപ്പോൾ സോണിയ അണിയറയിലേക്ക് പിൻവാങ്ങുമ്പോൾ പ്രിയങ്കയുടെ നീക്കങ്ങൾക്ക് ഔദ്യോഗിക മുദ്ര ചാർത്തിക്കിട്ടുന്നുവെന്ന പുതുമ മാത്രമേയുള്ളൂ.



കോൺഗ്രസിലെ ചിലർ പ്രിയങ്കയെ കോൺഗ്രസ് നയിക്കാൻ ആഗ്രഹിക്കുന്നതിന്റെ ഒരേയൊരു കാരണം ഇന്ദിരാ ഗാന്ധിയുടെ രൂപഭംഗി മാത്രമാണ്.

ഡി.രാജ സി.പി.ഐയുടെ തലപ്പത്തു വീണ്ടും വന്ന സമയത്ത് രാഹുൽ ഗാന്ധി രാഷ്ട്രീയ പക്വത കാണിക്കുന്നു, ബി.ജെ.പിയെയും പ്രധാനമന്ത്രിയെയും നേരിട്ട് വെല്ലുവിളിക്കുന്നു:

പ്രതിപക്ഷ നേതാവ് എന്ന നിലയിൽ രാഹുൽ ഗാന്ധിയെ താങ്കൾ എങ്ങനെ വിലയിരുത്തുന്നുവെന്ന ചോദ്യത്തിന് രാജയുടെ മറുപടി ഇതായിരുന്നു. ''രാഹുൽ ഗാന്ധി നല്ലൊരു രാഷ്ട്രീയക്കാരനായി വളർന്നുവരികയാണ്. അടുത്തിടെ അദ്ദേഹം ഒരു സർവകക്ഷി യോഗം വിളിച്ചുചേർത്തു, അവിടെ ഞങ്ങൾ വോട്ടർ പട്ടികയിലെ ക്രമക്കേടിനെക്കുറിച്ച് ചർച്ച ചെയ്തു. മഹാരാഷ്ട്രയിൽ നിന്നും മറ്റ് നിരവധി സംസ്ഥാനങ്ങളിൽ നിന്നുമുള്ള നിരവധി സംഭവങ്ങൾ രാഹുൽ ഉദാഹരണമായി ചൂണ്ടിക്കാട്ടി. രാഹുൽ ഇപ്പോൾ രാഷ്ട്രീയ പക്വത പ്രകടിപ്പിക്കുന്നു, സെൻസിറ്റീവ് വിഷയങ്ങൾ ഏറ്റെടുക്കുകയും ബി.ജെ.പിയെയും പ്രധാനമന്ത്രിയെയും നേരിട്ട് വെല്ലുവിളിക്കുകയും ചെയ്യുന്നു.''

ബി.ജെ.പി നേതൃത്വത്തിലുള്ള സർക്കാർ രാജ്യത്തിന് വിനാശകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്: ഭരണഘടന സംരക്ഷിക്കണമെങ്കിൽ, ജനാധിപത്യം സംരക്ഷിക്കപ്പെടണം, സാമൂഹിക നീതിയുടെയും ഫെഡറലിസത്തിന്റെയും ആശയങ്ങൾ സംരക്ഷിക്കപ്പെടണം അപ്പോൾ ബി.ജെ.പിയെ അധികാരത്തിൽ നിന്ന് പുറത്താക്കണം. അല്ലെങ്കിൽ, എല്ലാവരും ഭയപ്പെടുന്നതുപോലെ, ഇന്ത്യ ഒരു ഫാസിസ്റ്റ ഭരണകൂടത്തിലേക്ക് വഴുതിവീഴാം. അത് സംഭവിക്കരുതെന്നും കൂടി അന്നദ്ദേഹം പറഞ്ഞിരുന്നു.

സോഷ്യൽ മീഡിയയിൽ പ്രചാരം നേടുന്ന, രാഹുൽ ഗാന്ധിയുടെ 'കടലിൽ പോക്കും' വില്ലേജ് ഫുഡ് ചാനലിൽ അഭിനയിക്കലും കോളേജിലെ പുഷ് അപ്പുമെല്ലാം കാണുമ്പോൾ പലരും ചോദിക്കുന്നതു കേട്ടിട്ടുണ്ട് എന്താണ് ഇയാൾ ചെയ്യുന്നത്. ഇതൊക്കെയാണോ രാഷ്ട്രീയം എന്ന്. എന്നാൽ മറുവശത്ത് നടക്കുന്ന ഗൗരവവും സത്യസന്ധമായ തുറന്നു പറച്ചിലുകൾ നിറഞ്ഞതുമായ അക്കാദമിക്സ് കാണുന്നുമില്ല എന്നതല്ലേ സത്യം!

കുറച്ചു നാൾ മുമ്പ് ഉണ്ടായ രണ്ടു പ്രധാന സംവാദങ്ങൾ രാഹുൽ മുന്നോട്ടുവെക്കുന്ന, രൂപപ്പെടുത്തിയെടുക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയത്തെ കുറിച്ച് കൂടുതൽ ഉൾക്കാഴ്ചകൾ നൽകുന്നതാണ്. ആഗോള രാഷ്ട്രീയത്തിൽ രാഹുൽ ഗാന്ധിയുടെ നിലപാടുകൾ എന്താണ് എന്ന് വിദ്യാർത്ഥികളും അധ്യാപകരും ചോദിച്ചുമനസിലാക്കുന്നു.

ഇന്ത്യയിൽ തുടരുന്ന അക്രമാസക്ത രാഷ്ട്രീയത്തിന്റെ തുടർച്ചയേ അല്ല. നേരത്തെ, ഷിക്കാഗോ യൂണിവേഴ്സിറ്റിയിലെ അധ്യാപകനും അധിനിവേശാനന്തര ചിന്തയിലെ പ്രഗത്ഭനുമായ ദീപേഷ് ചക്രബർത്തിയുമായുള്ള അഭിമുഖത്തിൽ ഇന്ത്യയിൽ ഉരുത്തിരിഞ്ഞുവരുന്ന രാഷ്ട്രീയത്തിന്റെ സ്വഭാവത്തെ കുറിച്ചുള്ള ചില കാര്യങ്ങൾ രാഹുൽ പങ്കുവെച്ചിരുന്നു. അദ്ദേഹം വിദ്യാർത്ഥികളോട് പറഞ്ഞത് ഇങ്ങനെയാണ്.

'ഞാൻ ശുഭാപ്തി വിശ്വാസിയാണ്. ഇന്ത്യയിൽ ഒരു പുതിയ രാഷ്ട്രീയം ഉയർന്നുവരും. നേരത്തെ രണ്ട് യു.പി.എ കാലഘട്ടത്തിൽ കോൺഗ്രസ് മുന്നോട്ടുവെച്ച രാഷ്ട്രീയം ഉണ്ടായിരുന്നു. അതിന്റെ പ്രസക്തി അവസാനിച്ചു. ഇനി പുതിയകാലത്തിനനുസരിച്ചുള്ള രാഷ്ട്രീയം ഉണ്ടായിവരണം. അത് വളർന്നുവരാൻ ചിലപ്പോൾ ആറോ ഏഴോ വർഷമെടുത്തേക്കും. എങ്കിലും അത് വരും.'

പലരും ചോദിക്കുന്നതു കേട്ടിട്ടുണ്ട് എന്താണ് ഇയാൾ ചെയ്യുന്നത്. ഇതൊക്കെയാണോ രാഷ്ട്രീയം എന്ന്..?

അടുത്തിടെ കോർണൽ യൂണിവേഴ്സിറ്റിയിൽ, അവിടത്തെ അധ്യാപകനും ഇന്ത്യയുടെ മുൻ സാമ്പത്തിക ഉപദേഷ്ടാവുമായിരുന്ന കൗശിക് ബസുവുമായുള്ള സംവാദം രാഷ്ട്രീയമായി ഏറെ പ്രാധാന്യമുള്ളതായിരുന്നു. അത് അവസാനിപ്പിച്ചത് ഇങ്ങനെയായിരുന്നു. അധികാരത്തിലെത്തുക എന്നതല്ല, ഇന്ത്യയിലെ പ്രതിപക്ഷത്തുനിൽക്കുന്ന രാഷ്ട്രീയപാർട്ടികളുടെ ലക്ഷ്യം. ഇന്ത്യയെ തന്നെ തിരിച്ചുപിടിക്കുക എന്നതാണ്.

അധികാരം നേടുക എന്നതിൽ നിന്നൊക്കെ ഇന്ത്യൻ സാഹചര്യം മാറിപ്പോയി. മത്സരത്തിന്റെ നിയമങ്ങളും കളിക്കളവും എല്ലാം മാറി. അവയൊന്നും ഇനി പ്രസക്തമല്ല. ഇന്ത്യയുടെ സത്ത തന്നെ നിലനിർത്താനുള്ള പോരാട്ടം ആണ് ഇനി വേണ്ടത്.

രണ്ടുകാര്യങ്ങൾ കൊണ്ടാണ് കോർണൽ യൂണിവേഴ്സിറ്റി സംവാദം മാധ്യമങ്ങളിൽ ഇടംപിടിച്ചത്. ഒന്ന് അടിയന്തരാവസ്ഥയെക്കുറിച്ച് ഇപ്പോഴത്തെ കോൺഗ്രസ് നേതാവ് എന്ന നിലയിലുള്ള പ്രതികരണം. രണ്ട് പിതാവ് രാജീവ് ഗാന്ധിയുടെ മരണവുമായി ബന്ധപ്പെട്ട വിലയിരുത്തലുകൾ.

അടിയന്തരാവസ്ഥയെ കുറിച്ചുള്ള കൗശിക് ബസുവിന്റെ വിമർശനാത്മകമായ ചോദ്യത്തിന് ആലോചനയ്ക്ക് സമയമെടുക്കാതെ തന്നെ രാഹുൽ ഉത്തരം പറഞ്ഞു അത് തെറ്റായിരുന്നു. പൂർണമായും തെറ്റായകാര്യമായിരുന്നു. മുത്തശ്ശി (ഇന്ദിരാഗാന്ധി) തന്നെ ഇത് (എന്നോട്) പറഞ്ഞിരുന്നു.

ഇതിനോട് കൗശിക് ബസു കൂട്ടിച്ചേർക്കുന്നു. പ്രണാബ് മുഖർജി മരിക്കുന്നതിന് മുമ്പ് ഇതേക്കുറിച്ച് ഞാനും അദ്ദേഹത്തോട് ഇതെക്കുറിച്ച് ചോദിച്ചിരുന്നു. ഇന്ദിരാഗാന്ധിക്കുതന്നെ തന്റെ തീരുമാനത്തെ കുറിച്ച് സംശയം തോന്നിയിരുന്നു. തോൽക്കുമെന്ന് അവർക്കുതന്നെ ഭയമുണ്ടായിരുന്നു. അത് തിരഞ്ഞെടുപ്പിലൂടെ അറിയണമെന്ന് അവർക്കുണ്ടായിരുന്നു. അതുകൊണ്ടാണ് അവർ തിരഞ്ഞെടുപ്പിലേക്ക് പോയത്. വ്യക്തിപരമായി ഒരു കാര്യം കൂടി ചോദിക്കട്ടെ. വേദനിക്കിക്കുന്ന കാര്യമാണെന്നറിയാം. നിങ്ങളുടെ അച്ഛന്റെ മരണത്തെ കുറിച്ച്? അന്ന് നിങ്ങൾക്ക് ഇരുപതോ ഇരുപത്തൊന്നോ വയസായിരിക്കും.

